# KANNUR UNIVERSITY

**MINUTES OF THE ORDINARY MEETING OF THE SENATE**

**DATE: 25th JANUARY 2025 (SATURDAY)**

**TIME : 10.00 A.M**

**VENUE: CHERUSSERY AUDITORIUM**

MEMBERS PRESENT:

1. Prof K.K.Saju (Vice-Chancellor)
2. Smt. Sukanya N
3. Dr.Chandramohanan K.T
4. Sri.Pramod Kumar K.V
5. Dr.Sukumaran M
6. Sri.Sajith Kumar P
7. Sri.Anish Kumar K.P
8. Prof.Thomas Monoth
9. Dr.Sajitha P.K
10. Dr. A Asokan
11. Sri.Vaishnav Mahendran
12. Prof.Anil Ramachandran
13. Dr. Joseph Thomas
14. Prof.J Prasad.
15. Sri.Sreelatha K
16. Sri.Rajan K.P
17. Sri.U.P.Santhosh
18. Adv.Karunakaran Nambiar K
19. Prof.Rathnakara M
20. Sri.P.S.Sanjeev
21. Arya K
22. Alna Vinod
23. Akhila Peeter
24. Sri.Nandagopal K.V
25. Dr.Sudha Azheekodan
26. Dr.Seetha Kakkoth

27. Prof ReejaV
28. Dr. Bindu K
29. Dr.Asif Iqbal Kakkassery
30. Sri.Ragash C
31. Dr.Sibi Philip
32. Dr.Jithesh K
33. Dr.Dinesh T
34. Dr. NIsha V.K
35. Smt.Bushra N
36. Sri.Akhil K Sreedhar
37. Dr.Premachandran Keezhoth
38. Dr. Prajitha P
39. Dr.M J Mathew
40. Dr.Shino P Jose
41. Sri. K. P Dineshan
42. Harsha P
43. Mrs.Kochurani Augustine
44. Sri.Saheed Kayikkaran
45. Soorya Alex
46. Farhana T.P
47. Sri.Muhammed Haseeb T K
48. Sri.Ashith Ashokan T
49. Dr.Muhammed Ashefas C.H
50. Mujammed Salih C
51. Sri.Karayi Rajan
52. Sri.Rajan K.P
53. Sri.P.C.Gangadharan
54. Sri.Mahesh Chandra Baliga
55. Sri.Karthikeyan P
56. Dr.Siby Phlip.
57. Sri.Saju.P.J
58. Dr.Soorej M Basheer.
59. Sri. Saji james.K
60. Sri.Biju ummer.
61. Dr.Prapanch.K
62. Prof Gangadharan N (online)
63. Dr.Ismail Olayikkara (online)
64. Sri.Soman (online)
65. Sri.Indu Mathew (online)
66. Sri.T.I Madhusoodanan (online)

67. Special Secretary, Finance (online)
68. Aysha Fida(online)
69. M.P.A Rahim (online)

Also present: Dr.Joby K Jose, Registrar

1.01 Prof.Saju .K.K, Vice Chancellor took the chair and called the meeting to order at 10 a.m
1.02 The meeting thereafter considered the items on the agnda

## 1. <u>Questions asked by the members of the Senate and answers there to by the Syndicate</u>

**Q.No.1**

**Dr.NISHA V K**

ചോദ്യം: മണിപ്പൂർ കലാപത്തിന്റെ സാഹചര്യത്തിൽ അവിടെ പഠനം തുടരാൻ കഴിയാതിരുന്ന കുക്കി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള സാഹചര്യം കണ്ണൂർ സർവകലാശാല ഒരുക്കിയത് മാതൃകാപരമാണ്. അതിൽ ഗവേഷക വിദ്യാർത്ഥികളും ഉൾപ്പെടുന്നു അത്തരം എത്ര വിദ്യാർഥികൾ നിലവിൽ സർവകലാശാലയിൽ പഠനം നടത്തുന്നു എന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ എന്നും അവർക്ക് ഏതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പ് സർവകലാശാല നൽകുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം: ശ്രീമതി. സുകന്യ എൻ.</u>

മണിപ്പൂരിൽ നിന്നുള്ള വിദ്യാർത്ഥികൾ എന്ന നിലയിൽ മാത്രം കുക്കി/മെയ്ത്തി വിഭാഗം തിരിച്ചുള്ള കണക്കില്ല.

2023-24 അധ്യയന വർഷത്തിൽ മണിപ്പുരിൽ നിന്നുള്ള 46 വിദ്യാർഥികൾ വിവിധ പ്രോഗ്രാമുകളിലായി അഫിലിയേറ്റഡ് കോളേജുകളിലും സർവകലാശാല പഠന വകുപ്പുകളിലും പ്രവേശനം നേടിയിട്ടുണ്ട്. ഇതിൽ 5 പേർ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

2024-25 അധ്യയന വർഷത്തിൽ 6 മണിപ്പൂർ വിദ്യാർഥികൾ വിവിധ യു ജി / പി ജി പ്രോഗ്രാമുകളിൽ പ്രവേശനം നേടിയിട്ടുണ്ട്. അതിൽ 3 വിദ്യാർഥികൾ ഇവിടെ റിസർച്ച് ചെയ്യുന്നത്. അത് നമ്മുടെ സർവകലാശാല എന്ന നിലയിൽ പ്രത്യേക സഹായമല്ല UGC/NFST തുടങ്ങിയിട്ടുള്ള സഹായമാണ് അവർക്ക് കിട്ടുന്നത്. മറ്റ് കുട്ടികൾക്ക് സിണ്ടിക്കേറ്റ് തീരുമാനം അനുസരിച്ച് അവരുടെ ഹോസ്റ്റൽ താമസ സൗകര്യം അതുപോലെ ഭക്ഷണവുമായി ബന്ധപ്പെട്ടുള്ള ചെലവും പഠന

വകുപ്പുകളിലെ കുട്ടികൾക്ക് നമ്മൾ നൽകിയിട്ടുണ്ട്. അതാത് കോളേജുകളിൽ ബന്ധപ്പെട്ട കോളേജുകളോ, PTA യോ ചേർന്നിട്ടാണ് അവർക്ക് ആ സമയത്ത് സഹായം നല്കിക്കൊണ്ടിരുന്നത്.

*കണ്ണൂർ സർവകലാശാലയിൽ നിലവിൽ പി.എച്ച്. ഡി ചെയ്യുന്ന മണിപ്പൂരി വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.*

| *ക്രമ നം.* | *പേര്* | *വിഷയം* | *ഗവേഷണകേന്ദ്രം* | *ഫെല്ലോഷിപ്പ്* |
|---|---|---|---|---|
| 1 | T. Langjagen Haokip | Geography | Dept. of Geography, Kannur University, SAT Campus, Payyanur | UGC- JRF |
| 2 | Catherine Thuam Ngaih Nem | Anthropology | Dept. of Anthropology, Kannur University, Dr. Janaki Ammal Campus, Thalassery | NFST |
| 3 | Kimshi Lhaineikim | Anthropology | Dept. of Anthropology, Kannur University, Dr. Janaki Ammal Campus, Thalassery | Not receiving any fellowship at present. |

Q.No.2

**Dr. SIBY PHILIP**

ചോദ്യം : ഈ വർഷം നടപ്പിലാക്കി കൊണ്ടിരിക്കുന്ന FYUGP പദ്ധതിയിൽ പരീക്ഷ പേപ്പർ മൂല്യനിർണ്ണയത്തിനും, പ്രാക്ടിക്കൽ എക്സാമിനേഷനും ഉള്ള റെമ്യൂണറേഷൻ (Remuneration) വിഷയത്തിൽ യൂണിവേഴ്സിറ്റി തലത്തിൽ തീരുമാനമായോ? എങ്കിൽ അതിന്റെ വിശദാംശമെന്താണ്? FYUGP question bank നിർമാണ വർക്ക് ഷോപ്പിൽ പങ്കെടുത്ത അദ്ധ്യാപകർക്കുള്ള TA, DA നൽകിയിട്ടുണ്ടോ?. അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്?

1.03 സംസ്ഥാനത്ത് സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ വിഭാവനം ചെയ്തുകൊണ്ട് നടപ്പാക്കുന്ന FYUGP കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നമുക്ക് വിജയകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട് . അതിൽ സഹകരിച്ച അദ്ധ്യാപകർ പ്രിൻസിപ്പൽമാർ അതുപോലെ മാനേജർമാർ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥർ എല്ലാവരെയും അഭിവാദ്യം ചെയ്തുകൊണ്ട് ഉത്തരത്തിലേക്ക് കടക്കുകയാണെന്ന് ഡോ. ചന്ദ്രമോഹനൻ കെ ടി പറഞ്ഞു.

**ഉത്തരം:** ഡോ. ചന്ദ്രമോഹനൻ കെ ടി

നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ, മൂല്യനിർണയം എന്നിവയുടെ നടത്തിപ്പിലേക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പൊതു ഗൈഡ് ലൈനിൽ മൂല്യനിർണയം അധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമാണെന്നും അതിനു വേതനം നൽകേണ്ടെന്നും, സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ്/പുനർ മൂല്യനിർണയം എന്നിവക്ക് മാത്രം വേതനം നൽകിയാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതേ കാര്യം ഉൾപ്പെടുത്തികൊണ്ടു തന്നെയാണ് കണ്ണൂർ സർവകലാശാലയും നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ ഗൈഡ് ലൈൻ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്. കൂടാതെ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രായോഗിക പരീക്ഷകൾ കോളേജുകൾ തന്നെയാണ് നടത്തുന്നത്. കോളേജുകൾ നടത്തുന്ന ടി പരീക്ഷകൾക്ക് സർവകലാശാല വേതനം നൽയിട്ടില്ല. പരീക്ഷാ വിഭാഗം FYUGP Question Bank ശില്പശാലയിൽ പങ്കെടുത്ത അധ്യാപകർക്കുള്ള ടി.എ./ഡി.എ നിലവിൽ നൽകിയിട്ടില്ല.അതിന്റെ ബില്ലുകൾ സമർപ്പിക്കുന്ന മുറക്ക് അത് നൽകാവുന്നതാണ്.

3.No.Q

**Dr. PRAJITHA P**

ചോദ്യം: പരീക്ഷ പരിശോധന സ്ക്വാഡിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുക.

**ഉത്തരം** : ഡോ. ചന്ദ്രമോഹനൻ കെ ടി

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഏകദേശം 13 ഓളം പരീക്ഷാ സ്ക്വാഡുകൾ നിലവിലുണ്ട്. അത് മഞ്ചേശ്വരം മുതൽ വയനാട് വരെ നീണ്ടുനിൽക്കുന്ന പ്രദേശങ്ങളിലുള്ള വിവിധ സ്ഥാപനങ്ങളിൽ സർപ്രൈസ് വിസിറ്റ് നടത്താൻ വേണ്ടിയാണ് യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയിട്ടുള്ളത്. അതിലേക്ക് നിലവിൽ പരീക്ഷാ കൺട്രോളർ പരീക്ഷയുടെ smooth functioning ഉറപ്പ് വരുത്തുന്ന തരത്തിൽ പരീക്ഷാ കൺട്രോളർ സ്വമേധയാണ് സ്ക്വാഡ് അംഗങ്ങളെ അതാത് പ്രദേശത്തുള്ളവരെ നിയമിക്കുന്നത്. പരീക്ഷാ പരിശോധന സ്ക്വാഡ് അംഗങ്ങളെ നിയമിക്കുന്നതിന് പ്രത്യേകിച്ചു മാനദണ്ഡങ്ങൾ നിലവിലില്ല. പരീക്ഷാ കൺട്രോളർ ആണ് സാധാരണയായി അംഗങ്ങളെ നിയമിക്കുന്നത്. 25.10.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ സ്ക്വാഡ് അംഗങ്ങളെ നിയമിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന വിഷയത്തിൽ പരീക്ഷ കൺട്രോളർ കരട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 29.11.2024 തീയ്യതിയിലെ സിൻഡിക്കേറ്റ് യോഗതീരുമാനം 2024.1057 പ്രകാരം പ്രസ്തുത റിപ്പോർട്ട് Syndicate Standing Committee on Examination and Discipline ന്റെ വിശദമായ പഠനത്തിനായി മാറ്റി വെച്ചിട്ടുണ്ട്.

Q.No.4

**Dr. PREMACHANDRAN KEEZHOTH**

ചോദ്യം : What security precautions did the University take to prevent the question papers from being leaked when they are sent to the emails of the various college principals specially created for this purpose?

**ഉത്തരം: ഡോ.എ അശോകൻ**

അഫിലിയേറ്റഡ് കോളജുകളിലെ ഓൺലൈൻ ചോദ്യപേപ്പർ പ്രിൻറ് ചെയ്യുന്ന കോൺഫിഡൻഷ്യൽ റൂമിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും, പാസ്‌വേഡ് പരിരക്ഷിത ചോദ്യപേപ്പർ, ചോദ്യപേപ്പറിൻറെ ഓൺലൈൻ സംപ്രേക്ഷണത്തിന് മാത്രമായി ജനറേറ്റുചെയ്ത ഇമെയിൽ ഐഡി മുഖേന മാത്രം കോളജുകൾക്ക് അയക്കുകയുമാണ് ചെയ്യുന്നത്. അയക്കുമ്പോൾ അത് safe, fast and efficient ആയിരിക്കും

Q.No.5

**Dr.SHINO P JOSE**

ചോദ്യം: Notification of appointment and re-notification for various teaching posts dated October 19,2024, page no. 6. Item number five of the general guideline says *'General instructions the time taken by candidates to acquire M Phil. and / or Ph.D degree shall not be considered as teaching /research experience to be claimed for appointment to the teaching positions. Further the period of active service spent on pursuing research degree simultaneously with teaching assignment without taking any leave, shall be counted as teaching experience for the purpose of direct recruitment / promotion'*

Regarding the counting of teaching experience in the FDP period, kindly furnish the University's stance in the affidavit submitted to the supreme court (diary no.28416/2023) and the Hon.High court of Kerala opposing the case that UGC and Dr.Joseph Scaria filed against the appointment of Dr. Priya Varghese as an Associate Professor in the Malayalam Department.

**Ans :**Sri. Pramod Kumar K.V

Dr. Priya Varghese was offered appointment as Associate Professor in the Department of Malayalam on the basis of the final verdict in W.A No.27 of 2023 by division bench of Hon'ble High Court, which approved the period spent for obtaining Ph.D. Degree under the FDP program as teaching experience for the appointment. And as of now the matter is under the consideration of Hon'ble Supreme Court of India.

1.04 കോടതിയിൽ പരിഗണനയിലുള്ള കേസുമായി ബന്ധപ്പെട്ട ചോദ്യമല്ല. പബ്ലിക്ക് ഡോക്യുമെന്റ് ആയ സർവകലാശാല രജിസ്ട്രാർ നൽകിയ കൗണ്ടർ അഫിഡഫിറ്റുമായി ബന്ധപ്പെട്ട ചോദ്യമാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ പിന്നീട് കാണാനുള്ള അവസരം നല്കണമെന്ന് ഡോ: ഷിനോ പി ജോസ് ആവശ്യപ്പെട്ടു.

Q.No.6

**Sri.DINESHAN K P**

A. കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഗോപിനാഥ് രവീന്ദ്രൻറെ പുനർ നിയമനം ചോദ്യം ചെയ്തിട്ടുള്ള കേസിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഗോപിനാഥ് രവീന്ദ്രന് ചെലവായ തുക സർവകലാശാല ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത്?
B. പ്രസ്തുത കേസിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഗോപിനാഥ് രവീന്ദ്രന് വേണ്ടി സർവകലാശാല എത്ര രൂപ ചിലവഴിച്ചു?
C. പ്രസ്തുത കേസിനു സർവകലാശാല ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഗോപിനാഥ് രവീന്ദ്രനിൽ നിന്നും ഈടാക്കണമെന്ന് ചാൻസലർ ഉത്തരവിട്ടിട്ടുണ്ടോ?
D. കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഗോപിനാഥ് രവീന്ദ്രൻറെ പുനർ നിയമനം ചോദ്യം ചെയ്തിട്ടുള്ള കേസിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നടന്ന കേസിൽ ഗോപിനാഥ് രവീന്ദ്രന് വേണ്ടി സർവകലാശാല ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഗോപിനാഥ് രവീന്ദ്രനിൽ നിന്നും ഈടാക്കണം എന്നുള്ള ചാൻസലറുടെ ഉത്തരവ് പാലിച്ചുകൊണ്ട് ഗോപിനാഥ് രവീന്ദ്രനിൽ നിന്നും പണം ഈടാക്കിയോ?
E. പ്രസ്തുത ഉത്തരവ് പാലിച്ച് മുൻ മുൻ വൈസ് ചാൻസലർ ഗോപിനാഥ് രവീന്ദ്രൻ പണം തിരിച്ചടച്ചിട്ടില്ലെങ്കിൽ കാരണമെന്താണ്?
F. പ്രസ്തുത തുക മുൻ വൈസ് ചാൻസലർ ഗോപിനാഥ് രവീന്ദ്രനിൽ നിന്നും ഈടാക്കുവാൻ സർവകലാശാല എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം:

A. മുൻ വൈസ് ചാൻസിലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ കണ്ണൂർ സർവ്വകലാശാലയെ കക്ഷി ചേർത്ത് ഫയൽ ചെയ്ത WP(C) No 33826/2022, WP(C) No. 35028/2022 കേസുകളിൽ അദ്ദേഹത്തിന് വേണ്ടി ഹാജരായ അഡ്വക്കേറ്റിന് സർവകലാശാല ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.
B. WP(C) No 33826/2022, WP(C) No. 35028/2022 കേസുകളിൽ വക്കീൽ ഫീസിനത്തിൽ 4,00,000/- (നാല് ലക്ഷം രൂപ മാത്രം) സർവകലാശാല ചിലവഴിച്ചിട്ടുണ്ട്.
C. സർവകലാശാല ഓഫീസർമാർ അവരുടെ വ്യക്തി താല്പര്യം സംരക്ഷിക്കുന്നതിനോ കക്ഷിയായി വരുന്നതും സർവ്വകലാശാലയുടെ താല്പര്യവുമായി ബന്ധപ്പെടാത്തതും ബഹു: ചാൻസിലറും സർവ്വകലാശാലയും എതിർ കക്ഷിയായി വരുന്നതുമായ കേസുകളിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഓഫീസറിൽ നിന്നും അത് തിരികെ ഈടാക്കണമെന്ന് ബഹു ചാൻസിലറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട് WP(C) No 33826/2022, WP(C) No. 35028/2022 കേസുകൾ ചാൻസിലറുടെ ഉത്തരവിന്റെ പരിധിയിൽ പെടുന്നതാണ്.
D. തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.
E. തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.
F. ബഹു:ചാൻസിലറുടെ ഉത്തരവ് അനുസരിച്ചുള്ള അറിയിപ്പ് ഡോ. ഗോപിനാഥ് രവീന്ദ്രന് നൽകുകയും അദ്ദേഹം തുക അടക്കുകയും ചെയ്തിട്ടുണ്ട്.

1.05 4 ലക്ഷം രൂപയാണ് അത് മുൻ വൈസ് ചാൻസിലർ തിരിച്ച് അടച്ചിട്ടുണ്ട് - വൈസ് ചാൻസിലർ അറിയിച്ചു

1.06 സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ചെലവാക്കിയ തുകയുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ഇതിൽ ഹൈക്കോടതിയിലെ രണ്ട് കേസിന്റെ നമ്പർ ചേർത്ത് 4 ലക്ഷം രൂപയാണ് കാണിച്ചത്. സുപ്രീം കോടതിയിലെ കേസിന്റെ നമ്പർ ബോധപൂർവം വിട്ടതാണോ അതിന്റെ വിശദാംശങ്ങൾ എന്താണ് എന്ന് അറിയണം എന്നും ദിനേശൻ കെ പി ആവശ്യപ്പെട്ടു.

1.07 ഇതിൽ ചോദിച്ചിരിക്കുന്ന ചോദ്യം ശ്രീ ഗോപിനാഥ് രവീന്ദ്രനുമായി ബന്ധപ്പെട്ട കേസ് ആണ്. ശ്രീ ഗോപിനാഥ് രവീന്ദ്രൻ ഉൾപ്പെട്ട കേസിൽ 4 ലക്ഷം രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. അത് അദ്ദേഹം തിരിച്ച് അടച്ചിട്ടുണ്ട്. മറ്റേത് സർവകലാശാലയും പെറ്റിഷണറും തമ്മിലുള്ള കേസാണെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

1.08 ഗവർണ്ണറുടെ ഉത്തരവ് പ്രകാരം, യൂണിവേഴ്സിറ്റിയുടെ താല്പര്യ പ്രകാരം അല്ലാതെ വ്യക്തിയുടെ താല്പര്യത്തിനു വേണ്ടി, അതായത് ശ്രീ. ഗോപിനാഥ് രവീന്ദ്രന് വീണ്ടും തിരിച്ചു കയറാൻ വേണ്ടി അദ്ദേഹത്തിൻറെ താല്പര്യത്തിന് നടത്തിയ കേസ് ആണ് എന്ന് ദിനേശൻ കെ പി അഭിപ്രായപ്പെട്ടു.

1.09 ഇത് ആ രീതിയിൽ ഉള്ള കേസ് അല്ല എന്നും ഫയൽ പരിശോധിച്ച്, വ്യക്തമാക്കാം എന്നും വൈസ് ചാൻസിലർ അറിയിച്ചു.

1.10 മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ പിന്നീട് കാണാനുള്ള അവസരം നൽകണമെന്ന് ദിനേശൻ കെ പി ആവശ്യപ്പെട്ടു.

1.11 ഇതിൽ D ക്കും E ക്കും പറഞ്ഞിട്ടുള്ളത് ആ തുക ഈടാക്കാൻ ഉള്ള നടപടി സ്വീകരിച്ച് വരുന്നു എന്നുള്ളതാണ്. മേൽ വിഷയത്തത്തിൽ കാലതാമസം നേരിട്ടതിനെ കുറിച്ച് ശ്രീ പ്രേമചന്ദ്രൻ കീഴോത്ത് ചോദിച്ചു.

1.12 ചാൻസിലറിൽ നിന്ന് നിർദ്ദേശം കിട്ടിയതിനെ തുടർന്ന് എടുത്ത നടപടിയാണ് ഇതെന്നും അതനുസരിച്ചുള്ള റെക്കോർഡ്സ് പ്രകാരം തുക അടക്കാൻ രണ്ടു മാസം മുൻ വൈസ് ചാൻസലർക്ക് സമയം കൊടുക്കുകയും അത് അദ്ദേഹം അടക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ വേറെ വല്ലതും ഉണ്ടെങ്കിൽ അത് പരിശോധിക്കാം എന്നും വൈസ് ചാൻസിലർ അറിയിച്ചു.

Q.No.7

Dr. M J MATHEW

ചോദ്യം : Students and faculty members faced unprecedented problems while registering with K-REAP in view of the above, Please specify the following: Whether the University conducted any trial run to ensure the viability and effectiveness of the software as per the requirements of Kannur University, before its implementation.What warranted the University to implement a new system, which needed high level of preparedness, in such a feverish haste.

ഉത്തരം : ഡോ :സജിത്ത് കുമാർ പി

K-REAP is a built-in software already in use at various universities. Customizations are carried out to meet the specific requirements of each university. Kannur University implemented K-REAP as per the directions of the Kerala State Higher Education Council. An integrated software solution is essential to ensure the academic flexibility of FYUGP and to provide seamless, on-demand services to students at any time.

1.13 K-REAP സോഫ്റ്റ്വെയർ എന്ററർ ചെയ്യപ്പോൾ ഉണ്ടായ ബുദ്ധിമുട്ടുകൾ കുട്ടികൾക്കും, അധ്യാപകർക്കും വളരെ വലുതാണ് ഒരു Trial and Error method ൽ ആണ് പോയത്. ടീച്ചേർസ് തന്നെ ഇത് എക്സൽ ഷീറ്റിൽ ആണ്

ചെയ്തിട്ടുള്ളത്. ഒരു ഡാറ്റ എൻട്രിക്ക് വേണ്ടി എക്സൽ ഷീറ്റ് ഉപയോഗിക്കുന്നത് വളരെ അപൂർവമാണ്. ഇവിടെ ചോദ്യം കെ റീപ്പ് ഉപയോഗിക്കുന്നതിനു മുൻപായി കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ട്രയൽ റൺ നടത്തിയിട്ടുണ്ടോ എന്നാണ്. ആ ചോദ്യം വളരെ വിദഗ്ധമായി സ്കിപ് ചെയ്തിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി ആണ് ആദ്യമായി K-REAP നടപ്പിൽ ആക്കിയത്. ഇതിനു പറഞ്ഞ ഉത്തരം കേരള ഗവണ്മെന്റ് ഡയറക്ഷൻ എന്നാണ്. അങ്ങനെ ആണെങ്കിൽ എന്ത് കൊണ്ട് കേരള യൂണിവേഴ്സിറ്റിയിലോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലോ അടക്കം മറ്റു യൂണിവേഴ്സിറ്റികൾ ഇതുവരെ നടപ്പിലാക്കിയില്ല എന്ന് എം ജെ മാത്യു ചോദിച്ചു.

1.14 FYUGP implementation മീറ്റിംഗ് നടത്തിയത് റെക്കമെൻഡേഷൻ കമ്മിറ്റിയായ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ അഭിമുഖ്യത്തിലാണ്. എല്ലാ വൈസ് ചാൻസലർമാരും ഒരുമിച്ചുള്ള മീറ്റിംഗിൽ സോഫ്റ്റ്‌വെയർ ഇല്ലാത്തതിന്റെ വിഷയം ഉയർന്നു വരികയും, എന്നാൽ യുജിസി യുടെ NEP 2020 പോളിസി പ്രകാരമുള്ള സോഫ്റ്റ്‌വെയർ (ഇ-സമർത്ത്) പരിഗണിച്ചുവെങ്കിലും, അഫിലിയേറ്റഡ് കോളേജിലേക്കുള്ള എൻട്രി ബുദ്ധിമുട്ടാണ്. മോഡിഫൈ ചെയ്ത് എടുക്കാനുള്ള ബുദ്ധിമുട്ടുണ്ട്. ഇ-സമർത്ത് പോർട്ടൽ ആണെങ്കിലും മാർക്ക് എൻട്രി എക്സൽ ഷീറ്റിൽ തന്നെയാണ്. മാർക്ക് എൻട്രി യുജിസി വരെ കൊടുത്തിരിക്കുന്നത് എക്സൽ ഷീറ്റിലാണ് മാർക്ക് എൻട്രി എക്സൽ ഷീറ്റിൽ ചെയുമ്പോൾ അതിന്റേതായ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. പുതിയ സോഫ്റ്റ്‌വെയർ ആയതിനാലും പെട്ടെന്ന് ചെയ്ത തീർക്കേണ്ടി വന്നതിനാലും അതിനു അതിന്റേതായ പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ട്. ഇങ്ങനെ ഒരു സോഫ്റ്റ്‌വെയർ ഉള്ളതുകൊണ്ട് യൂണിവേഴ് സിറ്റിക്ക് 8 ദിവസങ്ങൾ കൊണ്ട് റിസൾട്ട് പ്രസിദ്ധീകരിക്കാൻ സാധിച്ചു. എല്ലാ യൂണിവേഴ്സിറ്റിയിലെയും വൈസ് ചാൻസലർമാർ പങ്കെടുത്ത ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ മീറ്റിംഗിൽ FYUGP implement ചെയ്യണം, എക്സാമിനേഷൻ റിസൾട്ട് സമയത്തിന് വരുത്തണം എന്നുള്ളതിനാൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലൂടെ എണ്ണം കുറവായതിനാൽ K-REAP ട്രയൽ റൺ നടത്താൻ കണ്ണൂർ യൂണിവേഴ്സിറ്റി തിരഞ്ഞെടുത്തു. അതിന് മിനുട്സ് കൂടി ഉള്ളതാണ്. ആ വെല്ലുവിളി നമ്മൾ ഏറ്റെടുത്തു . അതിൽ ഒരു അപാകത ഉണ്ടെന്നു തോന്നുന്നില്ല. നമ്മൾ അഡ്മിഷൻ നടത്തിയത് ജൂണിൽ ആണ്. എക്സാമിനേഷൻ നടത്തുന്നത് ഒക്ടോബർ മാസത്തിലാണ് K-REAP ന്റെ implementation വരുന്നത് . ഒരു പ്ലാറ്റ് ഫോമിൽ നിന്നും മറ്റേ പ്ലാറ്റ് ഫോമിൽ ഇന്റഗ്രേറ്റ് ചെയ്യുന്ന സമയത്ത് രണ്ടാമത് അത് എൻട്രി ചെയ്യേണ്ടി വന്നു. റീ എൻട്രി വന്നത് കൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ടാണെന്നും ഇനി മുതൽ

അത് ഉണ്ടാവില്ല. കൂടാതെ നമുക്ക് PM-USHA പ്രൊജക്റ്റ് വന്നിട്ടുണ്ട്. അതിൽ ഫസ്റ്റ് പ്രയോറിട്ടി ഓൺ സ്ക്രീൻ ഇവാലുവേഷൻ ആയിരിക്കും. കമ്പ്ലീറ്റ് കമ്പ്യൂട്ടറൈസ്ഡ് ചെയ്യാൻ പോകുകയാണ്. ഇനി മുതൽ എക്സാമിനേഷന്റെ കാര്യത്തിൽ വേവലാതിപ്പെടേണ്ട ആവശ്യമില്ല. എന്നും വൈസ് ചാൻസലർ ഉറപ്പു നൽകി.

1.15 സോഫ്റ്റ് വെയർ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുന്നതിന് IT ഡയറക്ടറെ വൈസ് ചാൻസലർ ക്ഷണിച്ചു.

1.16 നമ്മളുടെ ഒരു പ്രിലിമിനറി ട്രെയ്നിങ്ങിൽ ഒരു സാമ്പിൾ ഡാറ്റയായിട്ട് 20 കുട്ടികളുടെ ഡാറ്റ വെച്ച് റിസൾട്ട് പ്രോസസിങ്ങ് വരെ ടെസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. പക്ഷെ bulk ആയിട്ട് ഡാറ്റ വന്ന സമയത്താണ് ഇതിന്റെ സിങ്കിങ്ങുമായി ബന്ധപ്പെട്ട ഇഷ്യൂസ് വന്നത്. അത് മുഴുവനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ ഇഷ്യൂസായി സോൾവ് ചെയ്തു കൊണ്ടിരിക്കുകയാണ്. എക്സാമിനേഷൻ ബ്രാഞ്ചിൽ നിന്നും തന്നു കൊണ്ടിരിക്കുന്ന ഫീഡ്ബാക്ക് ഫോളോഅപ്പ് ചെയ്യുകയും ഓരോ ചേഞ്ച് ആയി അതിന്റെ അകത്തേക്ക് കൊണ്ട് വരാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. നേരത്തെ പറഞ്ഞ ഓൺ സ്ക്രീൻ മാർക്ക് എൻട്രി ചെയ്യുന്ന രൂപത്തിൽ എക്സൽ കംഫോർട്ടബിൾ അല്ലെങ്കിൽ ഓൺ സ്ക്രീൻ ചെയ്യാവുന്ന രൂപത്തിൽ ഒരു അഡീഷണൽ മോഡിഫിക്കേഷൻ നടത്തുന്നുണ്ട്. ഡോ:വിവേക് പി IT-Director വിശദീകരിച്ചു.

1.17 മാർക്ക് എൻട്രിയുടെ ഇഷ്യൂസ് നമുക്ക് സോൾവ് ചെയ്തേ പറ്റുള്ളൂ ടീച്ചേഴ്സിന് വന്ന ബുദ്ധിമുട്ട് എല്ലാവരും പറഞ്ഞ കാര്യമാണ്. അത് അടുത്ത തവണ നമുക്ക് പരിഹരിക്കാം എന്ന് വൈസ് ചാൻസലർ അറിയിച്ചു.

Q.No.8

**Dr.BINDU K**

ചോദ്യം : യൂണിവേഴ്സിറ്റി പരീക്ഷ മൂല്യ നിർണയം 3, 4 നിലകളിൽ വെച്ച് നടക്കുമ്പോൾ ഭിന്ന ശേഷിയുള്ള അധ്യാപകർക്ക് അതിൽ പങ്കെടുക്കാൻ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്താൻ പറ്റില്ലേ ?

***ഉത്തരം**: ശ്രീ.* വൈഷ്ണവ് മഹേന്ദ്രൻ

ഈ ചോദ്യത്തിനകത്ത് ഏത് ബിൽഡിങ് ഏത് വാല്യുവേഷൻ ക്യാമ്പ് ആണ് എന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നില്ല. എങ്കിലും കണ്ണൂർ സർവകലാശാലയുടെ ആസ്ഥാനമായ താവക്കര ക്യാമ്പസിലെ ലൈബ്രറി ബിൽഡിങ്ങിലെ ലിഫ്റ്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. ഈ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കാൻ വേണ്ടിയിട്ടുള്ള നടപടിയുടെ ഭാഗമായി ടെൻഡർ വിളിക്കുകയുണ്ടായി യോഗ്യതയുള്ള ടെൻഡർ ഒന്നും ലഭിച്ചില്ല. തുടർന്ന് രണ്ട് പ്രാവശ്യം ടെണ്ടർ റീ

നോട്ടിഫൈ ചെയ്തു. ആ ടെണ്ടറിനത്തും യോഗ്യതയുള്ള ടെൻഡർ ഒന്നും ലഭിച്ചില്ല. എന്നാൽ ഈ ബിൽഡിങ്ങിലെ ഒരു ലിഫ്റ്റ് എങ്കിലും പ്രവർത്തനക്ഷമമാക്കുക എന്ന ഉദ്ദേശത്തോടു കൂടി 28.01.2025 നു വീണ്ടും റീ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിൽ ടെൻഡർ ലഭിക്കുന്ന മുറയ്ക്ക് അടുത്ത നടപടിയിലേക്ക് കടക്കും എന്നാണ് സൂചിപ്പിക്കാനുള്ളത്.

1.18 കുറെ കാലമായി ടീച്ചേഴ്സിന്റെ ആവശ്യമാണ്. ഇത് വീൽ ചെയറിൽ ഉള്ള ഒരുപാട് അദ്ധ്യാപകർ ഉണ്ട്. അത് എത്രയും പെട്ടെന്ന് ചെയ്താൽ നന്നായിരിക്കും. എന്ന് ഡോ: ബിന്ദു.കെ പ്രത്യാശ പ്രകടിപ്പിച്ചു.

1.19 അദ്ധ്യാപകർ മാത്രമല്ല. അവിടെ ക്യാമ്പസും പ്രവർത്തിക്കുന്നുണ്ട്. അവിടെയുള്ള വിദ്യാർത്ഥികളും നേരത്തെ ഈ വിഷയത്തെ ഉന്നയിക്കുന്നുണ്ട്. അതിനാൽ ലിഫ്റ്റ് സൗകര്യം ഉടൻ തന്നെ ഉണ്ടാകും എന്ന് വൈഷ്ണവ് മഹേന്ദ്രൻ മറുപടി പറഞ്ഞു.

Q.No.9

**Dr.SUDHA AZHEEKKODAN**

ചോദ്യം: കണ്ണൂർ സർവകലാശാലയിൽ നിന്ന് വിരമിച്ച അദ്ധ്യാപക അനദ്ധ്യാപക വിഭാഗത്തിൽപ്പെട്ടവരിൽ തങ്ങൾക്ക് അവകാശപ്പെട്ട പെൻഷനറി ആനുകൂല്യങ്ങളും മറ്റ് സർവീസ് ആനുകൂല്യങ്ങളും പൂർണമായോ ഭാഗീകമായോ തടഞ്ഞുവെക്കപ്പെട്ടവരുണ്ടോ? ഉണ്ടെങ്കിൽ ആരുടെയൊക്കെ ആനുകൂല്യങ്ങളാണ് തടഞ്ഞുവെച്ചിട്ടുള്ളത് അവരിൽ ആരിൽ നിന്നൊക്കെ പരാതി ലഭിച്ചിട്ടുണ്ട്? എന്ത് കൊണ്ടാണ് നാളിതുവരെയായി ഇത്തരം പരാതികൾ തീർപ്പ് കല്പിക്കപ്പെടാതിരിക്കുന്നത്? പരാതിക്കാർക്ക് പെൻഷനറി ആനുകൂല്യങ്ങളും മറ്റ് സർവീസ് ആനുകൂല്യങ്ങളും അടിയന്തിരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ? ഉണ്ടെങ്കിൽ ആനുകൂല്യങ്ങൾ എപ്പോൾ നൽകാൻ സാധിക്കും?

**ഉത്തരം: ശ്രീമതി. എൻ. സുകന്യ**

കണ്ണൂർ സർവകലാശാല ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആയിരുന്ന ഡോ. പി ടി ജോസഫ് സാറിന്റെ പെൻഷൻ ആനുകൂല്യങ്ങൾ ഭാഗികമായും ഭൗതിക ശാസ്ത്രം പഠനവിഭാഗം പ്രൊഫസർ ആയിരുന്ന ഡോ. സന്തോഷ് കെ പി യുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും തടഞ്ഞുവെക്കപ്പെട്ടിട്ടുണ്ട്.

ഡോ. പി ടി ജോസഫുമായി ബന്ധപ്പെട്ട കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് തടസ്സം നിയമസഭാ സമിതിയുടെ പരിഗണനയിലാണുള്ളത്. അതിനാലാണ് ടിയാന്റെ പെൻഷൻ, DCRG ഒഴികെയുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവെക്കപ്പെട്ടത്, ഇതുമായി ബന്ധപ്പെട്ടു തടഞ്ഞുവെക്കപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഡോ. പി ടി ജോസഫ് സർവകലാശാലയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ തീരുമാനത്തിന് വിധേയമായി വിഷയത്തിൽ സർവകലാശാല തീർപ്പ് കല്പിക്കുന്നതാണ്.

സർവകലാശാല ഫണ്ട് ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ടു ഡോ. സന്തോഷ് കെ പി യുടെ പേരിൽ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ Cr.No.945/2020, U/S 409,420,468,471 IPC നിലവിലുണ്ട്. കേസിന്റെ അന്തിമ വിധി നിലവിൽ വരാത്തതിനാൽ അദ്ദേഹത്തിന്റെ പെൻഷൻ, പെൻഷൻ ആനുകൂല്യൾ എന്നിവ നൽകിയിട്ടില്ല. ഡോ. സന്തോഷ് കെ പി നിലവിൽ സർവകലാശാലയിൽ അപേക്ഷകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. കേസിന്റെ അന്തിമ വിധിക്കനുസൃതമായി വിഷയത്തിൽ തീർപ്പ് കല്പിക്കുന്നതാണ്.

കണ്ണൂർ സർവകലാശാലയിൽ നിന്ന് ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. സുഗതകുമാരി കെ പി ക്കും കണ്ണൂർ സർവകലാശാലയിലെ ഡയറക്ടർ, സ്റ്റുഡന്റ് സർവീസസ് (DSS) തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. വി എസ് അനിൽ കുമാറിനും താഴെ ചേർത്ത പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുണ്ട്.

<u>ശ്രീമതി. സുഗതകുമാരി കെ പി , ഡെപ്യൂട്ടി ലൈബ്രേറിയൻ</u>

30.06.2017 നു ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. സുഗതകുമാരി കെ പി യുടെ 01.07.2017 പ്രാബല്യത്തിൽ അനുവദനീയമായ പെൻഷൻ, 01.07.2019 പ്രാബല്യത്തിൽ അനുവദനീയമായ പെൻഷൻ പരിഷ്കരണം എന്നിവ നൽകാനുണ്ട്.

മേൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രൊപോസൽ തയ്യാറാക്കി ഓഡിറ്റ് വിഭാഗത്തിന്റെ അംഗീകാരത്തിനായി നൽകിയതിന്, ബഹു കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശം ലഭ്യമാക്കാൻ അപേക്ഷിച്ചിട്ടുണ്ട്. ആയതിനു മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരി ക്കും .

<u>ശ്രീ .വി എസ് അനിൽകുമാർ , ഡയറക്ടർ , സ്റ്റുഡന്റ് സർവീസസ് (DSS)</u>

സർവകലാശാല ഡയറക്ടർ ഓഫ് സ്റ്റുഡന്റ് സർവീസ് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. അനിൽകുമാർ വി എസി-നു ഒൻപതാം ശമ്പള പരിഷ്കരണം (2009) പ്രകാരം പെൻഷൻ അനുവദിച്ചിട്ടുണ്ട്. ശമ്പള നിർണയം സംബന്ധിച്ച ഓഡിറ്റ് തടസ്സവാദം തീർപ്പാക്കിയിട്ടില്ലാത്തതിനാൽ പത്ത്, പതിനൊന്ന് ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് പെൻഷൻ പരിഷ്കരണം അനുവദിക്കാൻ ഉണ്ട് .

കണ്ണൂർ സർവകലാശാലയിലെ ഡയറക്ടർ ഓഫ് സ്റ്റുഡന്റ് സർവീസ് തസ്തികയിൽ ശ്രീ വി എസ് അനിൽകുമാറിനു അനുവദിച്ച നിയമനം ക്രമീകരിക്കൽ, ശമ്പള നിർണയം തുടങ്ങിയ സർവീസ് കാര്യങ്ങളിൽ സർക്കാർ സ്പഷ്ടീകരണം ലഭ്യമായിട്ടുള്ളതിനാൽ പത്ത് പതിനൊന്നു ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് പെൻഷൻ പരിഷ്കരണം അനുവദിക്കുന്നതിനുള്ള നടപടികൾ ഉടൻ കൈക്കൊള്ളുന്നതാണ്.

1.20 ഒരു പ്രമോഷൻ അവരുടെ സർവീസ് കാലഘട്ടത്തിൽ കിട്ടാതെ പോവുകയും പിന്നെ റിട്ടയർ ചെയ്തതിനു ശേഷം യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും ഒരു

ഉത്തരവ് റിപ്ലൈ വരുകയാണെന്നും വെച്ചാൽ നിങ്ങൾ റിട്ടയർ ചെയ്തു. പിന്നെ പ്രമോഷൻ കൊടുക്കാൻ പറ്റുകയില്ല എന്ന കാര്യമാണ്. യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും വരുന്നത്. അത് തീർച്ചയായും ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത കാര്യമാണ്. സർവീസിൽ ഇരിക്കെ കിട്ടേണ്ട ഒരു ആനുകൂല്യം ആണ് പ്രമോഷൻ എന്ന് പറയുന്നത്. പിന്നെ അത് തീർച്ചയായും യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന്തടസ്സമാണ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അത് മാത്രമല്ല ജീവിതത്തിന്റെ വലിയൊരു നല്ല കാലമാണ് യൂണിവേഴ്സിറ്റിക്ക് വേണ്ടി സേവിക്കുന്നത്. അതിനു ശേഷം റിട്ടയർ ചെയ്തതിനു ശേഷം ജീവിത സായാഹ്നങ്ങളിൽ അവർക്ക് സമാധാനത്തോടെ ജീവിക്കാനുള്ള ഒരു അവകാശമാണ് നമ്മുടെ പെൻഷൻ കിട്ടാതെ പോകുന്നത് കൊണ്ട് പോകുന്നത്. അപ്പോൾ അത്തരം സന്ദർഭങ്ങളിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന് വല്ല സാങ്കേതിക തടസ്സം നീക്കാൻ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് നീക്കി അവർക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ നൽകണമെന്ന് ഡോ:സുധ അഴീക്കോടൻ ആവശ്യപ്പെട്ടു.

1.21 യൂണിവേഴ്സിറ്റി ആരുടെ പെൻഷനും മനഃപൂർവം തടഞ്ഞു വെക്കാറില്ല. പെൻഷന്റെ ഡോക്യുമെന്റ് വൈസ് ചാൻസലറുടെ മേശപ്പുറത്ത് വരുന്ന ആ ദിവസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. NOC കിട്ടാതെ, പെൻഡിങ് അരിയേഴ്സ്, ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം തുടങ്ങിയ എന്തെങ്കിലും വിഷയങ്ങൾ ഉണ്ടെങ്കിൽ സ്വാഭാവികമായി ആ വ്യക്തി തന്നെയാണ് അത് ക്ലിയർ ചെയ്യേണ്ടത് എന്നും വൈസ് ചാൻസലർ അറിയിച്ചു.

Q.No.10

**MUHAMMED HASEEB T K**

ചോദ്യം :

A. മഞ്ചേശ്വരം ക്യാമ്പസ്സിലെ ത്രിവത്സര LLB കോഴ്സിന്റെ ഒക്ടോബർ 28 ലെ മൂന്നാം സെമസ്റ്റർ ഇന്റേണൽ പരീക്ഷയുടെ ചോദ്യ പേപ്പറിൽ ADM ന്റെ മരണവുമായി ബന്ധപ്പെട്ട ചോദ്യത്തിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ
B. പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?
C. സർവകലാശാല ക്യാംപസിലെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന NET യോഗ്യത ഇല്ലാത്ത അധ്യാപകരെ മാറ്റുമ്പോൾ നിലവിൽ ജോലി ചെയ്യുന്നവരെ മാറ്റുന്നതിന്റെ മാനദണ്ഡം എന്താണ്?
D. നിലവിൽ ജോലി ചെയ്യുന്നവരെ മാറ്റി പുതിയ നിയമനങ്ങൾ നടത്തുമ്പോൾ ആദ്യം വന്നവർ ആദ്യം മാറണമെന്ന മാനദണ്ഡമാണോ നടപ്പിലാക്കുന്നത്
E. ആദ്യം വന്നവർ ആദ്യം പോകണമെന്ന മാനദണ്ഡം എപ്പോൾ മുതലാണ് നടപ്പിലാക്കിയത്?
F. ഇത് പ്രകാരം ഇത് വരെയാണ് എത്ര അധ്യാപകരെ പുറത്താക്കിയിട്ടുണ്ട്.

G. പുതിയ നിയമങ്ങൾ നടക്കുമ്പോൾ അവസാനം വന്നവർ ആദ്യം മാറുക എന്ന മാനദണ്ഡം ഉപയോഗിച്ച് അധ്യാപകർ പുറത്തായിട്ടുണ്ടോ?

ഉണ്ടെങ്കിൽ എത്രപേർ അങ്ങനെ പുറത്തായി എന്ന് വ്യക്തമാക്കുക ?

<u>ഉത്തരം: ഡോ:എ.അശോകൻ</u>

A. മഞ്ചേശ്വരം ക്യാംപസിലെ ത്രിവത്സര LLB കോഴ്സിന്റെ ഒക്ടോബർ 28 ലെ മൂന്നാം സെമസ്റ്റർ ഇന്റേർണൽ പരീക്ഷയുടെ ചോദ്യപേപ്പറിൽ ADM ന്റെ മരണവുമായി ബന്ധപ്പെട്ട ചോദ്യത്തിനെതിരെ പ്രസ്തുത ക്യാമ്പസിലെ ഒരുകൂട്ടം വിദ്യാർത്ഥികൾ 29.10.2024 ന് ഒരു പരാതി സർവകലാശാലയിൽ സമർപ്പിച്ചിരുന്നു.

B. 01.11.2024 ലെ ഡി.എസ്.എസ്/A4/200/Complaints/2020. നമ്പർ കത്ത് പ്രകാരം മഞ്ചേശ്വരം ക്യാമ്പസിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് വകുപ്പ് തലവനിൽ നിന്നും പരാതിയിന്മേൽ റിപ്പോർട്ട് തേടിയിട്ടുണ്ട്.

മേൽ കത്തിന്മേൽ 08.11.2024 തീയതിയിലെ SLSM/HOD/2023 നമ്പർ കത്ത് പ്രകാരം സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് വകുപ്പ് തലവൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം, Net യോഗ്യതയുള്ള അദ്ധ്യാപിക 04.11.2024 ന് ജോയിൻ ചെയ്യപ്പോൾ, ആരോപണ വിധേയനായ Net യോഗ്യതയില്ലാത്ത ദിവസ വേതന അടിസ്ഥാനത്തിലുള്ള SHERIN.C ABRAHAM എന്ന അധ്യാപകൻ റിലീവ് ചെയ്യിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

C. പൊതുമാനദണ്ഡങ്ങൾ ഇല്ല. സർക്കുലർ നമ്പർ അക്കാഡ്/ ACAD F3/19400/2022 തീയതി 15.09.2023 പ്രകാരം സ്ഥിര/ കരാർ അധ്യാപകർ ജോലിയിൽ പ്രവേശിക്കുമ്പോൾ താത്ക്കാലിക അധ്യാപകരുടെ വിടുതൽ ക്രമം സംബന്ധിച്ച് മാനദണ്ഡങ്ങൾ ഉത്തരവായിട്ടുണ്ട്. സെന്റർ ഫോർ ലീഗൽ സ്റ്റഡീസ് മഞ്ചേശ്വരം നെറ്റ് യോഗ്യത ഇല്ലാത്തവരെ മാറ്റി നെറ്റ് യോഗ്യത ഉള്ള ദിവസ വേതന അധ്യാപകരെ നിയമിക്കാനുള്ള വകുപ്പ് തലവന്റെ ശുപാർശയിൽ പ്രസ്തുത കാര്യത്തിന് അനുമതി നൽകിയും ആദ്യം ജോലിയിൽ പ്രവേശിച്ചവരെ ആദ്യം പിരിച്ച് വിടാനും വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

D. കരാർ അടിസ്ഥാനത്തിലുള്ള അധ്യാപകർ ജോലിയിൽ പ്രവേശിക്കുമ്പോൾ മണിക്കൂർ വേതന അടിസ്ഥാനത്തിലുള്ളവരെ ആദ്യവും പിന്നീട് ദിവസ വേതന അധ്യാപകരെയും പിരിച്ച് വിടാനും, ഒന്നിൽ കൂടുതൽ ദിവസ/ മണിക്കൂർ വേതന അധ്യാപകർ ഉണ്ടെങ്കിൽ ആദ്യം ജോലിയിൽ പ്രവേശിച്ചവരെ ആദ്യം എന്ന ക്രമത്തിൽ പിരിച്ച് വിടാനും ഉത്തരവായിട്ടുണ്ട്

E. നോൺ നെറ്റ് യോഗ്യത ഉള്ള ദിവസ വേതന അധ്യാപകരെ പിരിച്ച് വിട്ട് നെറ്റ് യോഗ്യത ഉള്ളവരെ നിയമിക്കുമ്പോൾ പിരിച്ച് വിടുന്നതിൽ പൊതു മാനദണ്ഡമില്ല. സെന്റർ ഫോർ ലീഗൽ സ്റ്റഡീസ് മഞ്ചേശ്വരം - നെറ്റ് യോഗ്യത ഇല്ലാത്തവരെ മാറ്റി നെറ്റ് യോഗ്യത ഉള്ള ദിവസ വേതന അധ്യാപകരെ നിയമിക്കാനുള്ള വകുപ്പ് തലവന്റെ ശുപാർശയിൽ പ്രസ്തുത കാര്യത്തിന് അനുമതി നൽകിയും ആദ്യം ജോലിയിൽ പ്രവേശിച്ചവരെ ആദ്യം പിരിച്ച്

വിടാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. സർക്കുലർ നം.അക്കാഡ്/ ACAD F3/19400/2022 തീയതി 15.09.2023 പ്രകാരം കരാർ അധ്യാപക നിയമനം നടക്കുമ്പോൾ മണിക്കൂർ വേതന അടിസ്ഥാനത്തിലുള്ളവരെ ആദ്യവും പിന്നീട ദിവസ വേതന അധ്യാപകരെയും പിരിച്ച് വിടാനും ഒന്നിൽ കൂടുതൽ ദിവസ/മണിക്കൂർ വേതന അധ്യാപകർ ഉണ്ടെങ്കിൽ ദിവസ/മണിക്കൂർ വേതന അധ്യാപകരെ പിരിച്ച് വിടുമ്പോൾ ആദ്യം വന്നവർ ആദ്യം പോകണമെന്ന മാനദണ്ഡം ആണ് സ്വീകരിക്കുന്നത്.

F. ഇതുവരെയായി ഷെറിൻ സി എബ്രഹാം നെ മാത്രമേ ഇപ്രകാരം പിരിച്ചുവിട്ടിട്ടുള്ളൂ
G. പുറത്താക്കിയിട്ടില്ല.

1.22 ഉത്തരത്തിൽ വ്യക്തത കുറവുണ്ട്. A D M ന്റെ മരണവുമായി ബന്ധപ്പെട്ട ചോദ്യത്തിന് എതിരെ പരാതി ലഭിച്ചിട്ടുണ്ടോ എന്നാണ് ആദ്യത്തെ ചോദ്യം. പ്രസ്തുത പരാതിയിൽ മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ്. ആ ചോദ്യത്തിന് ഉത്തരമായിട്ട് തന്നത്. പരാതി ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടി ചോദിച്ചപ്പോഴാണ് NET യോഗ്യതയില്ലാത്ത ആരോപണ വിധേയനായ ആളെ മാറ്റിയിട്ടുണ്ട്. ചോദ്യം ആ ചോദ്യ പേപ്പർ പരാതിയിൽ മഞ്ചേശ്വരം ക്യാമ്പസിലെ വിദ്യാർത്ഥികൾ തന്ന പരാതിയിലെ നടപടി എന്താണ്. നടപടി എടുത്തിട്ടുണ്ടോ എന്നാണ് ചോദ്യം -മുഹമ്മദ് ഹസീബ് ടി കെ വിശദീകരിച്ചു

1.23 നെറ്റ് യോഗ്യത ഇല്ലാത്തവരെ മാറ്റി നെറ്റ് യോഗ്യത ഉള്ളവരെ ആണ് നിയമിക്കുന്നത്. അത് യൂണിവേഴ്സിറ്റിയുടെ സമഗ്ര വികസനത്തിനും യുജിസി ഗൈഡ് ലൈൻ പ്രകാരം ചെയ്യുന്ന ഒരു സാധാരണ നടപടി ക്രമം മാത്രമാണ്. യോഗ്യത ഇല്ലാത്ത വരാണ് മാറി പോകുന്നത് യോഗ്യത ഉള്ളവർ വരുമ്പോൾ അത് കൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന്റെ എല്ലാ ചോദ്യങ്ങൾക്കും ഉള്ള ഉത്തരം നമ്മുടെ യൂണിവേഴ്സിറ്റിയുടെ നിലപാടും. യൂണിവേഴ്സിറ്റി ആക്ടും, ചട്ടങ്ങളും പ്രകാരമാണ് എന്ന് ഡോ: എ അശോകൻ അറിയിച്ചു.

1.24 പാലയാട് ക്യാമ്പസ്സിലും മഞ്ചേശ്വരം ക്യാമ്പസ്സിലും നെറ്റ് യോഗ്യത ഇല്ലാത്ത ആൾ ജോലി ചെയ്യുന്നുണ്ട്. അപ്പോൾ നെറ്റ് യോഗ്യത ഇല്ലാ എന്ന് പറഞ്ഞു കൊണ്ട് മറ്റൊരു വിഷയത്തിൽ പുറത്താക്കാൻ ശ്രമിച്ചു എന്ന് ഉള്ളത് വ്യക്തമാക്കാൻ വേണ്ടിയാണു ആ ഒരു ചോദ്യം ചോദിച്ചത് മുഹമ്മദ് ഹസീബ് ടി കെ വിശദീകരിച്ചു.

1.25 സർവ്വകലാശാലയിൽ താൽക്കാലിക ജീവനക്കാരെ മാറ്റുന്നത് സംബന്ധിച്ച മാനദണ്ഡം ആദ്യം ജോലിയിൽ പ്രവേശിച്ചവരെ ആദ്യം (First come first out) മാറ്റുക എന്നതാണ്. 19 ന് ഇന്റർവ്യൂ നടത്തി നെറ്റ് ഉള്ള അധ്യാപകർ വന്നു. ഒരാളാണ് അതിൽ യോഗ്യതനേടിയത്. യോഗ്യതയുള്ള അദ്ധ്യാപകനെ എടുത്തപ്പോൾ സ്വാഭാവികമായും ആദ്യം വന്ന ആൾ പോകേണ്ടി വന്നു. നെറ്റുള്ള അധ്യാപകർ വരുമ്പോൾ നെറ്റ് ഇല്ലാത്തവർ മാറേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അധ്യാപകൻ പോയത് ചോദ്യപേപ്പറുമായി യാതൊരു ബന്ധമുള്ള കാര്യമല്ല എന്ന് വൈസ് ചാൻസലർ അറിയിച്ചു.

Q.No.11

**Dr.JITHESH K.**

ചോദ്യം: കണ്ണൂർ യൂണിവേഴ്സിറ്റി അടുത്ത NAAC അക്രെഡിറ്റേഷനു പോകേണ്ടത് 2026 ലാണ് കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളിൽ NAAC, NIRF ഇത് ഉയർന്ന ഗ്രേഡുകൾ നേടുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ നമുക്കും മികച്ച ഗ്രേഡ് നേടിയെടുക്കേണ്ടതായിട്ടുണ്ട് .ഇതിനായി എന്തൊക്കെ മുന്നൊരുക്കങ്ങൾ സർവകലാശാല തലത്തിൽ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**ഉത്തരം:** ഡോ:സുകുമാരൻ എം.

ഇവിടെ ഉന്നയിച്ച വിഷയവുമായി ബന്ധപെട്ടു വളരെ ക്രിയാത്മകവും, ക്രിയാത്മകമായിട്ടുള്ള ചർച്ചകളും പദ്ധതികളുമായിട്ടാണ് സർവകലാശാല മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത് എന്ന് ഡോ:സുകുമാരൻ എം അറിയിച്ചു

അടുത്ത NAAC അക്രെഡിറ്റേഷൻ ലക്ഷ്യം വച്ച് കൊണ്ട് നടത്തേണ്ട പ്രധാന പ്രവർത്തനങ്ങളും അവയ്ക്കു ആവശ്യമായി വരുന്ന സാമ്പത്തികവും സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കുകയും 25.10.2024 തിയ്യതിയിലെ യോഗത്തിന്റെ 2024.933 നമ്പർ തീരുമാനം പ്രകാരം സിൻഡിക്കേറ്റ് പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും തുടർ നടപടികൾ എടുക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ കാര്യങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു

1.26 മേൽ വിഷയം വിശദമാക്കാൻ ശ്രീ:അനീഷ് കുമാർ കെ പി യോട് വൈസ് ചാൻസലർ ആവശ്യപ്പെട്ടു .

1.27 നാക്ക് അക്രിഡിറ്റക്ഷനുമായി ബന്ധപെട്ടു ഏഴ് പാരാമീറ്ററുകളും യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ അക്രഡിറ്റഷൻ സ്കോർ പരിശോധിക്കുകയും യൂണിവേഴ്സിറ്റി ഏതു മേഖലയിലാണ് കൂടുതൽ മെച്ചപ്പെടേണ്ടത് എന്ന് കൃത്യമായി പഠനം നടത്തുകയും ഏകദേശം നാലു കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ഉണ്ടാക്കി സിണ്ടിക്കേറ്റിൽ വച്ച് പാസ്സാക്കിയിട്ടുണ്ട്. . അതിനുവേണ്ട കാര്യങ്ങൾ ഓരോന്ന് ഓരോന്നായി ചെയ്തു വരികയാണ്. ഈ മുഴുവൻ പരാമീറ്ററും ബ്രിഡ്ജ് ചെയ്യുന്നതോടുകൂടി നമുക്ക് തീർച്ചയായിട്ടും A ഗ്രേഡിനു മുകളിലുള്ള ഒരു ഗ്രേഡ് കിട്ടും. എന്നാണ് യൂണിവേഴ്സിറ്റി പ്രതീക്ഷിക്കുന്നത് എന്ന് ശ്രീ:അനീഷ് കുമാർ കെ പി വിശദീകരിച്ചു.

1.28 നമുക്ക് A ഗ്രേഡിലേക്ക് വരാൻ വേണ്ടിയിരുന്നത് വെറും 154 പോയിന്റ് ആയിരുന്നു. ഇത് പറയാനുള്ള കാര്യം കഴിഞ്ഞ പ്രാവശ്യം യൂണിവേഴ് സിറ്റിക്ക് ബി++ ഗ്രേഡ് കിട്ടുമ്പോൾ നമുക്ക് വെറും 154 മാർക്കായിരുന്നു .

A ഗ്രേഡ് നിന്നും ഷോർട്ട് ആയതു നാലായിരം പോയിന്റ് സ്കോർ കാൽകുലേറ്റ് ചെയ്യുമ്പോൾ നമുക്ക് A ഗ്രേഡിലേക്ക് വരാൻ വേണ്ടിയിരുന്നത് വെറും 154 പോയിന്റായിരുന്നു . അതായതു നമ്മൾ വളരെ ക്ലോസ് ഒരു മിസ് ആണ് നമുക്ക് സംഭവിച്ചത് . അതുകൊണ്ടു തന്നെ ഇ പ്രാവശ്യം നമ്മൾ ബ്രിഡ്ജ് ചെയ്യാനുള്ള എല്ലാ പരാമീറ്ററുകളും അഡ്രസ് ചെയ്യുന്നതോടുകൂടി ഈ പ്രാവശ്യം വലിയതോതിൽ ഒരു മുന്നേറ്റം കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഉണ്ടാകും എന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം വന്ന KIRF റാങ്കിങ്ങിൽ പോലും യൂണിവേഴ്സിറ്റിക്ക് നല്ലൊരു പ്രകടനം കാഴ്ച വെക്കാൻ പറ്റിയിട്ടുണ്ട് , നമ്മൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയായിട്ടുള്ള ഗ്യാപ്പ് വളരെ കുറവാണു. അടുത്ത KIRF റാങ്കിങ്ങിൽ നമ്മൾ ആറാം സ്ഥാനത്തുനിന്നും അഞ്ചാം സ്ഥാനത്തേക്ക് എത്തും എന്നാണ് പ്രതീക്ഷിക്കുന്നത് ശ്രീ:അനീഷ് കുമാർ കെ പി ഒന്നും കൂടി വിശദീകരിച്ചു.

1.29 എനിക്ക് ബഹു:മെമ്പർ മാരുടെ അടുത്ത് ഒരു കാര്യം പറയാനുള്ളത് പല യൂണിവേഴ്സിറ്റിയുടെ റെപ്രസെന്ററ്റീവ് ഇവിടെ ഉണ്ട്. ഏകദേശം 600 ഓളം റിസർച്ച് സ്കോളേഴ്സ് ആണ് നമ്മുടെ കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ളത്. വളരെ നിർഭാഗ്യം എന്ന് പറയട്ടെ 154 പോയിന്റ് കുറവ് എന്ന് പറയാൻ റിസർച്ച് കമ്പോണന്റ് വളരെ കുറവായിരുന്നു. ഒരു പേപ്പർ എങ്കിലും കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ഉള്ള രീതിയിൽ ഒരു പത്ത് ഇരുന്നൂറ് പേപ്പർ ഉണ്ടായിരുന്നുവെങ്കിൽ നമുക്ക് (സുഖമായിട്ട്) A ഗ്രേഡ് കിട്ടേണ്ടതായിരുന്നു. ഇവിടെ (ക്ലൈമറ്റ്) അങ്ങിനെയാണ്.ഇവിടുത്തെ അന്തരീക്ഷം അതായത് അഫിലിയേറ്റഡ് കോളേജസിന് വേറെ യൂണിവേഴ്സിറ്റി ഒന്നും കൊടുക്കാത്ത ഒരു സ്കോളർഷിപ്പ്, ഒരു ഫെല്ലോഷിപ്പ് 10,000/- രൂപയോളം ഫെലോഷിപ്പ് കൊടുക്കുന്ന യൂണിവേഴ്സിറ്റിയാണ് കണ്ണൂർ യൂണിവേഴ്സിറ്റി. അതിന്റെ അഫിലിയേഷൻ പോലും എൻഷുർ ചെയ്യാൻ പറ്റാത്തതുകൊണ്ടാണ് ഇങ്ങിനെ ഒരു സംഭവം ഉണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് ഇങ്ങിനെ ഇൻസിസ്റ്റ് ചെയ്യുന്നത്. അഫിലിയേഷൻ ഉള്ള ഒരു കാര്യമുണ്ടായിരുന്നെങ്കിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ റിസർച്ച് കമ്പോണന്റ് സെർച്ച് ചെയ്യുമ്പോൾ ഈ എല്ലാ പേപ്പേഴ്സും സ്വാഭാവികമായും കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ക്രെഡിറ്റിൽ വരേണ്ടതാണ്. അവിടെ വലിയൊരു അപാകത സംഭവിച്ചിട്ടുണ്ട്. അല്ലെങ്കിൽ നേരത്തെ തന്നെ A ഗ്രേഡ് കിട്ടേണ്ടതാണ്. എന്തായാലും 7 പോയിന്റ് വച്ചിട്ട് വളരെ സമഗ്രമായി സ്റ്റഡി ചെയ്തിട്ട് അഫിലിയേഷൻ അതിന്റെ കൂടെ ഒരു കാര്യം കൂടി ആഡ് ചെയ്യാം. പിയർ പെർസെപ്ഷൻ. പിയർ പെർസെപ്ഷൻ എന്ന് പറഞ്ഞാൽ മറ്റുള്ളവർ

യൂണിവേഴ്സിറ്റിയെ കുറിച്ച് എന്താണ് ചിന്തിക്കുക എന്നുള്ള ഈ പിയർ പെർസെപ്ഷൻ. ഞാൻ NAAC ഒബ്സർവേർ ആയതുകൊണ്ട് പറയുകയാണ് അതും വലിയൊരു ഘടകമാണ്. അതിൽ ഏറ്റവും കുറവ് കിട്ടിയത് കണ്ണൂർ യൂണിവേഴ്സിറ്റിക്കാണ്. സ്വാഭാവികമായും പേപ്പറിൽ വരുന്ന എല്ലാ നെഗറ്റീവ് ന്യൂസും അതിന്റെ contributary ഫാക്ടർ ആണ്. അപ്പോൾ യൂണിവേഴ്സിറ്റിയുടെ മുഖച്ഛായ എങ്ങിനെ വന്നാലും മാറ്റി എടുത്താൽ മാത്രമേ പിയർ പെർസ്പെഷൻ ഉണ്ടാവൂ . പിയർ പെർസെപ്ഷൻ നമ്മുടെ കൈയ്യിൽ ഇരിക്കുന്നതല്ല പുറത്തു നിന്നുള്ളവർ എങ്ങിനെ യൂണിവേഴ്സിറ്റിയെ വീക്ഷിക്കുന്നു എന്നുള്ളത് ഒരു ഘടകമാണ് . നാച്ചുറൽ ആയിട്ട് നമ്മൾ തന്നെ നമ്മുടെ യൂണിവേഴ്സിറ്റിയുടെ മുഖച്ഛായ മാറ്റിയെടുത്തെ പറ്റുള്ളൂ . നെഗറ്റീവ് ന്യൂസ് എത്രയും കുറയ്ക്കുക, പോസിറ്റീവ് ന്യൂസ് എന്ന് പറഞ്ഞാൽ വെറുതെ ഉണ്ടാക്കുകയല്ല യൂണിവേഴ്സിറ്റി Naturaly outshine ചെയ്യത് പ്രവർത്തനത്തിലൂടെ ഒരു പോസിറ്റീവ് ന്യൂസ് ഉണ്ടാക്കണം. അങ്ങിനെ മാത്രമേ നമുക്ക് NAAC നെ നേരിടാൻ പറ്റുകയുള്ളൂ. വൈസ് ചാൻസലർ വിശദീകരിച്ചു.

Q.No.12

**Sri. SAJI JAMES K**

ചോദ്യം: Why are there no BCA representatives on the Computer science Board of Studies ? How can University develop a BCA curriculum without the expertise of BCA faculty members in the Computer science Board of Studies ?

**ഉത്തരം: ശ്രീ.പ്രമോദ് കുമാർ.കെ വി**

സിണ്ടിക്കേറ്റ് സബ്കമ്മിറ്റി തയ്യാറാക്കി സിണ്ടിക്കേറ്റ് ശുപാർശ ചെയ്ത ചാൻസിലർക്ക് അംഗീകാരത്തിനായി അയക്കുന്ന പാനലിൽ നിന്നാണ് പഠന ബോർഡ് അംഗങ്ങളെ ബഹു. ചാൻസിലർ നാമനിർദേശം ചെയ്യുന്നത്. നിലവിൽ കമ്പ്യൂട്ടർ സയൻസ് പഠന ബോർഡാണ് ബി സി എ സിലബസ് തയ്യാറാക്കുന്നത്. നിലവിലുള്ള പഠന ബോർഡിൽ ബി സി എ യിൽ നൈപുണ്യമുള്ള അംഗങ്ങൾ കുറവായതിനാൽ ബി സി എ സിലബസ് തയ്യാറാക്കുന്നതിനായി ഒരു കോഴ്സ് കോർഡിനേറ്ററെ നിയമിക്കണമെന്ന് 04/11/2024 നു നടന്ന കമ്പ്യൂട്ടർ സയൻസ് (യു ജി) പഠന ബോർഡ് യോഗം ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം വൈസ് ചാൻസലറുടെ പരിഗണനയിലാണ്.

Q.No.13

**Dr. PRAPANCH C**

: I am happy to be as a senate member of Kannur University. Asking some of the questions regarding ayurveda. As I am an Ayurvedic Personnel, considering the increasing global recognition of Ayurveda and its importance in holistic healthcare, I would like to address the status of our Ayurveda therapy course. I am the state member of AHMA which is an association of Ayurvedic Hospital management all over Kerala. Near about 350 hospitals are there under this association. Every alurvedic hospital having and important post of ayurvedic Therapist. For which there is no much official courses conducted anywhere. Government was conducting some courses which is not on regular basis. Every hospital will be having the post of ayurvedic therapist from two to fourteen numbers or even above according to the bed Strength of the hospital. But for this post there is no well trained or well educated people available now because of the lack of the course conducted for ayurvedic therapists. Government was conducting a course of ayurveda panchakarma therapist which was done at some colleges which is not sufficient. Nowadays there is no course going on under Government for this.

Even there are many educational institutes and also some of the hospitals conducting course for this which is under BSS or Skill development certificates. But these certificates are not valuable for PSC. or any other government post. For NABH and Clinical establishment bill registration they are asking the therapists who have completed the panchakarma course of Government. But no one is available for the post now. And even for the foreign countries like oman, UAE etc. Therapist should pass the panchakarma course of the Government. so there is a big scarcity of people who have completed the panchakarma therapy course of government.

So is it possible that Kannur university can start a course for this Panchakarma therapy by seeing the importance and necessity of the course and can give the permission to start a community college by any of the hospital or institutes of Ayurveda?

**ഉത്തരം:** ഡോ: ജോസഫ് തോമസ്

കമ്മ്യൂണിറ്റി കോളേജുകൾക്ക് മാത്രമേ പഞ്ചകർമ തെറാപ്പി കോഴ്സുകൾ തുടങ്ങാൻ സാധിക്കു. കമ്മ്യൂണിറ്റി കോളേജുകളുടെ അപേക്ഷകർ ഒരു രെജിസ്റ്റേർഡ് ട്രസ്റ്റോ സൊസൈറ്റിയോ ആയിരിക്കണം. കമ്മ്യൂണിറ്റി കോളേജുകളുടെ ആരംഭ പ്രവർത്തനങ്ങൾക്കുള്ള മാർഗ രേഖ കണ്ണൂർ സർവകലാശാല പുറത്തിക്കിയിട്ടുണ്ട്. (U.O. No. Acad A1/12325/Community/Fine Arts colleges/2022 dated :24.03.2023)

1.30 ഇവിടെ ഉണ്ടായിരുന്ന മെഡിക്കലുമായി ബന്ധപ്പെട്ട കോഴ്സുകൾ KUHS ലേക്ക് മാറ്റപ്പെട്ടു. ആ ഒരു കാര്യം കൂടി പരിഗണിച്ചു വേണം പുതിയ കോഴ്സ് തുടങ്ങാൻ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന അവസരത്തിൽ പഞ്ചകർമ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോദിക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു

Q.No.14

**Ms.HARSHA P.**

ചോദ്യം : കണ്ണൂർ സർവകലാശാല FYUGP ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണയത്തിന് അധ്യാപകർക്ക് പണം നൽകുന്നുണ്ടോ. വിദ്യാർത്ഥികളിൽ നിന്ന് മൂല്യ നിർണയ ഇനത്തിൽ പിരിച്ച ആകെ തുക എത്ര?

**ഉത്തരം:** ഡോ:സജിത പി .കെ

പരീക്ഷാ മൂല്യനിർണ്ണയത്തിനു മാത്രമായി സർവകലാശാല ഇനം തിരിച്ച് ഫീസീടാക്കുന്നില്ല. ഒന്നാം സെമസ്റ്റർ FYUGP നവംബർ 2024 പരീക്ഷകളുടെ മൂല്യനിർണയം അതാത് കോളേജുകളിലാണ് നടക്കുന്നത്. സിംഗിൾ ഫാക്കൽറ്റി ഡിപ്പാർട്മെന്റ് കളിലെ മൂല്യനിർണയം നടത്തുന്നതിലെക് Chief Examiner മാരെ സർവ്വകലാശാല നിയമിച്ചിട്ടുണ്ട്. അവർക്കുള്ള റെമ്യൂണറേഷൻ സർവകലാശാല നൽകുന്നുണ്ട്. കൂടാതെ FYUGP Odd Semester മൂല്യനിർണയ സമയത്തു കോളേജുകളിൽ സർപ്രൈസ് സന്ദർശനം നടത്തുന്ന പരീക്ഷ ബോർഡ് അധ്യക്ഷൻ, ബോർഡ് അംഗങ്ങൾ എന്നിവർക്കും റെമ്യൂണറേഷൻ സർവകലാശാല നൽകുന്നുണ്ട് .

Q.No.15

**Sri.ASHITH ASHOKAN T**

ചോദ്യം: കണ്ണൂർ സർവകലാശാലയിൽ പരീക്ഷ നടത്തിപ്പ് ഉൾപ്പെടെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടു മുൻകാലങ്ങളിൽ സർവകലാശാല ഉപയോഗിച്ചിരുന്ന സോഫ്റ്റ്‌വെയറുകളും നിലവിൽ സർവകലാശാല ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളും തമ്മിലുള്ള സൗകര്യങ്ങളിലെ വ്യത്യാസങ്ങൾ എന്തൊക്കെയാണ്? പഴയ സോഫ്റ്റ്‌വെയറിൽ FYUGP നടത്തുന്നതിനുള്ള പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുക ?

**ഉത്തരം:** പ്രൊഫ: തോമസ് മോനോത്ത്.

സർവ്വകലാശാല നിലവിൽ നടത്തുന്ന കോഴ്സുകളുടെ (FYUGP/ FYIMP ഒഴികെയുള്ള) പരീക്ഷാ സംബന്ധമായ പ്രവൃത്തികൾ മുൻകാലങ്ങളിലെ സോഫ്റ്റ് വെയർ ഉപയോഗിച്ച് തന്നെ ആണ് തുടരുന്നത്. കണ്ണൂർ സർവകലാശാല FYUG/FYIMP പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പിനായി പ്രത്യേക സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടില്ല. 2024-25 വർഷത്തിൽ തുടങ്ങിയ FYUGP/ FYIMP മാതൃകയിൽകോഴ്സുകളുടെ ഒരു ഇന്റഗ്രേറ്റഡ് ERP സൊല്യൂഷൻ ആയാണ് K-REAP നെ പരിഗണിച്ചിരിക്കുന്നത്. K-REAP ഒരു ERP സൊല്യൂഷൻ എന്ന നിലയിൽ വിദ്യാർഥിയുടെ പ്രവേശനം മുതൽ ബിരുദ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള അക്കാദമിക് ലൈഫ് സൈക്കിൾ ഇതിൽ ലഭ്യമാണ്. K-REAPൽ എൻറോൾ ചെയ്ത വിദ്യാർഥിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അഭ്യുദയകാംക്ഷികൾക്ക് ലഭ്യമാവുന്ന സംവിധാനമായാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. അതിന്റെ ആദ്യ മൊഡ്യൂളായ എക്സാമിനേഷൻ മാനേജ്മന്റ് സിസ്റ്റമാണ് ഇപ്പോൾ സർവകലാശാലയിൽ നടപ്പിലാകുന്നത്.

യൂസർ റോൾ മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ, എക്സാം മാനേജ്മെന്റ്, പ്രോഗ്രാം ഡെഫനിഷൻ, സ്റ്റുഡന്റ്, റിസൾട്ട് പ്രോസസ്സിംഗ്, അസ്സസ്മെന്റ് മാർക്ക് എൻട്രി, അഡ്മിഷൻ, രജിസ്ട്രേഷൻ, കോളേജ് പ്രോഗ്രാം അഫിലിയേഷൻ എന്നി സബ് മൊഡ്യൂളുകളാണ് നിലവിൽ എക്സാം മാനേജ്മന്റ് സിസ്റ്റത്തിലുള്ളത്. ലേണിങ് മാനേജ്മന്റ് ഉൾപ്പെടെയുള്ള മൊഡ്യൂളുകളുടെ വികസനവും K-REAP ന്റെ ഭാഗമായി വരുന്നുണ്ട്

1.31 കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥിയെ സംബന്ധിച്ച് ഒരു മൊബൈൽ അപ്ലിക്കേഷൻ രൂപത്തിൽ അഡ്മിഷൻ എടുത്തത് മുതൽ റിസൾട്ട് വരുന്നത് വരെയുള്ള കാര്യങ്ങൾ simplify ചെയ്തുകൊണ്ടുള്ള ഒരു സൊല്യൂഷൻ implement ചെയ്യാനാണ് യൂണിവേഴ്സിറ്റി ആലോചിച്ചു കൊണ്ടിരിക്കുന്നത് എന്ന് പ്രൊഫ:തോമസ് മോനോത്ത് അറിയിച്ചു.

1.32 രണ്ടു സോഫ്റ്റ് വെയർ തമ്മിലുള്ള വ്യത്യാസവുമാണ് ചോദിച്ചിരിക്കുന്നത് എന്നതിനാൽ IT ഡയറക്ടറുടെ ഒരു വിശദീകരണം കൂടി കേൾക്കാം എന്ന് വൈസ് ചാൻസിലർ അറിയിച്ചു.

1.33 നിലവിലുള്ള സോഫ്റ്റ് വെയർ പ്രകാരം ഇൻഡിപെൻഡന്റ് യൂണിറ്റുകളാണ് സോഫ്റ്റ് വെയരിൽ വർക്ക് ചെയ്യുന്നത്. അഡ്മിഷന് ഒരു സോഫ്റ്റ് വെയർ ഉപയോഗിക്കുകയും അതിനു ശേഷം ഡാറ്റ എക്സാമിലേക്ക് കൈമാറുകയും ചെയ്യുന്നു. എക്സാമിൽ ഓരോ പ്രോസെസ്സും പൂർത്തീകരിച്ചത് Data Base ബാക് അപ്പ് പൂർത്തീകരിച്ചു കൊണ്ടുപോകുന്ന സിസ്റ്റമാണ്. ഇപ്പോൾ നമ്മുടെ FYUGP യുടെ കേസിലാണെങ്കിലും നമ്മൾ ആദ്യത്തെ രജിസ്ട്രേഷൻ നടത്തുമ്പോൾ തന്നെ അക്കാദമിക വിഭാഗത്തിലുള്ള കോളേജിന്റെ ഡീറ്റൈൽസും, പരീക്ഷ വിഭാഗത്തിന്റെ പക്കലുള്ള കോളേജിന്റെ ഡീറ്റൈൽസും തമ്മിലുള്ള ഡിഫറെൻസ് നോട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സിംഗിൾ ഡാറ്റ ബേസിലേക്ക് ഒരു ഇന്റഗ്രേറ്റഡ് ഫ്രെയിം വർക്കിലേക്ക് വരിക എന്നതാണ് . FYUGP ചെയ്യുമ്പോഴുള്ള പ്രധാനപ്പെട്ട ആവശ്യം. കാരണം ഈ FYUGP യെ സംബന്ധിച്ചു കോളേജസ് പറയുന്ന യൂണിറ്റിനു പോലും പ്രസക്തി ഇല്ലാതെ ആവുകയാണ്. കുട്ടിക്ക് അടുത്ത പ്രോഗ്രാമിലേക്കോ കോളേജിലേക്കോ മാറലോ 3rd സെമസ്റ്ററിൽ പുതിയ Pathway യിലേക്ക് വരാം. വളരെ broad ആയ ഒരു Integrated System ഉണ്ടെങ്കിൽ മാത്രമാണ് FYUG നടത്താൻ കഴിയുക എന്നത് കേരളത്തിലെ എല്ലാ IT ഡയറക്ടർ മാരുടെ യോഗത്തിൽ അടക്കം ചർച്ച ചെയ്തതാണ്. നിലവിലുള്ള സോഫ്റ്റ് വെയർ അതെ രീതിയിൽ FYUG യുടെ ഫ്ലെക്സിബിലിറ്റിയും അതിന്റെ എല്ലാ സാധ്യതകളും ഉപയോഗപെടുത്തികൊണ്ട് ഉപയോഗിക്കാവുന്ന രീതിയിൽ അല്ല ഉള്ളത് FYUG/FYIMP പ്രോഗ്രാം വന്നപ്പോൾ തന്നെ നമ്മൾ സർക്കാർ നിർദേശ പ്രകാരം K-REAP ലൂടെ അതിന്റെ രജിസ്ട്രേഷൻ സ്റ്റാർട്ട് ചെയ്യുകയും മുന്നോട്ട് പോകുകയും ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയറുകൾ തമ്മിൽ താരതമ്യപ്പെടുത്താൻ FYUG പാറ്റേണിലുള്ള കോഴ്സ് പഴയ സോഫ്റ്റ് വെയറിൽ നമ്മൾ ചെയ്തിട്ടുണ്ടായിരുന്നില്ല. ഡോ:വിവേക് പി, IT-Director വിശദീകരിച്ചു.

1.34 മറുപടിക്കകത്തു K-REAP എൻറോൾ ചെയ്ത വിദ്യാർത്ഥിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അഭ്യുദയകാംക്ഷികൾക്ക് ലഭ്യമാകുന്ന സംവിധാനമായാണ് ഇതിനെ വിഭാവനം ചെയ്തത് എന്ന് പ്രതിപാദിച്ചിരിക്കുന്നത്. ആരെയാണ് അഭ്യുദയകാംക്ഷികൾക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർവകലാശാല എന്ത് മാനദണ്ഡ പ്രകാരമാണ് അഭ്യുദയകാംക്ഷികളെ തീരുമാനിച്ചിട്ടുള്ളത്- അഷിത്ത് അശോകൻ. ടി ചോദിച്ചു

1.35 സർ ഇതിൽ മൂന്ന് തരത്തിലുള്ള ഓപ്ഷൻ ഉണ്ട്.ഒന്ന് വിദ്യാർത്ഥി രജിസ്റ്റർ ചെയ്യുന്ന സമയത്തു കോളേജ് ലെവലിലാണ് ഡാറ്റ ലഭ്യമാക്കുന്നത്. പ്രിൻസിപ്പൽ സബ്മിറ്റ് ചെയ്യുന്നത് വരെ ഇതിന്റെ സ്റ്റാറ്റിസ്റ്റിക്സും ഡാഷ് ബോർഡ് അടക്കമുള്ള വിവരങ്ങൾ HOD മാർക്കും,

പ്രിൻസിപ്പൽ മാർക്കും ലഭ്യമാക്കുന്ന രൂപത്തിലാണ് ഉള്ളത്. സർവകലാശാലയിലെ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റിൽ ഇരിക്കുന്നവർക്ക് മുഴുവൻ ഇതിന്റെ സ്റ്റാറ്റിസ്റ്റിക്സ് ലഭ്യമാക്കുന്നുണ്ട്. അതോടൊപ്പം K-REAP ന്റെ സ്റ്റേറ്റ് ലെവൽ ഓപ്പൺ പോർട്ടൽ ഉണ്ട്. പബ്ളിക്കിന് ഇപ്പോൾ K-REAP ന്റെ പോർട്ടൽ നോക്കിയാൽ കണ്ണൂർ യൂണിവേഴ്സിറ്റി എത്ര പ്രോഗ്രാമുകൾ ഓഫർ ചെയ്തിട്ടുണ്ട് എന്നും എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും, എത്ര കുട്ടികൾ എക്സാം എഴുതി എന്നും, അതിൽ മെയിൽ എത്ര, ഫീമെയിൽ എത്ര എന്നുള്ള പബ്ലിക്ക് ഡൊമൈനിൽ ആ ഡാറ്റ ലഭ്യമാണ്- ഡോ:വിവേക് പി IT-Director വിശദീകരിച്ചു.

1.36 എല്ലാ അഭ്യുദയകാംക്ഷികൾക്കും വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാകും എന്നാണോ ഉദ്ദേശിക്കുന്നത്-അഷിത്ത് അശോകൻ. ടി ചോദിച്ചു

1.37 പബ്ലിക്കിന് എന്തായാലും എക്സാമിനേഷന്റെ വിവരങ്ങൾ ഒന്നും പുറത്തു അറിയില്ല. encripted ആയിട്ടാണ് കാര്യങ്ങൾ പോകുന്നത്. അഭ്യുദയകാംക്ഷി എന്നാൽ അപേക്ഷിച്ച വിദ്യാർത്ഥി, ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, എന്നാണുദ്ദേശിച്ചത്- വൈസ് ചാൻസിലർ വിശദീകരിച്ചു.

Q.No.16

**<u>Sri. RAGASH C</u>**

<u>ചോദ്യം :</u> കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷ, അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട ഓൺലൈൻ മുഖേന സമർപ്പിക്കുന്ന വിവരങ്ങളുടെ ഹാർഡ് കോപ്പി (പ്രിന്റൗട്ട് ) യൂണിവേഴ്സിറ്റി തീരുമാനിക്കുന്ന തീയതിയിൽ തന്നെ എത്തിക്കാൻ പറ്റാത്ത കാരണത്താൽ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും ഫൈൻ ഈടാക്കുന്നുണ്ട്. താരതമ്യേന കൂടുതൽ കോഴ്സുകളും, വിദ്യാർത്ഥികൾ ഉള്ളതും , യാത്ര സൗകര്യം കുറഞ്ഞ റിമോട്ട് ഏരിയകളിൽ പ്രവർത്തിക്കുന്നതുമായ കോളേജുകളിൽ നിന്നും ( ഉദാ : എളേരിത്തട്ട് ഗവ . കോളേജ്, മാനന്തവാടി ഗവ കോളേജ് പോലെയുള്ളവ) . ഇത്തരത്തിൽ ഫൈൻ ഈടാക്കുന്നതിൽനിന്നും ഇളവ് നൽകുന്നതിന് യൂണിവേഴ്സിറ്റിക്ക് തീരുമാനമെടുക്കാവുന്നതല്ലേ. കോളേജുകളുടെ ഭാഗത്തുനിന്നും ഗുരുതരമല്ലാത്ത ഇത്തരം ചെറിയ വീഴ്ചകൾക്ക് ഫൈൻ ഈടാക്കുന്ന യൂണിവേഴ്സിറ്റി, പരീക്ഷയുമായി ബന്ധപ്പെട്ട നോമിനൽ റോൾ, ഹാൾ ടിക്കറ്റ് എന്നിവ പ്രസിദ്ധീകരിക്കുന്നതിന് പലപ്പോഴും സമയ ക്രമീകരണം പാലിക്കുന്നതായി കാണുന്നില്ല.( ഉദാ:15.10.2024 തീയതിയിൽ ആരംഭിച്ച V സെമസ്റ്റർ BA, B.Sc, B.Com Regular Exam നോമിനൽ റോൾ പ്രസിദ്ധീകരിച്ചത് തുടർച്ചയായി 3 ദിവസം അവധി വരുന്ന ദിവസങ്ങളിൽ ആയിരുന്നു) കൂടാതെ യൂണിവേഴ്സിറ്റിയിൽ നിന്നും സർക്കുലർ മുഖേനെയും , ഇ മെയിൽ മുഖേനെയും ആവശ്യപ്പെടുന്ന വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് കോളേജുകൾക്ക് മതിയായ സമയം നൽകുന്നതായി

കാണുന്നില്ല. പലപ്പോഴും ഉച്ചയ്ക്ക് 12 മണിക്കോ 1 മണിക്കോ ആവശ്യപ്പെടുന്ന വിവരങ്ങൾ വൈകുന്നേരത്തിനുള്ളിൽ സമർപ്പിക്കാനാണ് നിർദ്ദേശിക്കുന്നത് .

**<u>ഉത്തരം.</u>** ഡോ:ഇസ്സയിൽ ഓലായിക്കര

അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനവുമായി ബന്ധപ്പെട്ടു ഓൺലൈൻ മുഖേന സമർപ്പിക്കുന്ന വിവരങ്ങളുടെ ഹാർഡ് കോപ്പി (പ്രിന്റൗട്ട്) സർവ്വകലാശാലയിൽ സമർപ്പിക്കുന്നതിനു കോളേജുകളോട് ആവശ്യപ്പെടുന്നില്ല .

പരീക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ഹാർഡ് കോപ്പി സർവകലാശാലയിൽ സമർപ്പിക്കേണ്ട തിയതി സംബന്ധിച്ചുള്ള വിവരം കാലേക്കൂട്ടി പരീക്ഷ വിജ്ഞാപനത്തിൽ അറിയിക്കുന്ന നിലവിലെ രീതിയിൽ മാറ്റം വരുത്താൻ സർവകലാശാല താല്പര്യപ്പെടുന്നില്ല. EPAY വഴി അല്ലാതെ പരീക്ഷ ഫീസ് അടക്കുന്ന നാമമാത്രമായ വിദ്യാർഥികളുടെ അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമാണ് ഹാർഡ് കോപ്പി വഴി സർവകലാശാലയിൽ സമർപ്പിക്കേണ്ടതുള്ളു. 15.10.2024 തിയതിയിൽ ആരംഭിച്ച അഞ്ചാം സെമസ്റ്റർ യു.ജി ഡിഗ്രി നവംബർ 2024 പരീക്ഷയുടെ ഹാൾടിക്കറ്റ്, നോമിനൽ റോൾ എന്നിവ സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 11.10.2024 തിയതിയിലെ അവധി അവിചാരിതമായി പ്രഖ്യാപിച്ചതാണ്. പരീക്ഷാതിയതിക്ക് 4 ദിവസം മുൻപായെങ്കിലും ഹാൾ ടിക്കറ്റ്, നോമിനൽ റോൾ പ്രസിദ്ധീകരിക്കാറുണ്ട്

1.38 ബഹു: മെമ്പർ പറഞ്ഞ കാര്യം നമുക്ക് ഒന്ന് പരിഗണിക്കാം റൂറൽ ഏരിയയിൽ ഉള്ളത് എന്നത് കേട്ട് നോക്കാം-- വൈസ് ചാൻസിലർ അറിയിച്ചു.

1.39 സർ ഞാൻ ഈ കാര്യം ഉന്നയിക്കാൻ കാരണം നോൺ ടീച്ചിങ് സ്റ്റാഫിന്റെ പ്രതിനിധി എന്ന രീതിയിലാണ് വന്നിരിക്കുന്നത്. പല കോളേജിലും സെനറ്റ് മെമ്പർ എന്ന രീതിയിൽ പല കോളേജിലും ബന്ധപ്പെടുമ്പോൾ അവർ ഉന്നയിക്കുന്ന കാര്യങ്ങളാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്- രാഗേഷ് സി അറിയിച്ചു

1.40 പരിഗണിച്ചു നോക്കാം- വൈസ് ചാൻസിലർ അറിയിച്ചു.

1.41 FYUGP യിൽ അത് വരുന്നില്ലല്ലോ അങ്ങിനെ ഒരു ബുദ്ധിമുട്ട് ഒഴിവാക്കിയിട്ടുണ്ട് ഈ പ്രാവശ്യം. ഈ ഒരു കാര്യം FYUG പ്രോഗാമിന് ഇല്ല. ചെറിയ പറ്റാവുന്ന ഫൈനുകൾ എല്ലാം നമുക്ക് ഒഴിവാക്കാൻ നോക്കാം, റൂറൽ ഏരിയയിൽ ഉള്ളവർക്ക് എന്ന് വച്ചിട്ട് തീരെ അത് ഒഴിവാക്കി കഴിഞ്ഞാൽ ഹാർഡ് കോപ്പി (പ്രിന്റൗട്ട് ) ഇവിടെ കിട്ടില്ല .

അതും കൂടി മനസിലാക്കണം നമുക്ക് എന്തെങ്കിലും ഒരു കണ്ടിഷൻ വെക്കേണ്ടി വരും. മാക്സിമം ഫൈൻ ചെയ്യാത്ത രീതിയിൽ ചെയ്യാൻ നോക്കാം-വൈസ് ചാൻസിലർ അറിയിച്ചു.

Q.No.17

**Smt.BUSHRA N**

ചോദ്യം:നിലവിൽ മതിയായ ഹാജർ ഇല്ലാതെ റോൾ ഔട്ട് ആകുന്ന വിദ്യാർത്ഥികൾ അടക്കം ഫീസ് അടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നുണ്ട് . അതിനു പകരം സ്ഥാപനങ്ങൾ APC യൂണിവേഴ്സിറ്റിയിൽ ഓൺലൈൻ ആയി നൽകിയ ശേഷം ഫീസ് അടക്കുന്ന രീതിയിലേക്ക് ക്രമീകരിക്കാൻ സാങ്കേതിക തടസ്സമുണ്ടോ?

**ഉത്തരം-** നിലവിൽ പരീക്ഷാ രജിസ്ട്രേഷൻ പ്രകാരം പരീക്ഷാരജിസ്ട്രേഷൻ ഓൺലൈൻ ആയതിനാൽ പരീക്ഷാഫീസ് ഒടുക്കിയാൽ (e-pay) മാത്രമേ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു.ഓരോ സെമസ്റ്ററിൻറെയും ഹാജർ നിലവാരം കണക്കാക്കുന്നത് പരീക്ഷാ ദിവസങ്ങൾ ഉൾപ്പെടെ ആകെ 90 പ്രവൃത്തി ദിവസം എന്ന് റഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നതിനാൽ പരീക്ഷാ രജിസ്ട്രേഷന് മുൻപേയുള്ള ഹാജർ നിലവാരം വെച്ച് രജിസ്ട്രേഷൻ അനുവദിക്കുക സാധ്യമല്ല.

Q.No.18.

**Ms. SOORYA ALEX**

ചോദ്യം : According to the FYUGP guidelines, students are permitted to choose their minor from any discipline other than their major, and the University allows the combination of BBA and B Com for major and minor selection. Why does the university not allow certain major -minor combinations, such as Computer Application and Computer Science?

**Ans.** 22/06/2024 തീയതിയിലെ നമ്പർ B3/385/2022 സർക്കാർ തീരുമാനപ്രകാരമാണ് ബിബിഎ - ബി കോം വിഷയങ്ങൾക്ക് മേജർ - മൈനർ കോമ്പിനേഷൻ അനുവദിക്കപ്പെട്ടിട്ടുള്ളത്. 30/08/2024 തീയതിയിലെ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് ബി എസ് സി കമ്പ്യൂട്ടർ സയൻസ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബി സി എ മൈനർ ആയും ബി സി എ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബി എസ് സി കമ്പ്യൂട്ടർ സയൻസ് മൈനർ

ആയും തിരഞ്ഞെടുക്കാൻ അനുവദിക്കേണ്ടതില്ല എന്ന് കോളേജുകളെ അറിയിച്ചിട്ടുള്ളത്.

Q.No.19.
**P S SANJEEV**

ചോദ്യം: യൂണിവേഴ്സിറ്റി അമിനിറ്റി സെന്ററിൽ Student Facilitation Centre എന്ന പേരിൽ KSU നേതാക്കൾ കേന്ദ്രീകരിച്ച് രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കുന്നു.യൂണിയൻ സമാന്തരമായ ഒരു കേന്ദ്രമാക്കി മാറ്റുന്നതിനെതിരെ നിരന്തരമായ പരാതി സർവകലാശാല യൂണിയൻ മുഖാന്തരം സമർപ്പിക്കുന്നു. അനധികൃതമായ ഈ പ്രവർത്തനം എപ്പോൾ അവസാനിക്കും?

**ഉത്തരം:** കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാഫ് കോ-ഓപ്പറേറ്റീവ് വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ 16/01/2021, 02/09/2021 തീയതികളിലെ കത്ത് പരിഗണിച്ച് താവക്കര അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്ങിലെ, മുൻപ് SBI പ്രവർത്തിച്ചിരുന്ന, നിലവിൽ ഒഴിഞ്ഞുകിടക്കുന്ന റൂമിൽ, സ്റ്റേഷനറി ഷോപ്പ് ആരംഭിക്കുന്നതിന് അനുമതി നൽകുകയും വിവരം 03.10.2021 തീയതികളിലെ കത്ത് മുഖേന സൊസൈറ്റിക്ക് നല്കുകയുമുണ്ടായി. എന്നാൽ സൊസൈറ്റിയുടെ ഭാഗത്തു നിന്നും മറുപടി ലഭിക്കുകയുണ്ടായില്ല.

കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാഫ് കോ-ഓപ്പറേറ്റീവ് വെൽഫെയർ സൊസൈറ്റിക്ക് സ്റ്റുഡന്റ് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് താവക്കര സ്റ്റുഡൻറ് അമിനിറ്റി സെന്ററിൽ സൗകര്യം നൽകണമെന്ന് അഭ്യർത്ഥിച്ച് 16.02.2022 നു കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷൻ (KUSO) പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ബഹു. വൈസ് ചാൻസലർ നിർദിഷ്ട സ്റ്റുഡന്റ് ഫെസിലിറ്റേഷൻ സെന്ററിൽ സ്റ്റേഷനറി ഐറ്റംസ്, കൂടാതെ ചായ, കാപ്പി, unpacked precooked bakery items എന്നിവ ഒഴികെയുള്ളവ വിൽക്കാൻ അനുമതി നൽകുകയും, ഈ വിവരം 17.05.2023 ലെ കത്ത് പ്രകാരം പ്രസിഡന്റ്/സെക്രട്ടറി, KUSO യെ അറിയിക്കുകയും ചെയ്തു. വൈസ് ചാൻസലർ നൽകിയ അനുമതി പ്രകാരം, സ്റ്റുഡൻറ് അമിനിറ്റി സെന്ററിലെ ഒന്നാം നിലയിൽ മേൽ സെന്റർ പ്രവർത്തിക്കുന്നതിന് 65 സ്കയർ ഫീറ്റ് ഏരിയ അനുവദിക്കുകയും സർവകലാശാല ചിലവിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുകയും ചെയ്തു. വാടകയും മറ്റ് വ്യവസ്ഥകളും സംബന്ധിച്ച കരാർ എക്സിക്യൂട്ട് ചെയ്യുന്നതിന്

മുൻപ് തന്നെ മേൽ സെന്ററർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ സേവനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട പരാതികളുംലഭിക്കുകയുണ്ടായി.മേൽ വിഷയം പരിഗണിച്ച 30.09.2024 ലെ സർവകലാശാല സിൻഡിക്കേറ്റ് യോഗം, സ്റ്റുഡൻറ് അമിനിറ്റി സെന്ററിൽ ഷോപ്പ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാഫ് വെൽഫയർ കോ-ഓപ് സൊസൈറ്റിയുമായി ഏർപ്പെടേണ്ട കരാറിന്റെ കരട് അംഗീകരിച്ചുകൊണ്ടുള്ള 2024.799 നമ്പർ തീരുമാനം കൈക്കൊള്ളുകയുണ്ടായി. കരാർ എക്സിക്യൂട്ട് ചെയ്യതിനു ശേഷം അതിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ സെന്റർ പ്രവർത്തിക്കാൻ പാടുള്ളൂവെന്നും സിണ്ടിക്കേറ്റ് തീരുമാനിക്കുകയുണ്ടായി. മേൽ സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ചുള്ള അറിയിപ്പ് 10.10.2024, 15.11.2024 തീയതികളിലെ കത്ത് മുഖേന സൊസൈറ്റിക്ക് നല്കുകയുണ്ടയായി. എന്നാൽ കരാറിൽ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ട നടപടികൾ സൊസൈറ്റിയുടെ ഭാഗത്തുനിന്നുംഉണ്ടായിട്ടില്ല. സിൻഡിക്കേറ്റ് അംഗീകരിച്ച മേൽ കരാറിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 15.11.2024 നു KUSO അപേക്ഷനൽകുകയുണ്ടായി.കരാർ ഒപ്പിടുന്നതുവരെ സ്റ്റുഡൻറ് അമിനിറ്റി സെന്ററിലെ സ്റ്റേഷനറി ഷോപ്പിന്റെ പ്രവർത്തനം നിർത്തിവെച്ച് താക്കോൽ കൈമാറണമെന്ന് 30.10.2024 നു രജിസ്ട്രാർ ഇമെയിൽ മുഖേന അറിയിപ്പ് നൽകുകയുണ്ടായി. രജിസ്ട്രാർ അറിയിച്ച പ്രകാരം സെന്ററിന്റെ താക്കോൽ തിരിച്ചേൽപ്പിച്ചുകൊണ്ടുള്ള KUSO സെക്രട്ടറിയുടെ 20.11.2024 ലെ കത്ത് ലഭ്യമായിട്ടുണ്ട്. സ്റ്റുഡന്റ് അമനിറ്റി സെന്ററിലെ മേൽ സ്ഥാപനം നിലവിൽ പ്രവർത്തിച്ചുവരുന്നില്ല.

Q.No.20.

**Sri.MAHESH CHANDRA BALIGA**

ചോദ്യം : The University has a Swimming Pool and had a coach who had produced good swimmers at state and National level, why was the coach terminated? and has a new coach been appointed ? if not why can't a coach be reappointed so that we can bring back the glory in swimming.

**Ans.** മങ്ങാട്ടുപറമ്പ ക്യാമ്പസ്സിലെ സ്വിമ്മിങ് പൂളിൽ നിയമിച്ച നീന്തൽ പരിശീലകൻ രാജിവച്ചതിനെത്തുടർന്ന് ഒരു താത്കാലിക പരിശീലകനെ മൂന്ന് മാസത്തേക്ക് നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കരാർ കാലാവധി

അവസാനിച്ചതിനാലാണ് നിലവിൽ പരിശീലകനില്ലാത്തത്. പുതിയ പരിശീലകനെ നിയമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സിണ്ടിക്കേറ്റിന്റെ അനുമതിയോടെ ചെയ്ത് വരുന്നുണ്ട് .

Q.No.21.
Smt . KOCHURANI AUGUSTINE

ചോദ്യം: കണ്ണൂർ സർവകലാശാലയിൽ ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ഏതു വിഭാഗത്തിൽ (ടീച്ചിങ്/നോൺ ടീച്ചിങ് വിഭാഗം) പെടുന്നു?

***ഉത്തരം***: കണ്ണൂർ സർവകലാശാല ഓർഡിനൻസ് 2005 പ്രകാരം ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ നോൺ ടീച്ചിങ് വിഭാഗത്തിലാണ് ഉൾപ്പെടുന്നത് . 02.07.2021 -ലെ GS3.777/ 2018 നമ്പർ കത്ത് പ്രകാരം ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക ടീച്ചിങ് വിഭാഗത്തിലേക്ക് മാറ്റുന്നതിന് ഗവർണർ അനുമതി നൽകിയിട്ടുണ്ട് . അതിനാൽ നിലവിൽ ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക അധ്യാപന ചുമതല ഇല്ലാത്ത അദ്ധ്യാപക തസ്തിക ആയാണ് കണക്കാക്കി വരുന്നത്.

Q.No.22.

**Sri.MUHAMMED ASHEFAS C H**

ചോദ്യം : National Institutional Ranking Framework (NIRF) 2024 റാങ്കിങ്ങിൽ Faculty-Student Ratio വിഭാഗത്തിൽ കണ്ണൂർ സർവകലാശാലയ്ക്ക് 25 ൽ എത്ര സ്കോർ ലഭിച്ചെന്ന് വ്യക്തമാക്കുക- NAAC അക്രെഡിറ്റേഷനും NIRF റാങ്കിങ്ങിലും കേരളത്തിലെ മറ്റ് സർവകലാശാലകളെക്കാൾ പിന്നോക്കം പോയതിൽ റെഗുലർ അധ്യാപകരും വിദ്യാർഥികളും തമ്മിലുള്ള അനുപാതം ബാധിച്ചിട്ടുണ്ടോ? ഈ അനുപാതം ഡിപ്പാർട്ടമെന്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കുകയും അനുപാതം മെച്ചപ്പെടുത്തേണ്ടതുണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുകയും ചെയ്യുക.

**ഉത്തരം:** National Institutional Ranking Framework (NIRF) 2024 റാങ്കിങ്ങിൽ Faculty-Student Ratio വിഭാഗത്തിൽ കണ്ണൂർ സർവകലാശാലയ്ക്ക് 25 മാർക്കും ലഭിച്ചിട്ടുണ്ട്. ആയതിനാൽ NAAC അക്രെഡിറ്റേഷനിലും NIRF റാങ്കിങ്ങിലും കേരളത്തിലെ മറ്റ് സർവകലാശാലകളെക്കാൾ പിന്നോക്കം പോയതിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള അനുപാതം ബാധിച്ചിട്ടില്ല.

Q.No.23

**Sri. SAJU P J**

ചോദ്യം : NAAC പരിശോധന സമയത്തു സർവകലാശാല താവക്കര ക്യാമ്പസിൽ ആരംഭിച്ച ഹെൽത്ത് സെന്ററ് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ടോ ? ഹെൽത്ത് സെന്റർ പ്രവർത്തന ക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം:** താവക്കര ക്യാമ്പസ്സിലെ ഹെൽത്ത് സെന്ററിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോക്ടർ, സേവനകാലാവധി പൂർത്തിയാകുന്നതിനു മുൻപേ 25/08/2023 AN നു വിടുതൽ ചെയ്യുകയും, നഴ്സ് നെ സേവനകാലാവധി അവസാനിച്ചതിനെ തുടർന്നു 04/04/2024 AN നു സേവനത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷം ഹെൽത്ത് സെന്ററിലെ ഡോക്ടർ, നഴ്സ് തസ്തികയിൽ നിയമനം നടക്കാത്തതിനാൽ നിലവിൽ താവക്കര ക്യാമ്പസ്സിൽ ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നില്ല. ക്യാമ്പസ് ഹെൽത്ത് സെന്ററുകളിൽ ഡോക്ടർ നഴ്സ് തസ്തികയിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ടു സമർപ്പിച്ച ഫയൽ നിലവിൽ വൈസ് ചാന്സലറുടെ പരിഗണനയിലാണ്.

Q.No.24

**Dr.DINESH T**

ചോദ്യം: നിലവിൽ അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിൻറെ external പരീക്ഷകൾക്ക് ഡബിൾ വാലുവേഷൻ സിസ്റ്റം ആണ് ഉള്ളത് .ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് റീ വാലുവേഷൻ അനുവദിക്കുന്നില്ല .ഇത് വിദ്യാർത്ഥികളുടെ അവകാശം നിഷേധിക്കലാണ്. നിരവധി വിദ്യാർത്ഥികൾ ഇത് മൂലം പ്രയാസമനുഭവിക്കുന്നു.ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സർവകലാശാലയ്ക്ക് സാധിക്കുമോ? സർവകലാശാല പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് സിംഗിൾ valuation cum re valuation രീതി തുടരുകയും അഫിലിയേറ്റഡ് കോളേജുകളിൽ double valuation(revaluation ഇല്ലാതെ) ഏർപ്പെടുത്തുകയും ചെയ്യുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ്?

**ഉത്തരം**: 12/ 09/ 2024 തീയതിയിലെ യൂണിവേഴ്സിറ്റി ഓർഡർ No ACAD / ACADC3 / 22488/ 2024 പ്രകാരം പഠന വകുപ്പുകളിലെ വിദ്യാർത്ഥികൾക്കും ഡബിൾ വാലുവേഷൻ രീതി നടപ്പിലാക്കിയിരുന്നു . പിന്നീട് പഠന വകുപ്പ്

മേധാവികളുടെ അപേക്ഷ പരിഗണിച്ച വൈസ് ചാൻസിലർ പഠനവകുപ്പുകളിൽ ഡബിൾ വാലുവേഷൻ രീതി ഒഴിവാക്കി സിംഗിൾ വാലുവേഷൻ നടപ്പിലാക്കാൻ ഉത്തരവിട്ടിരുന്നു . ഇതിന്റെ അടിസ്ഥാനത്തിലാണ് 16 / 02 / 2024 തീയതിയിലെ യൂണിവേഴ്സിറ്റി ഓർഡർ No ACAD/ACADC3/22488/ 2024 പ്രകാരം പഠന വകുപ്പുകളിൽ സിംഗിൾ വാലുവേഷൻ രീതി നടപ്പാക്കിയിരിക്കുന്നത്. പ്രസ്തുത യൂണിവേഴ്സിറ്റി ഓർഡർ 25/ 06/ 2024 തീയതിയിൽ നടന്ന അക്കാദമിക് കൌൺസിൽ യോഗം സാധൂകരിച്ചിട്ടുണ്ട് . സിംഗിൾ വാലുവേഷൻ രീതി കോളേജുകളിൽ പി ജി പ്രോഗ്രാമുകൾക്ക് പുനഃസ്ഥാപിക്കണമെന്ന ആവശ്യം 21/ 12/ 2024 നു ചേർന്ന അക്കാദമിക് കൗൺസിൽ പരിഗണിക്കുകയും സിംഗിൾ വാലുവേഷൻ രീതി പുനഃസ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

Q.No.25

**Ms. FARHANA T P**

ചോദ്യം : FYUGP വിദ്യാർത്ഥികൾക്ക് ഓഡ് സെമസ്റ്റർ പരീക്ഷകളുടെ പേപ്പറുകൾ അതാത് അദ്ധ്യാപകരാണ് മൂല്യനിർണയം നടത്തുന്നത്. തന്മൂലം ഉടലെടുക്കാൻ സാധ്യത ഉള്ള വിവേചനാത്മക സമീപനങ്ങൾ തടയാൻ സർവകലാശാലാ എന്തെങ്കിലും നടപടി കൈ കൊണ്ടിട്ടുണ്ടോ ?

**ഉത്തരം**: ഒന്നാം സെമസ്റ്റർ FYUGP നവംബർ 2024 പരീക്ഷകളുടെ മൂല്യനിർണയം അതാത് കോളേജുകളിലാണ്. സിംഗിൾ ഫാക്കൽറ്റി ഡിപ്പാർട്ട്മെൻറുകളിലെ മൂല്യനിർണയം നടത്തുന്നതിലേക്ക് ചീഫ് എക്സാമിനർമാരെ സർവ്വകലാശാല നിയമിച്ചിട്ടുണ്ട്. മൂല്യനിർണയം കാര്യക്ഷമമാക്കുന്നതിലേക്ക്, സർവകലാശാല വിശദമായ ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടുണ്ട്, കൂടാതെ മൂല്യനിർണയ സമയത്തു കോളേജുകളിൽ സർപ്രൈസ് സന്ദർശനം നടത്തുന്നതിലേക്ക് പരീക്ഷ ബോർഡ് അധ്യക്ഷൻ, ബോർഡ് അംഗങ്ങൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്

Q.No.26.

**MUHAMMED SALIH C**

ചോദ്യം : ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മൂല്യ നിർണയ ക്യാമ്പുകൾ അതാത് കോളേജിൽ വെച്ച് മൂല്യനിർണയം നടത്താനാണ് സർവകലാശാല നിലവിൽ തീരുമാനിച്ചിരിക്കുന്നത് മൂല്യനിർണയം നടത്തുന്ന അദ്ധ്യാപകർക്ക് യു ജി സി റെഗുലേഷന്റെ ഭാഗമായി വേതനം നൽകുകയും ഇല്ല എന്നുമാണ് അറിഞ്ഞത്. എന്നാൽ ഓരോ വിദ്യാർത്ഥിയുടെ പക്കൽ

നിന്നും സർവകലാശാല ക്യാമ്പ് കോ ഓർഡിനേഷൻ ഫീ എന്നുള്ള രീതിയിൽ 200/- രൂപ വെച്ച് ഈടാക്കുന്നതിൻറെ സാംഗത്യം എന്താണ്?

**ഉത്തരം:** പരീക്ഷയുടെ ഏകോപന ചുമതലകൾ നിർവ്വഹിക്കുമ്പോൾ കോളേജുകൾക്കും സർവകലാശാലയ്ക്കും വരുന്ന ചിലവിന് ആനുപാതികമായി വരുന്ന തുകയിൽ വകയിരുത്തുന്നതിനാണ് കോർഡിനേഷൻ ഫീ ഈടാക്കുന്നത്. സർവകലാശാല Contingent charge ഇനത്തിൽ ഒരു നിശ്ചിത തുക കോളേജുകൾക്ക് നൽകേണ്ടത് സംബന്ധിച്ച് തീരുമാനം എടുക്കുന്ന മുറക്ക് നൽകുന്നതാണ്.

Q.No.27.

**Sri.ASIF IQBAL KAKKASSERY**

ചോദ്യം: According to the 2018 Kannur University PhD Regulation, it was stipulated that a research paper must be published in a UGC -approved referred journal as part of the thesis submission .However, this requirement is not included in the 2022 regulations, and, per the UGC Gazette Notification of November 7, 2022, it is no longer necessary for thesis submission This condition also does not apply to those who registered before 2018. The academic council has approved a resolution to exempt only those registered in 2018 from this requirement . Could you clarify the follow up actions taken to implement this resolution?

**Ans**: Kannur University has adopted the UGC (Minimum Standards and Procedures for Award of Ph.D. Degree) Regulations, 2022 as the Kannur University Ph.D. Degree Regulations, 2022. According to these regulations, publication in a UGC-approved, peer-reviewed journal is not a mandatory requirement. Therefore, candidates admitted under the Kannur University Ph.D. Degree Regulations, 2022, are not required to have a publication in such a journal as a compulsory condition for their Ph.D.

Minutes of the Academic Council, in its meeting held on 14.07.2023, at Sl. No. 15 has resolved to drop the proposal of exempting research scholars registered under the Kannur University Ph.D. Degree Regulations, 2018, from the mandatory publication requirement, as the existing rule remains in effect. Therefore, no action has been taken on this resolution.

Currently, Ph.D. scholars registered under the Kannur University Ph.D. Degree Regulations, 2018, or earlier, are mandatorily required to submit a copy of their publication along with the final thesis, as their registration order and regulations explicitly stipulate this requirement.

Furthermore, it is advisable for research supervisors to set high standards and encourage their scholars to aim for publishing papers in journals with a high impact factor. This will not only enhance the quality of research but also contribute to improving the academic reputation and goodwill of the University.

Q.No.28.

**AKHIL K SREEDHAR**

ചോദ്യം : 2021-22, 2022-23, 2023-24 അധ്യയന വർഷങ്ങളിൽ ഓരോന്നിലും സ്പോർട്സ് അഫിലിയേഷൻ ഫീസ് ഇനത്തിൽ എത്ര തുക സർവകലാശാല വിദ്യാർഥികളിൽനിന്നും ഈടാക്കിയിട്ടുണ്ട്? അതിൽ എത്ര തുക ഇന്റർ കോളേജിയേറ്റ് കായിക മത്സരങ്ങളുടെ നടത്തിപ്പിനായും, ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനു വേണ്ടിയും ചെലവഴിച്ചിട്ടുണ്ട്?

**ഉത്തരം:** സ്പോർട്സ് അഫിലിയേഷൻ തുക ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റി ഫീസ് സർവകലാശാല ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ഓരോ വർഷവും ഒന്നിച്ചാണ് സമാഹരിക്കുന്നത്. പ്രസ്തുത തുകയുടെ കണക്കുകൾ കായിക വിദ്യാഭ്യാസ വിഭാഗം ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടില്ല. ഇന്റർ കോളേജിയേറ്റ് മത്സരങ്ങളുടെ നടത്തിപ്പിനായും പരിശീലന ക്യാമ്പിനായും ഇന്റർ യൂണിവേഴ്സിറ്റി കായിക മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനായും സിണ്ടിക്കേറ്റ് അംഗീകരിച്ച സർവകലാശാലയുടെ ബജറ്റ് വിഹിതത്തിൽ പ്രത്യേകമായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇന്റർ കോളേജിയേറ്റ് മത്സരങ്ങളുടെ നടത്തിപ്പിനായി Part 1 Non-Plan MH-22-322-201 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും പരിശീലന ക്യാമ്പുകൾക്കായി Part 1 Non-Plan MH-22-322-203 എന്ന ബജറ്റ് ശിർഷ കത്തിൽനിന്നും ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങൾക്കായി Part 1 Non-Plan MH-22-322-202 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് തുക വകയിരുത്തി അനുവദിക്കുന്നത്.

**Q No.29**

**Dr.NISHA V K**

ചോദ്യം: 2023-24, 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിൽ നിന്നും യു ജിസി യിൽ നിന്നും പദ്ധതി ഫണ്ട് (പ്ലാൻ ഫണ്ട്) ഇനത്തിലും പദ്ധതി ഇതര ഫണ്ട് ഇനത്തിലും(നോൺ പ്ലാൻ ഫണ്ട്) എത്ര തുക സർവകലാശാലയ്ക്കു ലഭിച്ചിട്ടുണ്ട്? അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു ? കൂടാതെ RUSA ഫണ്ട് എത്ര ശതമാനം സർവകലാശാല ഈ രണ്ട് വർഷങ്ങളിൽ വിനിയോഗിച്ചിട്ടുണ്ട്?

**ഉത്തരം**:2023-24, 2024-25 സാമ്പത്തിക വർഷത്തിൽ യു ജി സി യിൽ നിന്നും ഫണ്ട് ലഭ്യമായിട്ടില്ല. സംസ്ഥാന സർക്കാർ ഗ്രാന്റ്, RUSA ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വര്ഷം | ശീർഷകം | ലഭ്യമായ ആകെ തുക (രൂപ ) | ചെലവഴിച്ച തുക (രൂപ ) | റിമാർക്സ് |
|---|---|---|---|---|
| 2023-24 | പദ്ധതിയേതര ധനസഹായം | 66,17,60,000/- | 66,17,60,000/- | ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമായി തുകവിനിയോഗിക്കപ്പെട്ടു . |
| | പദ്ധതിയിന ധന സഹായം - ശമ്പളേതരം | *12,80,46,082/- | 13,57,98,000/- | സർക്കാർ അനുവദിച്ച ധനസഹായത്തിന് പുറമെ Rs. 1,52,48,703/- രൂപ തനത് വരുമാനത്തിൽ നിന്നും വിനിയോഗിച്ചു. 2,17,35,660/- രൂപ സർക്കാർ തിരിച്ചെടുത്തു . |
| | RUSA | 2,30,85,031/- | 2,30,85,031/- | RUSA യിൽ നിന്നു ലഭിച്ച മുഴുവൻ തുകയും 2023-24 ഓട് കൂടി പൂർണമായും വിനിയോഗിക്കപ്പെട്ടു . |
| 2024-25 | പദ്ധതിയേതര ധനസഹായം | 44,55,00,000/- | 44,55,00,000/- | ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമായി തുക വിനിയോഗിക്കപ്പെട്ടു . |
| | പദ്ധതിയിന ധന സഹായം - | **2,17,35,000/- (Resumed fund) | 5,84,84,358/- | നടപ്പ് സാമ്പത്തിക വർഷ പ്ലാൻ ഫണ്ട് |

| | | | | |
|---|---|---|---|---|
| | ശമ്പളേതരം | ***2,57,14,000/- (ELAMS) | | ഇത് വരെ ലഭ്യമായിട്ടില്ല. I കാർട്ടർ പ്ലാൻ ഫണ്ടിനായി 30.07.2024 സമർപ്പിച്ച ബില്ലുകൾ സർക്കാരിന്റെ പരിഗണനയിലാണ് . 1,48,74,487/- രൂപ തനത് വരുമാനത്തിൽ നിന്നും വിനിയോഗിച്ചു . |
| RUSA | | - | - | |

- 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ തിരിച്ചെടുത്ത 75,46,082/- രൂപ 2023-24 സാമ്പത്തിക പദ്ധതിയിന തുകയിൽ നിന്നും തിരിച്ചു നൽകപ്പെട്ടു . ആയത് 2022-23 സാമ്പത്തിക വർഷത്തിലെ തീർപ്പാകാത്ത ചെക്കുകളുടെ പേയ് മെന്റിനായി വിനിയോഗിക്കപ്പെട്ടു .
- ** 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ തിരിച്ചെടുത്ത 2,17,35,660/- രൂപ 2024-25 സാമ്പത്തിക പദ്ധതിയിന തുകയിൽ നിന്നും തിരിച്ചു നൽകപ്പെട്ടു. ആയത് 2023-24 സാമ്പത്തിക വർഷത്തിലെ തീർപ്പാകാത്ത ചെക്കുകളുടെ പേയ് മെന്റിനായി വിനിയോഗിക്കപ്പെട്ടു .
- *** 2,57,14,000/- ELAMS ലേക്ക് മാറ്റപ്പെട്ട തുക 2024-25 സാമ്പത്തിക പദ്ധതിയിന തുകയിൽ നിന്നും തിരിച്ചു നൽകപ്പെട്ടു . ആയത് 2023-24 സാമ്പത്തിക വർഷത്തിലെ മൂലധന ആസ്തികളുടെ രൂപീകരണത്തിനായുള്ള പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ടു.

**Q.No.30**

**Dr. SIBY PHILIP**

ചോദ്യം : UGC നിർദേശാനുസരണം ബിരുദാനന്തര ബിരുദ കരിക്കുലം സിലബസ് റീ സ്ട്രക്ച്ചറിങ് നടത്തേണ്ടതായിട്ടുണ്ട് /. അതിനു വേണ്ട എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സർവകലാശാലയുടെ കരിക്കുലം റീ സ്ട്രക്ച്ചറിങ് കമ്മിറ്റിയും , പി ജി ബോർഡ് ഓഫ് സ്റ്റഡിസുകളും നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം:** സർവകലാശാലയുടെ ഭാഗത്ത് നിന്നും ഇത് സംബന്ധിച്ച മുന്നൊരുക്കങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. യുജിസി ബിരുദാനന്തര ബിരുദ കരിക്കുലം കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ നിന്നുള്ള തീരുമാനം ഇതുവരെ സർവകലാശാലയ്ക്കു ലഭിച്ചിട്ടില്ല.

**Q.No.31**

**Dr. PRAJITHA P**

ചോദ്യം : Has Kannur University ensured compliance with all legal requirements under the digital personal data protection act, 2023, and other relevant data protection regulations before implementing the K-REAP software for student data management? Specifically, what measures have been taken to protect the personal data of students, as mandated by the Act, to ensure data security, confidentiality, and restricted access?

Ans: The implementation of K REAP is in compliance with the Government decision, which intimated through the letter no.KSHEC-4-A7/705/MS/Drct./2024-(K-REAP) dated 26.09.2024

**Q.No.32**

**Dr. PREMACHANDRAN KEEZHOTH**

ചോദ്യം :In the year 2024 The University increased the editing and correction fee for all . On the basis of what order the editing and correction fee is increased

**ഉത്തരം:**സർവകലാശാലയുടെ സിൻഡിക്കേറ്റ് അതാത് കാലത്ത് എടുക്കുന്ന തീരുമാനത്തിന് അനുസൃതമായാണ് പരീക്ഷയുമായി ബന്ധപ്പെട്ട എഡിറ്റിംഗ്, കറക്ഷൻ എന്നിവയുടെ ഫീസിൽ വർദ്ധനവ് വരുത്തുന്നത്.(Fee Revision 2024 U.O. No. EX/EG I-III/2126/Fee/2024 dated 29.08.2024).

**Q.No.33**

**Dr.SHINO P JOSE**

ചോദ്യം: Students who are enrolled in FYUGP are instructed to register with MKCL, a Maharashtra-based organization. Students who qualify for e-grants and fee reductions must also pay the examination fees. Please provide the specifics of the universities decree or the Governments directive in this regard.

**Ans.** Students are not instructed to register with MKCL

**Q.No.34**

Dr. M J MATHEW

ചോദ്യം : The University has issued orders to obtain AICTE approval for the BBA and BCA prorammes starting this academic year . However, despite the release of a draft curriculum for BBA and BCA programmes by AICTE, Kannur University gave instructions to follow the syllabus prepared by the concerned board of studies of the University. Please specify whether the University sought the approval of AICTE inorder to deviate from its draft curriculum framework with regard to the above progammes? if not , explain , whether the non-compliance of AICTE stipulation affect, in any way, the future prospects of students pursuing such programmes?

**Ans.** No. It may be noted that University as already approved the syllabus for FYUGP for the above programmes and the same has been approved by the Syndicate.

Q.No.35

**Dr.BINDU K**

ചോദ്യം: കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനും ഗൈഡ്ഷിപ്പുകൾ നൽകുന്നതിനും എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ ?

***ഉത്തരം***: *ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ഇത് സംബന്ധിച്ച* guidelines *അന്തിമമാക്കേണ്ടതുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള* guidelines *അന്തിമമാക്കുന്നതിനായി* 07 .09 .2023 *തീയ്യതിയിൽ നടന്ന* CRLP *മീറ്റിംഗിൽ നിലവിലുള്ള* guidelines *പഠിച്ച് മാറ്റങ്ങൾ വരുത്തി* modify *ചെയ്യാനായി ശിപാർശ ചെയ്തിരുന്നു . മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ ശിപാർശ ചെയ്ത മാറ്റങ്ങൾ ബഹു .വൈസ് ചാൻസലർ* CRLP *യുടെ വിശദമായ പഠനത്തിനായി ഉത്തരവ് നൽകി . മോണിറ്ററിങ് കമ്മിറ്റിയുടെ* 18 .10 .2024 *തീയ്യതിയിൽ നടന്ന മീറ്റിങ്ങിൽ ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തുടർ നടപടികൾ ആരംഭിക്കുന്നതിനായും ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള* guidelines *പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ധാരണയായി . റിസർച്ച് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുക, ഗൈഡ് ഷിപ്പ് അനുവദിക്കുക എന്നിവ സംബന്ധിച്ച* guidelines *നിർദേശിച്ച മാറ്റങ്ങൾ പരിശോധിച്ച് അന്തിമമാക്കുന്നതിനായി* CRLP *യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്* ( RDC-D3/5024/RC/CH/2023 dated 07.11.2024 ). *ഗൈഡ് ഷിപ്പ് നിലവിലുള്ള* guidelines *പ്രകാരം അനുവദിച്ചു വരുന്നുണ്ട്.*

Q.No.36

**Dr.SUDHA AZHEEKKODAN**

ചോദ്യം: കണ്ണൂർ സർവകലാശാല കണ്ണൂർ ജില്ലയിലെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള 1200 ഓളം വരുന്ന പൊതുജന ഗ്രന്ഥശാലകളിലെ അൺക്വാളിഫൈഡ് ആയ ലൈബ്രേറിയന്മാർക്ക് ഐ ടി സാക്ഷരത, അനുബന്ധ വകുപ്പുമായി ചേർന്ന്, സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ ലഭ്യമാക്കാൻ സാധിക്കുമോ?

**ഉത്തരം:** കണ്ണൂർ ജില്ലയിലെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള പൊതുജന ഗ്രന്ഥശാലകളിലെ അൺക്വാളിഫൈഡ് ആയ ലൈബ്രേറിയന്മാർക്ക് ഐ ടി സാക്ഷരതലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കണ്ണൂർ സർവകലാശാല ഐ ടി സെൽ (സർവകലാശാല ലൈബ്രറി സയൻസ് വകുപ്പുമായി ആലോചിച്ചു)മുഖാന്തിരം സ്വീകരിക്കുന്നതാണ്.

Q.No.37

**MUHAMMED HASEEB T K**

ചോദ്യം :

എ . കണ്ണൂർ സർവകലാശാലയുടെ പ്രഥമ ഗ്രേഡിങ് ബാച്ച് ആയ 2008-11 ബിരുദ ബാച്ചിന് ഡിഗ്രി ജയിക്കാൻ ആവശ്യമായ മിനിമം CGPA എത്രയാണ് ?

ബി. 2008-11 ബാച്ചിന്റെ CGPA ശതമാനത്തിലേക്ക് മാറ്റുന്നതിനുള്ള രീതി എന്താണ്?

സി. കണ്ണൂർ സർവകലാശാലയിലെ 2008-11 ബിരുദ ബാച്ചിന് മാത്രമായി പി ജി പ്രവേശനത്തിനുള്ള യോഗ്യതയായ ബിരുദത്തിന്റെ മാർക്കിൽ പ്രത്യേക ഇളവ് നൽകി 12-11-2022 നു ഉത്തരവ് ഇറക്കിയത് എന്തിനാണ്?

ഡി. 2008-11 ബാച്ചിന് നടപ്പിലാക്കിയ ഗ്രേഡിംഗ് സംവിധാനത്തിലെ അപാകത തിരുത്തണമെന്ന് 08-08-2024 ലെ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സർവകലാശാലയുടെ തീരുമാനം എന്താണ്?

ഇ. 2008-11 ബാച്ചിന് മറ്റ് ബാച്ചുകൾക്ക് ബാധകമായ രീതിയിൽ ഗ്രേഡിംഗ് നടപ്പിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിൽ വരുത്തുമ്പോൾ 2008-11 ബാച്ചിന് നേരത്തെ നിശ്ചയിച്ച പാസ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതായി വരും അങ്ങനെ വരുന്ന പക്ഷം CGPA 2 നേടാത്തതിൽ പാരാജയപ്പെട്ട വിദ്യാർത്ഥികളെ വിജയിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം:

എ. 2

ബി. M=40+30(G-2)

സി. പ്രസ്തുത തീയതിയിൽ ഇത് സംബന്ധിച്ച് ഉത്തരവ് ഒന്നും ഇറക്കിയിട്ടില്ല

ഡി. സർവകലാശാല ഇത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. ടി വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്

ഇ. ഈ വിഷയം സർവകലാശാല സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കു വിടാനാണ് ഉത്തരവായിട്ടുള്ളത്

Q.No.38

**Dr.JITHESH K**

ചോദ്യം: ഭിന്നശേഷി വിദ്യാർത്ഥികളുടെ ഉന്നമത്തിനായുള്ള നിരവധി നിർദേശങ്ങൾ യൂണിവേഴ്സിറ്റി സെനറ്റ് നേരത്തെ തന്നെ മുന്നോട്ട് വെച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകളുടെയും യൂണിവേഴ്സിറ്റി ക്യാമ്പസ്സുകളെയും ഭിന്നശേഷി സൗഹൃദ ക്യാമ്പസ്സുകളാക്കാൻ യൂണിവേഴ്സിറ്റി ഏതെങ്കിലും മാർഗ നിർദേശമാണ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ? നിർദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അത് എത്ര മാത്രം നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം**: കണ്ണൂർ സർവകലാശാല ആക്ട് / സ്റ്റാറ്റിയൂട് പരാമർശിച്ചിട്ടുള്ള പ്രകാരം അഫിലിയേറ്റഡ് കോളേജുകൾ / സർവകലാശാല പഠനവകുപ്പുകളിലെയും സ്റ്റാറ്റസ് & സ്റ്റാൻഡേർഡ് വിലയിരുത്തുന്നതിനും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി സർവ്വകലാശാല സിണ്ടിക്കേറ്റ് അംഗങ്ങൾ 2024 ജനുവരി - മാർച്ച് മാസങ്ങളിലായി സർവകലാശാലയ്ക്കു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തുകയുണ്ടായി . ഈ പരിശോധനയിൽ കോളേജുകളിലെ ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സൗകര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ആയത് പ്രകാരം കണ്ണൂർ ജില്ലയിൽ 41, കാസറഗോഡ് ജില്ലയിൽ 16, വയനാട് ജില്ലയിൽ 1 എന്നിങ്ങനെ ഭിന്നശേഷി സൗഹൃദ കോളേജുകൾ നിലവിലുണ്ട്

Q.No.39

**Sri. SAJI JAMES K**

ചോദ്യം: Board of Examinations ന്റെ ചെയർമാൻ ആയി നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണ്?

എന്ത് കൊണ്ടാണ് കോംപ്ലിമെന്ററി/ഭാഷ കോഴ്സ് പഠിപ്പിക്കുന്ന സീനിയർ ആയ അദ്ധ്യാപകരെ അവരുടെ കോളേജിൽ വിഷയത്തിൽ ഡിഗ്രി കോഴ്സ് ഇല്ലാത്തതിനാൽ ചെയർമാൻ സ്ഥാനത്തിന് പരിഗണിക്കാത്തത്?

**ഉത്തരം**: കണ്ണൂർ യൂണിവേഴ്സിറ്റി ഓർഡിനൻസ് 1999 ചാപ്റ്റർ 4 - Appointment of Examiners and Question paper setters, clause 10 മാനദണ്ഡപ്രകാരമാണ് കണ്ണൂർ സർവകലാശാല പരീക്ഷാ ബോർഡ് അധ്യക്ഷന്മാരെ നിയമിക്കുന്നത്

**Q.No.40**

**Ms.HARSHA P.**

ചോദ്യം : കോളേജുകളിൽ പി ജി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റീ വാലുവേഷൻ ഒഴിവാക്കി ഡബിൾ വാലുവേഷൻ നടപ്പിലാക്കിയ പുതിയ സമ്പ്രദായം ക്യാമ്പസ്സിൽ പി ജി പഠിക്കുന്ന വിദ്യാര്ഥികൾക്ക് ബാധകമല്ല-രണ്ട് രീതിയിലുള്ള സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിന് പിന്നിലുള്ള സിൻഡിക്കറ്റ് തീരുമാനം/ സർവകലാശാല ഉത്തരവ്/ഉന്നത അധികാര കേന്ദ്രത്തിൽ നിന്നുള്ള നിർദേശങ്ങൾ എന്നിവ ഉണ്ടെങ്കിൽ വ്യക്തമാക്കുക

**ഉത്തരം**: . 12/ 09/ 2024 തീയതിയിലെ യൂണിവേഴ്സിറ്റി ഓർഡർ No ACAD / ACADC3 / 22488/ 2024 പ്രകാരം പഠന വകുപ്പുകളിലെ വിദ്യാർത്ഥികൾക്കും ഡബിൾ വാലുവേഷൻ രീതി നടപ്പിലാക്കിയിരുന്നു . പിന്നീട് പഠന വകുപ്പ് മേധാവികളുടെ അപേക്ഷ പരിഗണിച്ച വൈസ് ചാൻസിലർ പഠനവകുപ്പുകളിൽ ഡബിൾ വാലുവേഷൻ രീതി ഒഴിവാക്കി സിംഗിൾ വാലുവേഷൻ നടപ്പിലാക്കാൻ ഉത്തരവിട്ടിരുന്നു . ഇതിന്റെ അടിസ്ഥാനത്തിലാണ് 16 / 02 / 2024 തീയതിയിലെ യൂണിവേഴ്സിറ്റി ഓർഡർ No ACAD / ACADC3 / 22488/ 2024 പ്രകാരം പഠന വകുപ്പുകളിൽ സിംഗിൾ വാലുവേഷൻ രീതി നടപ്പാക്കിയിരിക്കുന്നത്. പ്രസ്തുത യൂണിവേഴ്സിറ്റി ഓർഡർ 25/ 06/ 2024 തീയതിയിൽ നടന്ന അക്കാദമിക് കൌൺസിൽ യോഗം സാധൂകരിച്ചിട്ടുണ്ട് . സിംഗിൾ വാലുവേഷൻ രീതി കോളേജുകളിൽ പി ജി പ്രോഗ്രാമുകൾക്ക് പുനഃസ്ഥാപിക്കണമെന്ന ആവശ്യം 21/ 12/ 2024 നു ചേർന്ന അക്കാദമിക് കൗൺസിൽ പരിഗണിക്കുകയും സിംഗിൾ വാലുവേഷൻ രീതി പുനഃസ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**Q.No.41**

**Sri.ASHITH ASHOKAN T**

ചോദ്യം : ഒന്നാം വർഷ FYUGP - യിൽ പ്രാക്റ്റിക്കം കമ്പോണന്റ് ഉൾപ്പെടുത്തിയ കോഴ്സുകൾ ഏതൊക്കെയാണ്? ഓരോ കോഴ്സിലേയും പ്രാക്ടിക്കത്തിന്റെ ഭാഗമായി എന്തൊക്കെയാണ് വിദ്യാർഥികൾ പഠിക്കേണ്ടത് ? പ്രാക്ടിക്കത്തിന്റെ ഇവാലുവേഷൻ രീതികൾ തയ്യാറാക്കുവാൻ പഠന ബോർഡുകൾ ചേർന്നത് ഏതൊക്കെ തീയതികളിലാണ്.

ഉത്തരം:

| ക്രമ നം | ഒന്നാം വർഷത്തിൽ പ്രാക്റ്റിക്കൽ കമ്പോണന്റ് ഉള്ള പ്രോഗ്രാമുകൾ | പഠന ബോർഡ് യോഗം ചേർന്ന തീയതി |
|---|---|---|
| 1 | Physics | 06/06/2024 |
| 2 | Chemistry | 06/06/2024,07/06/2024 |
| 3 | Zoology | 05/06/2024 |
| 4 | Botany | 04/04/2024 |
| 5 | Geology | |
| 6 | Home science | |
| 7 | Polymer chemistry | 06/06/2024,07/06/2024 |
| 8 | Psychology | 20/06/2024 |
| 9 | Microbiology | 06/06/2024 |
| 10 | Plant science | |
| 11 | Forestry | |
| 12 | Biotechnology | |
| 13 | Electronics | |
| 14 | Life\science(zoology)& computational biology | |
| 15 | Food technology | |
| 16 | Computer science | 08/05/2024 |
| 17 | Computer application | 08/05/2024 |
| 18 | Costume and Fashion designing | |
| 19 | Economics | |
| 20 | Development Economics | |
| 21 | Arabic | 21/05/2024, 22/05/2024 |
| 22 | Urdu | 04/06/2024 |
| 23 | Malayalam | 04/05/2024 |
| 24 | Hindi | 08/06/2024, 09/06/2024 |
| 25 | Sanskrit | 05/04/2024 |
| 26 | Afsal Ul Ulama | 21/05/2024, 22/05/2024 |
| 27 | Functional hindi | 08/06/2024, 09/06/2024 |
| 28 | English | 16/04/2024 |
| 29 | Functional English | 20/06/2024, 21/06/2024 |
| 30 | Bachelor of Tourism and Travel Management (BTTM) | 14/05/2024 |
| 31 | Bachelor of Business Administration( BBA) | |
| 32 | BBA (TTM )/ BBA Retail management | 14/05/2024 |
| 33 | BBA( Aviation and Hospitality) | 14/05/2024 |

| | | |
|---|---|---|
| 34 | BBA Aviation and Airport Management | 14/05/2024 |
| 35 | BBA Hospital Administration | |
| 36 | BA Carnatic Music | 16/04/2024 |
| 37 | BA Bharathanatyam | 19/04/2024 |
| 38 | Arabic Language and Literature | 21/05/2024, 22/05/2024 |
| 39 | Interior Designing and Furnishing | |

**Q.No.42**

**Smt.BUSHRA N**

ചോദ്യം :സർവകലാശാലയിൽ Centre for gender studies ആരംഭിക്കണമെന്നത് കഴിഞ്ഞ സെനറ്റിൻറെ കാലത്ത് അവതരിക്കപ്പെട്ടു അംഗീകരിക്കപ്പെട്ട പ്രമേയമായിരുന്നു.അതിൻറെ തുടർ നടപടിക്രമങ്ങൾ എന്തായി?

**ഉത്തരം**: Centre for gender studies ആരംഭിക്കുന്നതിനുള്ള സാധ്യതകളെ കുറിച്ച് സർവകലാശാല പരിശോധിച്ചുവരികയാണ്.

**Q.No.43**

**Ms. SOORYA ALEX**

ചോദ്യം : Has the University formed a new committee to oversee the conduct of the FYUGP odd-semester examinations and the invigilation at the valuation camp? If so, what are the criteriafor selecting the members of the committee?

**ഉത്തരം:**

As per para 19 of University guidelines (FYUGP ) UO No. EXCII/4/ 24770/ GENERAL/2022 Kannur, Dated: 01.11.2024. " University shall constitute Board of Examiners for each subject/discipline of study with a Chairperson and a maximum of six members. Chairperson and members shall be appointed based on the seniority in service as per the Teacher Index.' The Members, BoE were appointed strictly as per the seniority in teachers Index of subject concerned after obtaining their consent". This was implemented and made applicable for first sem FYUGP exam Nov 2024.

Q.No.44

**Sri.MAHESH CHANDRA BALIGA**

ചോദ്യം : Many graduated from Kannur University are finding it difficult to get selection in interviews outside Kerala. Why can't the University start Finishing Schools where students are trained to appear before interview panels teach *Etiquettes* Improve English Language Skills Etc.

**ഉത്തരം:** As per the guidelines approved by the Syndicate vide resolution item No. 2023.350 dated 04.07.2023, Centre for Life Long Learning under the School of Life Long Learning may offer certificate courses for candidates to acquire additional knowledge, vocational skill and expertise necessary for their career goals, job prospects and to increase the employability quotient of students, and to obtain critical life skills (including financial literacy, digital literacy, commercial skills, health care and awareness, child care and educational and family welfare).The School of Life Long Learning has invited applications for admission to the Certificate Course English for Practical Purposes (EPP) . The course is yet to be started.

Q.No.45

**Sri.MUHAMMED ASHEFAS C H**

ചോദ്യം : സ്പോർട്ട്സ് ഉപദേശക സമിതിയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ഏറ്റവും കൂടുതൽ ടീമുകളെ അണിനിരത്തുകയും അതിന്റെ ഫലമായി മികച്ച കായിക മികവിനുള്ള ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ വർഷങ്ങളായി നേടാറുള്ള ബ്രണ്ണൻ കോളേജ് എസ് എൻ കോളേജ് തോട്ടട പയ്യന്നൂർ കോളേജ് എന്നിവിടങ്ങളിലെ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകരെയും മറ്റ് അഫിലിയേറ്റഡ് കോളേജുകളിലെ ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിലെ സീനിയർ അധ്യാപകരെയും ഇത്തവണത്തെ യൂണിവേഴ്സിറ്റി സ്പോർട്ട്സ് ഉപദേശക സമിതിയിൽ നിന്ന് ഒഴിവാക്കിയത് എന്ത്കൊണ്ട്?

**ഉത്തരം:** സ്പോർട്ട്സ് ഉപദേശക സമിതിയിലേക്ക് നാലു സോണുകളിൽ നിന്നും ഓരോ പ്രതിനിധിയെ വീതം കായിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാര്ശയിന്മേൽ ബഹു .വൈസ് ചാൻസിലറാണ് നിയമിക്കുന്നത് . കൂടാതെ ഒരു വനിതാ പ്രതിനിധിയെയും ഒരു എക്സ്പെർട്ടിനെയുമാണ് പ്രസ്തുത സമിതിയിലേക്ക്

തിരഞ്ഞെടുക്കുന്നത്. നിലവിലെ സമിതിയിലും എല്ലാ സോണുകളുടെയും കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തിയിട്ടുണ്ട്

**Q.No.46**

**Sri. SAJU P J**

ചോദ്യം : സർവകലാശാല താവക്കര ക്യാമ്പസ്സിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഓഫീസിൽ സമയത്തിന് ശേഷം വിനോദത്തിനും സ്പോർട്സിനും ഉള്ള സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ ? ഇല്ലെങ്കിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും വിനോദത്തിനും സ്പോർട്സിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം:** താവക്കര ക്യാമ്പസ്സിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഉപയോഗിക്കുന്നതിനായി ഷട്ടിൽ കോർട്ട് കം വോളിബോൾ കോർട്ട് നിർമിച്ചിട്ടുണ്ട്. കൂടാതെ PM USHA SCHEME ൽ ഉൾപ്പെടുത്തിക്കൊണ്ട് ബാസ്ക്കറ്റ് ബോൾ കോർട്ട്, ഫിറ്റ്നെസ് സെന്റർ എന്നിവ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**Q.No.47**

**Dr.DINESH T**

ചോദ്യം: സർവകലാശാല പരീക്ഷകൾക്ക് ഇൻവിജിലേഷൻ ഡ്യൂട്ടി എടുക്കുന്ന അധ്യാപകരുടെ റെമ്യൂണറേഷൻ കാലോചിതമായി പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.അതിനാവശ്യമായ എന്തെങ്കിലും നടപടി സർവകലാശാല സ്വീകരിച്ചു വരുന്നുണ്ടോ?

**ഉത്തരം**: പരീക്ഷ നടത്തിപ്പ് ചുമതലകളുമായി ബന്ധപ്പെട്ട 2011 -12 -ലെ ഉത്തരവ് 2021 -22 ൽ പുതുക്കിയിട്ടുണ്ട് .ഇത് പ്രകാരമാണ് ഇൻവിജിലേഷൻ ഡ്യൂട്ടി എടുക്കുന്ന അധ്യാപകർക്ക് റെമ്യൂണറേഷൻ നൽകി വരുന്നത്.

**Q.No.48**

**Ms. FARHANA T P**

ചോദ്യം : വിദ്യാർത്ഥികൾക്ക് പുനർ മൂല്യനിർണയത്തിനു അപേക്ഷ സമർപ്പിച്ചതിനു ശേഷം എത്ര ദിവസത്തിനുള്ളിൽ റിസൾട്ട് പ്രഖ്യാപിക്കണമെന്നാണ് യൂണിവേഴ്സിറ്റി നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത്? ആ ദിവസത്തിനുള്ളിൽ പുനർമൂല്യനിർണയ ഫലം പ്രഖ്യാപിക്കാൻ

സർവകലാശാലയ്ക്കു സാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അത് കർശനമായി നടപ്പിലാക്കാൻ യൂണിവേഴ്സിറ്റി എന്ത് മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ?

**ഉത്തരം**: പി.ജി. റീ വാല്യൂവേഷൻ റെഗുലേഷൻ പ്രകാരം, പുനഃ മൂല്യ നിർണ്ണയത്തിനുള്ള അപേക്ഷകൾ ലഭിച്ച് 105 പ്രവൃത്തി ദിവസത്തിനുള്ളിൽ പുനഃ മൂല്യ നിർണ്ണയം പൂർത്തീകരിച്ച് ഫലം പുറപ്പെടുവിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. പുനഃ മൂല്യ നിർണ്ണയത്തിനുള്ള അപേക്ഷ ലഭിച്ചതിന് ശേഷമുള്ള ടൈം ഷെഡ്യൂൾ ചുവടെ കൊടുക്കുന്നു.

- Processing of Application and forwarding to tabulation section for furnishing details of examiners and counterfoil-7 working days
- Forwarding of statement & counterfoils from tabulation section to R.V Section: 15 Working days
- Entering of particulars of answer scripts in the Tabulation Register and preparation of indent for answer scripts-15 Working days.
- Time given to the Section in charge of answer scripts / examiners to make the answer scripts available- 15 working days
- Processing of answer scripts and forwarding the same to the examiners:15 working days
- Valuation (First) : 10 days.
- Valuation (Second, if applicable): 10 days.
- Valuation (Third, if applicable):10 days.
- Tabulation and preparation of results memo and communication: 8 working days

നിലവിൽ 105 പ്രവൃത്തി ദിവസത്തിനുള്ളിൽ പുനഃമൂല്യ നിർണ്ണയ ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

**Q.No.49**

**MUHAMMED SALIH C**

ചോദ്യം : എയ്ഡഡ് കോളേജ് അധ്യാപകരുടെ CAS/PROMOTION ഫയലുകൾ സർവകലാശാലയിൽ സമർപ്പിച്ച ശേഷം പ്ളേസ്മെന്റ് ഓർഡർ ആയി വരുന്നതിന് രണ്ടു മുതൽ മൂന്ന് മാസം വരെ കാലതാമസം എടുക്കുന്നതിന്റെ വിശദീകരണം നൽകാമോ?

**ഉത്തരം:** എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ ഉത്തരവായി വരുന്നതിനു സാധാരണയായി രണ്ടു മുതൽ മൂന്നു മാസം വരെ കാലതാമസം എടുക്കാറില്ല. സർവകലാശാലയിൽ സമർപ്പിച്ച മറുപടികളിൽ പിശക് ഉണ്ടെങ്കിൽ മാത്രമേ

രണ്ടു മാസത്തിൽ കൂടുതൽ കാലതാമസം എടുക്കാറുള്ളു. അല്ലാത്ത പക്ഷം നിശ്ചിത ദിവസത്തിനുള്ളിൽ സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകൾ എല്ലാം API വെരിഫിക്കേഷൻ നടത്തി തൊട്ടടുത്ത സിണ്ടിക്കേറ്റിൽ വെച്ച് അനുമതി ലഭ്യമായി പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കാൻ ആവശ്യമായ സമയം മാത്രമേ എടുക്കാറുള്ളു.

**Q.No.50**

**Sri.ASIF IQBAL KAKKASSERY**

ചോദ്യം : In the interface for uploading internal marks from affiliated colleges, there was initially a provision for the teacher entering the marks to primarily address student grievances and make corrections if necessary .However it appears that this provision is now restricted to the HoDs who verify the marks . Could you clarify why this option was removed and whether it is possible to reinstate it?

**ഉത്തരം:** As per Regulations "To ensure transparency of the evaluation process, the continuous evaluation marks awarded to the students in each component of each course in a semester shall be notified on the notice board at least three days before the commencement of End Semester Evaluation." ***(Regulations for CBCSS OBE for UG in Affiliated Colleges - 2019 Admission - Dated. 03.06.2019)***

As per the aforementioned UG regulation, the marks for continuous evaluation are to be displayed on the notice board at least three days before the commencement of the End Semester Evaluation. However, the link for uploading the marks is currently activated only on the day following the commencement of the End Semester Evaluation, and it remains available until the end of the End Semester Evaluation.

**Q.No.51**

**AKHIL K SREEDHAR**

ചോദ്യം : സർവകലാശാല പരീക്ഷകളുടെ മൂല്യനിർണയത്തിനുള്ള റെമ്യൂണറേഷൻ (തിയറി & പ്രാക്ടിക്കൽ) ഏതു സെഷൻ പരീക്ഷ വരെയുള്ളത് ഓരോ വിഷയത്തിലും സർവകലാശാല കൊടുത്തിട്ടുണ്ട്? അതുപോലെ പരീക്ഷ ഇൻവിജിലേഷൻ ഡ്യൂട്ടിയുടെ റെമ്യൂണറേഷനും ഏത് വരെ കൊടുത്തിട്ടുണ്ട് ?

**ഉത്തരം**: തിയറി 2023 വർഷത്തെ യു ജി, പി ജി മുഴുവൻ സെഷനുകളുടെയും പേയ്മെന്റ് നടന്നു കഴിഞ്ഞു. 2024 ഏപ്രിൽ സെഷൻ യു ജി 6, 4 സെമെസ്റ്ററുകളുടെയും പി ജി 4 ആം സെമെസ്റ്ററിന്റേയും പേയ്മെന്റ്

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഇതേ സെഷന്റെ യൂ ജി, പി ജി രണ്ടാം സെമസ്റ്റർ ബില്ലുകളുടെ ഡാറ്റ എൻട്രി ഇപ്പോൾ പുരോഗമിക്കുന്നു . പ്രാക്ടിക്കൽ 2023 സെഷൻ പരീക്ഷകളുടെ ബില്ലുകൾ എല്ലാം തന്നെ പേയ്മെന്റ് നടത്തിയിട്ടുണ്ട് .2024 സെഷൻ പരീക്ഷകളുടെ നവംബർ 2024 വരെ ലഭിച്ച എല്ലാ ബില്ലുകളുടെയും വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട് .ആയതിൻറെ ഡാറ്റ എൻട്രി വർക്ക് നടന്നു വരുന്നു .ഡാറ്റ എൻട്രി വർക്ക് കഴിയുന്ന മുറയ്ക്ക് റെമ്യൂണറേഷൻ നൽകുന്നതാണ്. ഇൻവിജിലേഷൻ ഡ്യൂട്ടി പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ബില്ലുകളുടെ കൂടെയാണ് ഇൻവിജിലേഷൻ ഡ്യൂട്ടിയുടെ ബില്ലുകൾ ലഭിക്കുന്നത് .നവംബർ 2023 / ഏപ്രിൽ 2024 യൂ ജി / പി ജി സെഷനുകളുടെ ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സിണ്ടിക്കേറ്റിന്റെ അനുമതിയോടു കൂടി തീർപ്പാക്കി പേയ്മെന്റ് നടത്തുന്നതാണ്

**Q.No.52**

**Dr.NISHA V K**

ചോദ്യം: 2019-23 കാലയളവിൽ എത്ര സെനറ്റ് യോഗങ്ങൾ നടന്നിട്ടുണ്ട്? അതിൽ എത്ര ചോദ്യങ്ങളും പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്? അതിൽ എത്ര പ്രമേയങ്ങളാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്? അതിന്റെ തുടർ നടപടിയായി യൂണിവേഴ്സിറ്റി ചെയ്ത നടപടിക്രമങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** 2019-23 കാലയളവിൽ സ്പെഷ്യൽ യോഗം ഉൾപ്പെടെ 11 സെനറ്റ് യോഗങ്ങൾ നടന്നിട്ടുണ്ട് (30.01.2020 മുതൽ 30.03.2023 വരെ )

| സെനറ്റ് യോഗം | അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങൾ | അംഗീകരിച്ച പ്രമേയങ്ങൾ | അവതരിപ്പിക്കപ്പെട്ട ചോദ്യങ്ങൾ |
|---|---|---|---|
| 30.01.2020 | 49 | 46 | 65 |
| 21.07.2020 | 70 | 48 | 76 |
| 22.12.2020 | 41 | 29 | 45 |
| 24.03.2021 | 32 | 16 | 37 |
| 08.09.2021 | 42 | 25 | 43 |
| 10.09.2021 | Special syndicate | | |
| 28.12.2021 | 31 | 16 | 28 |
| 30.03.2022 | 25 | 15 | 24 |
| 16.09.2022 | 30 | 21 | 27 |
| 28.12.2022 | 27 | 17 | 19 |
| 30.03.2023 | 24 | 19 | 25 |

30.01.2020 മുതൽ 30.03.2023 വരെയുള്ള കാലയളവിലെ 10 സെനറ്റ് യോഗങ്ങളിലായി 371 പ്രമേയങ്ങൾ അവതരിപ്പിക്കുകയും അതിൽ 252 പ്രമേയങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 252 പ്രമേയങ്ങളിൽ 141 എണ്ണം തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സിന്ഡിക്കേറ്റിന്റെ പരിഗണനയ്ക്കു വന്നിട്ടുണ്ട്. 111 പ്രമേയങ്ങളിൽ ഇനിയും നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

**Q.No.53**

**Dr. SIBY PHILIP**

ചോദ്യം : FYUGP നടപ്പിലാക്കുന്ന ഘട്ടത്തിൽ പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള കോസ്റ്റ് ഓഫ് മെറ്റീരിയൽ സർവകലാശാല നേരത്തെ അനുവദിച്ച രീതിയിൽ തന്നെ കോളേജുകൾക്ക് ലഭ്യമാക്കുമോ ഇത് സംബന്ധിച്ച് നേരത്തെ ഉള്ള ഉത്തരവ് അല്ലാതെ പുതിയ ഉത്തരവിന്റെ ആവശ്യമുണ്ടോ?

**ഉത്തരം:** ഇത് സംബന്ധിച്ച് സർവകലാശാല തലത്തിൽ തീരുമാനങ്ങൾ എത്രയും പെട്ടെന്ന് എടുക്കുന്നതാണ്

Q.No.54

**Dr. PRAJITHA P**

ചോദ്യം : 2023-24 വർഷത്തെ സ്പോർട്സ് മെറിറ്റ് കൊളേജുകൾക്ക് പ്രദർശിപ്പിക്കാൻ കഴിയാത്തത് പല കോളേജുകളുടെ NAAC ഗ്രേഡിങ്ങിനെയും സർവകലാശാലയുടെ മൊത്തത്തിലുള്ള ഗ്രിഡിങ്ങിനെയും പ്രതികൂലമായ് ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിലും 2023-24 വർഷത്തേക്കുള്ള സ്പോർട്സ് മെറിറ്റ് അവാർഡ് 2024 നവമ്പർ മാസമായിട്ടും വിതരണം ചെയ്യാതിരുന്നത് കാരണം എന്താണ് ?

**ഉത്തരം**: 2023 -24 വർഷത്തെ ഇന്റർ കോളേജിയേറ്റ് പുരുഷ ക്രിക്കറ്റ്

മത്സരങ്ങൾ ഏറ്റെടുത്തു നടത്താൻ കോളേജുകളുടെ ഭാഗത്തുനിന്ന് വിമുഖതയുണ്ടാവുകയും ഈ മത്സരങ്ങൾ പിന്നീട് വൈകി സർവകലാശാല കായികവിഭാഗം നേരിട്ട് നടത്തുകയുമാണുണ്ടായത്. ഈ കാലതാമസം സ്പോർട്സ് മെറിറ്റ് അവാർഡ് സമയ ബന്ധിതമായി വിതരണം ചെയ്യുന്നതിനേയും ബാധിച്ചിട്ടുണ്ട്. നിലവിൽ സ്പോർട്സ് മെറിറ്റ് അവാർഡ് വിതരണം പൂർത്തിയായിട്ടുണ്ട്.

Q.No.55

**Dr. PREMACHANDRAN KEEZHOTH**

ചോദ്യം :What steps are taken by the University to monitor the price of the texts prescribed for FYUGP? by charging Rs.265/- each for 2 English AEC and MDC texts available to students only after 3 months of commencing the course , can we maintain equity among the students of FYUGP?

Ans: The price of Rs. 265/- per text for the English AEC and MDC courses reflects the material cost involved in producing and distributing the textbooks. Unlike in the past, where a single book was prescribed for all students across the same course, the current FYUGP structure involves four separate AEC courses, each requiring a distinct textbook.

Since only one-fourth of the total students in the program will be purchasing a specific AEC textbook, the production costs need to be divided among a smaller group of buyers. This naturally leads to a slightly higher price per book compared to the earlier scenario, where all students contributed to the cost of a single common book.

Regarding the delay in availability, it is important to note that this is the first time textbooks are being prepared and customized for these specific courses. Each of the three different AEC books required unique content to align with the course objectives and areas of focus. The process of *customizing content to suit the requirements of the new curriculum took additional time to ensure quality and relevance. This delay is an inevitable challenge when pioneering new educational resources in previously unexplored areas.

Overall, while the price and initial delay may seem challenging, these measures are aimed at providing customized, high-quality learning materials for students, ensuring that the content aligns with the goals of the FYUGP and offers a better learning experience.

Q.No.56

**Dr.SHINO P JOSE**

ചോദ്യം: Students that are enrolled in FYUGP are instructed to register with MKCL, a business based in Maharashtra .Please provide the specifics of the governments direction in this regard.

Ans: Kannur University is not instructed the students to register with MKCL.

Q.No,57

Dr. M J MATHEW

ചോദ്യം : Has the University Board of Studies of all programmes prepared and finalized the syllabus for all semesters under the FYUGP programme? If not , Please provide the list of programmes with semester wise details , that are yet to complete the syllabus.

Explain what timeline measures the University has taken inorder to publish the complete syllabus of all programmes under FYUGP?

Ans:

| Faculty | Name of the Programme | Updated syllabus of FYUGP |
|---|---|---|
| Commerce and Management Studies | BBA | 2 semsters |
| | BBA AAM | 2 semsters |
| | BBA AH | 2 semsters |
| | BBA TTM | 2 semsters |
| | BTTM | All |
| | B.Com | 2 semsters |
| Communication | Bachelor of Journalism with multimedia and Communication | All |
| Fine Arts | Bharathanatyam | All |
| | Music | All |
| Humanities | Afzal Ul Ulama | 4 semesters |
| | Development Economics | 2 semesters (without UO) |
| | Economics | 4 semesters |
| | History | All |
| | Islamic History | All |
| | Philosophy | All |
| | Social Work | All |
| | Sociology | 2 semesters (without UO) |
| Language and Literature | Arabic | 4 semesters |
| | Arabic language and Literature | 6 semesters |
| | English | 2 semesters |
| | Functional English | 2 semesters |

| | | |
|---|---|---|
| | Hindi | 2 semesters |
| | Functional Hindi | 6 semesters |
| | Kannada | All semesters |
| | Malayalam | 2 semesters |
| | Sanskrit | 6 semesters |
| | Urdu | 8 semesters |
| Sports Science and Physical Education | Physical Education | Foundation Courses |
| Technology | BCA | 2 semesters |
| | Computer Science | 6 semesters |
| | Costume and Fashion Designing | 2 semesters |
| Science | Biochemistry | All semesters |
| | Bioinformatics | All semesters |
| | Biotechnology | All semesters |
| | Botany | 3 semesters |
| | Chemistry | All semesters |
| | Computational Mathematics | 5 semesters |
| | Electronics | 2 semesters |
| | Food Technology | 2 semesters |
| | Forestry | 2 semesters |
| | Geography | All semesters |
| | Geology | 6 semesters |
| | Home Science | All semesters |
| | Hotel Management and Catering Science | 2 semesters |
| | Interior Designing and | 2 semesters |

| | | |
|---|---|---|
| | Furnishing | |
| | Mathematics Honours/ Honours with Research Programme | 2 semesters |
| | Microbiology | 4 semesters |
| | Physics | All semesters |
| | Plant Science | 2 semesters |
| | Polymer Chemistry | All semesters |
| | Psychology | 2 semesters |
| | Statistics | 2 semesters |
| | Zoology | All semesters |
| | Life Science(Zoology) & Computational Biology | 2 semesters |
| Social Science | Political Science | 2 semesters |
| | Social Science-Economics | All |
| | Library & Information Science | Foundation courses |

Q.No.58

**Dr.BINDU K**

ചോദ്യം : FYUGP നിലവിൽ വന്ന സാഹചര്യത്തിൽ വളരെയധികം ടെക്സ്റ്റ് ബുക്കുകൾ കുട്ടികൾ വലിയ വില കൊടുത്തു പുറമെയുള്ള പബ്ലിഷേഴ്സിൽ നിന്നും വാങ്ങേണ്ടി വരുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റി ഒരു പ്രസ്സ് തുടങ്ങി അതിനു പരിഹാരം കണ്ടെത്തുവാൻ സാധിക്കുമോ ?

***ഉത്തരം***: FYUGP അനുസരിച്ചുള്ള ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കുന്നതിന് യൂണിവേഴ്സിറ്റി പ്രസ് തുടങ്ങുന്നത്തിനുള്ള നടപടികൾ നിലവിൽ പരിഗണനയിൽ ഇല്ല. ഭാവിയിൽ ഗവണ്മെന്റ് ഏജൻസിയുമായി ചേർന്ന് പുസ്തകങ്ങൾ പബ്ലിഷ് ചെയ്യുന്നതിനുള്ള സാധ്യതകൾ സർവകലാശാല പരിശോധിക്കുന്നതാണ്.

Q.No.59

**MUHAMMED HASEEB T K**

ചോദ്യം :

എ. 2009 ബാച്ചിന് ഡിഗ്രി ജയിക്കാൻ ആവശ്യമായ മിനിമം CGPA എത്രയാണ്?

ബി. .2009-12 ബാച്ചിന്റെ CGPA ശതമാനത്തിലേക്ക് മാറ്റുന്നതിനുള്ള രീതി എന്താണ്?

സി. 2009-12 ബാച്ചിന് ജയിക്കാൻ ആദ്യം നിശ്ചയിച്ച SGPA 2 ൽ നിന്ന് 1.5 ആയി കുറച്ചതിനുള്ള കാരണം എന്താണ്?

**ഉത്തരം:**

എ. 1.5

ബി. CGPA OR GPA*25

സി. പ്രസ്തുത വിഷയം പഠിക്കുന്നതിനായി നിയോഗിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് SGPA യും CGPA യും 1.5 ആയി പുതുക്കി നിശ്ചയിച്ചത്.

Q.No.60

**Dr.JITHESH K**

ചോദ്യം : യുജിസി യുടെ പി എച് ഡി റെഗുലേഷൻസ് തെറ്റായി വ്യാഖ്യാനിച്ച്, കണ്ണൂർ യൂണിവേഴ്സിറ്റി നിലവിൽ പി ജി പ്രോഗ്രാമുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് മാത്രമാണ് ഗൈഡ്ഷിപ് അനുവദിക്കുന്നത് .യു ജി പ്രോഗ്രാമിന് മാത്രം പഠിപ്പിക്കുന്ന, മികച്ച രീതിയിൽ ഗവേഷണം നടത്തുന്ന അധ്യാപകരെ സംബന്ധിച്ച് ഇത് പ്രയാസകരമാണ് .ഇവർക്ക് കൂടി ഗൈഡ്ഷിപ് നൽകാനുള്ള എന്തെങ്കിലും നടപടി യൂണിവേഴ്സിറ്റി ഭാഗത്ത് നിന്നും ഉണ്ടാകുമോ? സർവകലാശാല സിൻഡിക്കേറ്റോ, CRLP സ്റ്റാൻഡിങ് കമ്മിറ്റിയോ ഇക്കാര്യം സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ?

**ഉത്തരം**: നിലവിൽ UGC (Minimum standards and Procedures for award of Ph.D degree)Regulations, 2022 അനുസരിച്ചാണ് സർവ്വകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർക്ക് ഗൈഡ്ഷിപ് അനുവദിക്കുന്നത് .

UGC റെഗുലേഷൻ പ്രകാരം ഗൈഡ്ഷിപ് അനുവദിക്കുന്നതിനായുള്ള വ്യവസ്ഥ

"" The Applicant should hold a regular teaching /Research position in the University Department or an Affiliated Post Graduate college in the Aided /Government Sector or a Research Centre approved by the University for Doctoral Research under the Jurisdiction of Kannur University. Such recognized Research Supervisors cannot

supervise research scholars in other institutions, where they can act as Co-Supervisors. Ph. D awarded by a University under the Supervision of a faculty member who is not an employee at the University or its affiliated Post-Graduate Colleges /Institutions would be in violation of these Regulations. "

ഇതിൽ Post Graduate Colleges/Institutions എന്ന term ന്റെ വ്യക്തത സംബന്ധിച്ച് UGC യിലേക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഇതുവരെ മറുപടി ലഭ്യമായിട്ടില്ല .

FYUGP പ്രോഗ്രാം നിലവിൽ വന്നതിനാൽ UG കോളേജുകളെയും PG കോളേജുകളായി പരിഗണിക്കാമെന്ന് റിസർച്ച് ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇത് സംബന്ധിച്ച ഫയൽ പരിഗണനയിലാണ്.

Q.No.61

**Sri. SAJI JAMES K**

ചോദ്യം: The University mandates that all research guides in affiliated colleges include the University's name in their address when publishing articles so that these publications contribute to the university's NAAC and NIRF rankings. However, the University charges affiliated college teachers a fee for plagiarism reports when applying for guide ship. Do University faculty also pay for these reports when applying for guide ship? If not why does the University apply different policies for teachers in affiliated colleges?

**Ans:** It is a matter of publication ethics to acknowledge mentors, colleagues, friends, and their respective institutions who have contributed to the research when a paper is published. The fee for plagiarism checking, when applying for guideship, is applicable to all faculty members, regardless of the college or department they belong to. There is no discrimination against teachers in affiliated colleges with regard to this requirement.

Q.No.62

**Ms.HARSHA P.**

ചോദ്യം : കണ്ണൂർ സർവകലാശാല FYUGP ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് K-REAP മായോ ബന്ധപ്പെട്ട ഏജൻസികളുമായോ കരാർ ഉണ്ടാക്കിയിട്ടുണ്ടോ? ആരുമായാണ് ധാരണാപത്രം ഒപ്പിട്ടത്? എത്ര രൂപയാണ് ഈ ഇനത്തിൽ അവര്ക് നൽകേണ്ടത്? കരാർ ഉണ്ടാക്കുന്നതിന് ക്വട്ടേഷൻ/ടെൻഡർ ലഭിച്ചിരു ന്നോ, ആരൊക്കെയാണ് ക്വട്ടേഷൻ നൽകിയത്.

**ഉത്തരം:** സർക്കാർ തീരുമാനമനുസരിച്ച് നടപ്പാക്കുന്നതിനാൽ, FYUGP ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടു കണ്ണൂർ സർവകലാശാല KREAP

മായോ ബന്ധപ്പെട്ട മറ്റേതെങ്കിലും ഏജൻസികളുമായോ കരാർ / ധാരണ പത്രം ഒപ്പുവെച്ചിട്ടില്ല.

Q.No.63

**Sri.ASHITH ASHOKAN T**

ചോദ്യം: 2015 മുതൽ 2024 വരെ കണ്ണൂർ സർവകലാശാല വർധിപ്പിച്ച വിവിധയിനം ഫീസുകൾ ഏതൊക്കെയാണ്? എത്ര പ്രാവശ്യമാണ് വർധിപ്പിച്ചിട്ടുള്ളത് ? ഓരോ പ്രാവശ്യവും വർധിപ്പിച്ചിട്ടുള്ള തുക എത്ര വീതമാണ്?

ഉത്തരം:

- പരീക്ഷാ/പരീക്ഷാനുബന്ധ ഫീസ് അതാത് കാലത്തെ സർവകലാശാല സിൻറിക്കേറ്റിൻറെ തീരുമാനത്തിന്നനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പരീക്ഷാ ഫീസിൻറെ വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ അതാത് കാലത്ത് പുറപ്പെടുവിച്ചതും ഇതോടൊപ്പം ഉള്ളടക്കം ചെയ്തതുമായ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.
- 29.09.2023 ലെ DPE/A3/42/2023 സർവകലാശാല ഉത്തരവ് പ്രകാരം സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് 245 രൂപയിൽ നിന്ന് 300 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

വിദ്യാർത്ഥിക്ഷേമ വിഭാഗത്തിൽ കൈകാര്യം ചെയ്തുവരുന്ന വിവിധയിനം ഫീസുകൾ 2015 മുതൽ 2024 വരെ വർദ്ധനവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| Fees | Teaching Department Students | | Degree Students | | PG/Professional Students | |
|---|---|---|---|---|---|---|
| | **2019** | **2023** | **2019** | **2023** | **2019** | **2023** |
| Students Affiliation Fee | ₹420-₹440 | ₹440-₹485 | ₹105-₹110 | ₹110-₹125 | ₹210-₹220 | ₹220-₹245 |
| Sports Affiliation Fee | ₹210-₹220 | ₹220-₹245 | ₹210-₹220 | ₹220-₹245 | ₹210-₹220 | ₹220-₹245 |
| University Development Fee | ₹105-₹110 | ₹110-₹125 | ₹105-₹110 | ₹110-₹125 | ₹105-₹110 | ₹110-₹125 |
| University Union Fee | ₹55-₹60 | ₹60-₹70 | ₹55-₹60 | ₹60-₹70 | ₹55-₹60 | ₹60-₹70 |

അക്കാദമിക വിഭാഗവുമായി ബന്ധപ്പെട്ടും എക്സാമിനേഷൻ വിഭാഗവുമായി ബന്ധപ്പെട്ടും വർധിപ്പിച്ച ഫീസുകളുടെ വിശദാംശങ്ങൾ (**annexure 1**) നൽകിയിട്ടുണ്ട്

Q.No.64

**Sri. RAGASH C**

ചോദ്യം : FYUGP പ്രോഗ്രാമുകൾ നടപ്പിലാക്കിയതിന്റെ ഭാഗമായി, വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട വിവരങ്ങൾ തയ്യാറാക്കുന്ന, K-REAP എന്ന സോഫ്റ്റ് വെയറിൽ വിവരങ്ങൾ എന്ററർ ചെയ്യുന്നതിനും, ആയവ കൈകാര്യം ചെയ്യുന്നതിനും വേണ്ടി, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത മുഴുവൻ കോളേജുകളിലെയും, ബന്ധപ്പെട്ട സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന നോൺ ടീച്ചിങ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകാനുള്ള പദ്ധതി യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ടോ ? കൂടാതെ എല്ലാ അധ്യയന വര്ഷത്തിന്റെയും ആരംഭത്തിൽ അഡ്മിഷൻ, പരീക്ഷ ജോലികൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ നോൺ ടീച്ചിങ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകാനുള്ള പദ്ധതി യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ടോ ? (നിലവിൽ എല്ലാ അധ്യയന വര്ഷത്തിന്റെയും ആരംഭത്തിൽ E grantz. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ നോൺ ടീച്ചിങ് വിഭാഗം ജീവനക്കാർക്ക് പട്ടിക ജാതി വികസന വകുപ്പ് പരിശീലനം നൽകി വരുന്നുണ്ട് ആയതിന്റെ മാതൃകയിൽ )

**ഉത്തരം:** കണ്ണൂർ സർവകലാശാലയുടെ പരിധിയിൽ വരുന്ന മുഴുവൻ കോളേജ് അനധ്യാപക ജീവനക്കാരെയും ഉൾപ്പെടുത്തി 03.07.2024 നു ഒരു orientation ക്ലാസ് ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ (താവക്കര ക്യാമ്പസ്) വെച്ച് നടത്തിയിട്ടുണ്ട്.

Q.No.65

**Ms. SOORYA ALEX**

ചോദ്യം : The UGC (minimum standards and procedures for award of M Phil /Ph.D degrees) Regulations, 2022. do not require the submission or presentation of a synopsis during the Ph D admission process, intended to streamline entry and reduce procedure obstacles. Why, then. Does the University mandate a synopsis submission at the PhD interview for admission? what is the rationale for mandating a synopsis when the national guidelines deem it unnecessary ? Does this additional requirement genuinely enhance the assessment of research potential or does it constitute an unwarranted barrier lacking clear justification?

**Ans:** The UGC (University Grants Commission) regulations stipulate that admission to the Ph.D. program shall be based on qualifications such as NET, GATE, or similar examinations, followed by a subsequent interview conducted at the University level.

Ph.D. applicants, being those seeking the highest academic degree, are expected to have a clear research agenda. This includes a well-defined research topic, an understanding of the materials and methods to be used, an anticipated outcome, and an overall outline of the research process. By submitting a research synopsis that addresses these aspects, applicants demonstrate their preparedness for the rigorous demands of a Ph.D. program.

The purpose of the synopsis is to allow Department Research Committee to assess the applicant's clarity of thought, communication skills, and their ability to defend and elaborate on their research ideas. It also helps evaluate their research aptitude, such as their ability to respond to questions and challenges posed during the interview.

Q.No.66

**Sri.MAHESH CHANDRA BALIGA**

ചോദ്യം : What are the courses under the Kannur University to promote **Trade and Industry** of the region and number of students in each course?

TEXTILE INDUSTRY
WOOD BASED INSDUSTRY
TRAVEL AND TOURISM
OTHER INDUSTRIES

**Ans:**

| S.l. No | Name of College | Programme | Seats | Students Admitted |
|---|---|---|---|---|
| **TEXTILE INDUSTRY** | | | | |
| 1 | College for Costume and Fashion Designing, Thottada | B Sc.Costume and Fashion Designing | 25 | 20 |
| | | B Sc. Interior Designing and furnishing | 25 | 4 |
| **TRAVEL AND TOURISM** | | | | |
| 1 | Govinda Pai Memorial Govt.College, Manjeswaram, | B.T.T.M | 28 | 32 |

| | | | | |
|---|---|---|---|---|
| | Kasaragod | | | |
| 2 | Sharaf Arts & Science College, Padanna, Kasaragod | BBA (T.T.M) | 60 | 44 |
| 3 | Peoples Co-operative Arts & Science College, Munnad | 1. B.T.T.M | 30 | 8 |
| 4 | Malik Deenar College of Fraduate studies, seethangoli, Kasaragod. | 1.B.B.A (T.T.M) | 70 | 70 |
| | | 2.BBA Aviation and Hopitality. | 35 | 35 |
| 5 | Gurudev Arts& Science College, Mathil, Payyanur. | 2.B.B.A (TTM) | 40 | 28 |
| 6 | Mahatma Gandhi Arts & Science College, Chendayad. | B.T.T.M | 40 | 14 |
| 7 | ITM College of Arts & Science, Mayyil, Kannur. | 2.B.B.A (TTM) | 42 | 50 |
| 8 | BLM College of Applied Science, Timiri. | B.B.A (TTM) | 40 | -- |
| 9 | Pilathara Co-operative Arts & Science College, Kannur | 1.BBA (T.T.M) | 48 | 47 |
| 10 | Naher Arts & Science College,Kanhirode, Kannur | BBA (TTM) | 40 | 45 |
| 11 | MM Knowledge Arts & Science College, Karakundu, Kannur | 1.BBA (TTM) | 60 | 63 |
| | | 2.BBA (Aviation & Hospitality) | 48 | 46 |
| 12 | Kerala Institute of Hospitality Management,Chonadam,Thalassery. | BSc. Hotel Management and Catering Science. | 30 | 15 |
| 13 | Bhuvaneswari Arts & Science College, Cheemeni, Kasaragod | BBA (T.T.M) | 40 | -- |
| 14 | Dr. APJ Abdul kalam College of | 2. BBA Aviation and Airport | 40 | 38 |

| | | | | |
|---|---|---|---|---|
| | Professional Studies, Ulikkal, Kannur. | Management | | |
| 15 | Kuniya College of Arts & Science,Kuniya.Kasaragod. | BBA Aviation and Hospitality. | 25 | 25 |
| 16 | Vidyamandir Arts & Science College Alakkad, Kankol, Kannur | BBA (T.T.M) | 40 | 8 |
| 17 | Nest Institute of Humanities and Basic Sciences, Karivellur, Kannur | 2.BBA Aviation and Hospitality | 35 | |
| 18 | Sree Narayana College of Management Studies,Periya,Kasaragod | 1.BBA (T.T.M) | 50 | 28 |
| | | 2. BBA Aviation and Hospitality | 35 | 26 |
| **WOOD BASED INDUSTRY** | | | | |
| 1 | Department of Wood Science and Technology | M.Sc. Wood Science & Technology | 24 | 21 |

Q.No.67

Smt . KOCHURANI AUGUSTINE

ചോദ്യം: Regarding the numerous contracts that Uralungal Labour Contract Co operative Society Ltd. has completed/completing. kindly furnish the total amount that the University has paid to this organization thus far.

***ഉത്തരം*** :കണ്ണൂർ യൂണിവേഴ്സിറ്റി 2016 മുതൽ 2025 വരെ നിർമാണ പ്രവർത്തികൾക്ക് ആസൂത്രണ വിഭാഗത്തിൽ ലഭ്യമായ വിവരമനുസരിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കു **32,46,04790/-** രൂപ അനുവദിച്ചിട്ടുണ്ട്

Q.No.68

Sri.MUHAMMED ASHEFAS C H

ചോദ്യം :കേരള സർവീസ് റൂൾസ് പ്രകാരം ഔദ്യോഗിക ഡ്യൂട്ടികൾക്കായി സ്ഥിരം പ്രവർത്തി കേന്ദ്രത്തിന് പുറത്തേക്ക് യാത്ര ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് TA/DA

ലഭിക്കേണ്ടതാണ് 2018 നവംബർ മുതൽ ഉത്തര കടലാസ് മൂല്യ നിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് നിയമാനുസൃതമായി ലഭിക്കേണ്ടതായുള്ള TA/DA ഒഴിവാക്കിയത് നിയമപരമാണോ? മൂല്യ നിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് ആദായ നികുതി ബാധകമല്ലാത്ത TA/DA നൽകേണ്ടതിനു പകരം ക്യാമ്പ് അലവൻസ് എന്ന നിലയിൽ അത് ശമ്പളത്തിലൂടെ നൽകുന്നത് UGC ചട്ടപ്രകാരമാണോ?

**ഉത്തരം:** 22/12/2018 ലെ സർവകലാശാല സിണ്ടിക്കേറ്റ് യോഗ തീരുമാന പ്രകാരമാണ് ഉത്തരക്കടലാസ് മൂല്യ നിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് TA / DA നൽകുന്നത് ഒഴിവാക്കി റെമ്യൂണറേഷനിൽ ഗണ്യമായ വർധന വരുത്തി ഉത്തരവായത്. സർവകലാശാല ഉത്തരവുകൾക്ക് വിധേയമായാണ് മൂല്യ നിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിഫലം നൽകി വരുന്നത്

Q.No.69

**Sri. SAJU P J**

ചോദ്യം : സർവകലാശാല വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഓൺലൈൻ പണമിടപാട് കാര്യക്ഷമമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ ? RBI ലിസ്റ്റ് ചെയ്തിട്ടുള്ള കൂടുതൽ ഷെഡ്യൂൾഡ് ബാങ്കുകളെ ഉൾപ്പെടുത്തി സർവകലാശാല ആക്ട് ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം:** നിലവിൽ സർവകലാശാലയിലെ ഓൺലൈൻ പണമിടപാട് കാര്യക്ഷമമായി നടക്കുന്നുണ്ട് . തടസ്സങ്ങൾ നേരിടുമ്പോൾ അതത് സമയത്ത് അവ പരിഹരിക്കുന്നുമുണ്ട്.

RBI ലിസ്റ്റ് ചെയ്തിട്ടുള്ള കൂടുതൽ ഷെഡ്യൂൾഡ് ബാങ്കുകളെ ഉൾപ്പെടുത്തി സർവകലാശാല ആക്ട് ഭേദഗതി വരുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

Q.No.70

**Dr.DINESH T**

ചോദ്യം: സ്വാശ്രയ കോളേജ് അധ്യാപകരും ജീവനക്കാരും അഭിമുഖീകരിക്കുന്ന വിവിധങ്ങളായ സേവന-വേതന വിഷയങ്ങൾ സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനകം എത്ര നിവേദനങ്ങളും പരാതികളും ആണ് സെല്ഫ് ഫൈനാൻസിങ് കോളേജ് മോണിറ്ററിങ് കമ്മിറ്റിക്ക് ലഭിച്ചതെന്നും , എത്ര എണ്ണമാണ് പരിഗണിച്ചിട്ടുള്ളത് എന്നും പരിഹാരമാക്കിയ വിഷയങ്ങൾ ഏവ എന്നും വ്യക്തമാക്കാമോ?

**ഉത്തരം**:

കണ്ണൂർ സർവകലാശാലയ്ക്കു കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് മേലുള്ള താഴെ പറയുന്ന 3 പരാതികൾ സെല്ഫ് ഫൈനാൻസിങ് കോളേജ് മോണിറ്ററിങ് കമ്മിറ്റിയുടെ പരിഗണനയിലാണ്

1. Salary hike for the staff of self - financing Arts and Science colleges.

2. Framing guidelines for EPF, ESI, scheme for staff of self financing colleges.

3. To grant multidisciplinary status to stand-alone B.Ed. Institutions by allowing integrated B.Ed. Programme.

Q.No.71

**Ms. FARHANA T P**

ചോദ്യം : അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പരീക്ഷകളിൽ ഇരട്ട മൂല്യ നിർണയം നടപ്പിലാക്കിയിരിക്കുകയാണ്. ലഭിച്ച മാർക്കിൽ സംതൃപ്തരല്ലാത്ത വിദ്യാർത്ഥികൾ സൂക്ഷ്മ പരിശോധനയ്ക്കോ ഫോട്ടോകോപ്പിക്കോ അപേക്ഷിച്ച് കൂടുതൽ മാർക്കിന് അർഹനാണെന്നു ബോധ്യപെട്ടാലുള്ള നടപടിക്രമങ്ങൾ എന്ത് ?

**ഉത്തരം**: അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പരീക്ഷകളിൽ, സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥിക്ക് പരിശോധനയിൽ കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ളതായി കണ്ടത്തിയാൽ വിദ്യാർഥിക്ക് നേരെത്തെ ലഭിച്ച മാർക്കുകൾ തിരുത്തി സൂക്ഷ്മ പരിശോധനയിൽ കണ്ടത്തിയ മാർക്കുകൾ ഉൾപ്പെടുത്തി സർവകലാശാല ഫലം പ്രസിദ്ധീകരിക്കുന്നതാണ്. 2023 അഡ്മിഷൻ മുതൽ അഫിലിയേറ്റഡ് കോളേജുകളിലെ പി.ജി. പ്രോഗ്രാമ്മുകൾക്കു പുനർമൂല്യ നിർണയം നിർത്തലാക്കുകയും Double valuation പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഉത്തരപേപ്പറിന്റെ ഫോട്ടോ കോപ്പി പരിശോധിച്ച് കൂടുതൽ മാർക്കിന് അർഹനാണെന്ന് വിദ്യാർഥിക്ക് ബോധ്യപ്പെടുന്ന പക്ഷം നിലവിലെ ചട്ടങ്ങൾ പ്രകാരം സർവകലാശാലയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ നിർവാഹമില്ല.

Q.No.72

**MUHAMMED SALIH C**

ചോദ്യം : കണ്ണൂർ സർവകലാശാല 2017-18 അധ്യയന വർഷത്തെ മികച്ച കോളേജ് മാഗസിൻ തിരഞ്ഞെടുക്കാൻ വേണ്ടി നോമിനേഷൻ സ്വീകരിക്കുകയും അതിനു വേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ അതിന്റെ ഫലപ്രഖ്യാപനം വന്നതായി അറിയില്ല. ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ എന്ത്കൊണ്ടാണ് ഫലപ്രഖ്യാപനം നടത്താത്തത്? അതിന് ശേഷമുള്ള വർഷങ്ങളിൽ എന്തുകൊണ്ടാണ് നോമിനേഷൻ സ്വീകരിക്കാത്തത് ?

**ഉത്തരം:** ലഭ്യമായ ഫയൽ (ഫയൽ നം.DSS/A1/2610/Magazine Competition/2017-18) പരിശോധിച്ചതിൽ 2017-18 അധ്യയന വർഷത്തെ മികച്ച കോളേജ് മാഗസിൻ തിരഞ്ഞെടുക്കാൻ വേണ്ടി (2016-17 മാഗസിനാണ് അവാർഡിനായി പരിഗണിക്കുന്നത്) നോമിനേഷൻ സ്വീകരിക്കുകയും അതിനു വേണ്ടി ഒരു

കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല . DSS/A4/Magazine Award/4112/2019 നം. ഫയൽ പ്രകാരം 2018 -19 അധ്യയന വർഷത്തെ മികച്ച കോളേജ് മാഗസിനുള്ള എൻട്രികൾ ക്ഷണിക്കുകയും ആയതിൽ മികച്ച കോളേജ് മാഗസിൻ തെരഞ്ഞെടുക്കുകയും പാമ്പൻ മാധവൻ എവർ റോളിങ്ങ് ട്രോഫി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർവർഷങ്ങളിൽ നോമിനേഷൻ സ്വീകരിച്ചിട്ടില്ല .

Q.No.73

**Sri.ASIF IQBAL KAKKASSERY**

ചോദ്യം : In connection with the Research and Development Cell, Kannur University, I would like to compile the following information :

1. How many research centers are currently functioning in affiliated colleges?
2. How many applications for new research center approvals (in affiliated colleges are under consideration?
3. How many guideship applications have been received in the past five years?
4. Of those, how many have been approved, how many are currently under consideration, and how many have been rejected?
5. Can you provide a list of the rejected applications and specify the reasons for their rejection?

**ഉത്തരം:**

1. There are twelve research centres currently functioning in affiliated colleges.
2. Three applications are under consideration.
3. As per the details available in the Guideship Portal from 2022 onwards 98 online applications for guideship are received .
4. Of these applications 42 applications were approved, 12 applications were incomplete, 43 applications under consideration and one application rejected.

One application rejected. (Reason: Applicants must have at least three years of service before retirement while a candidate is registered under her.)

Q.No.74

**AKHIL K SREEDHAR**

ചോദ്യം : FYUGP സിസ്റ്റത്തിൽ സ്പോർട്സ് , ആർട്സ് , എൻ സി സി, എൻ എസ് എസ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള ഗ്രേസ്മാർക്ക് സംബന്ധിച്ച് യൂണിവേഴ്സിറ്റി

തലത്തിൽ എന്തെങ്കിലും മാർഗനിർദേശങ്ങൾ തയ്യാറായിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെയാണ് അത് നടപ്പിലാക്കുന്നത്?

**ഉത്തരം**: 2024-25 അധ്യയന വർഷം മുതൽ FYUGP നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി NCC/ ARTS/ NSS/ SPORTS ഗ്രേഡ് മാർക്കുകൾ ഏകീകരിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയിൽ നിന്നും ലഭ്യമായ മിനുട്ട്സ് , Template എന്നിവയിന്മേൽ ചർച്ച നടത്തുന്നതിനായി DPE,DSS, ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ അധ്യാപകർ , അഫിലിയേറ്റഡ് കോളേജുകളിലെ NSS/NCC കോർഡിനേറ്റർമാർ എന്നിവരുൾപ്പെടെ 20.05.2024 നു താവക്കര ആസ്ഥാനത്തു യോഗം ചേരുകയും പ്രസ്തുത വിഷയത്തിൽ ചർച്ച നടത്തുകയും യോഗത്തിന്റെ ശുപാർശകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട് . ശേഷം കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയിൽ നിന്നും 14.08.2024 ലഭ്യമായ കരട് ഗ്രേസ് മാർക്ക് നിയമാവലികളിൽ അഭിപ്രായം അറിയിച്ചു കൊണ്ട് 24.08.2024 തീയതിയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിക്ക് കത്ത് അയക്കുകയുണ്ടായി. പിന്നീട് ഇത് സംബന്ധിച്ച് അറിയിപ്പുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല

## II. Business brought forward by the members of the Senate.

1.42 അടിയന്തിര പ്രമേയം വന്നിട്ടുണ്ട്. അത് 21 പേർ ഒപ്പിട്ട സ്പെഷ്യൽ റെസൊല്യൂഷൻ വന്നിട്ടുണ്ട്. പ്രത്യേക സമയം നിശ്ചയിച്ചു ചർച്ചക്ക് എടുക്കാം-വൈസ് ചാൻസലർ അറിയിച്ചു.

## Resolution No.1

Sri. <u>Dr.ASIF IQBAL KAKKASSERY</u> moved the resolution

കണ്ണൂർ സർവ്വകലാശാല ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ ചെയ്തു വരികയാണ്. എങ്കിലും സർവകലാശാലയുടെ ഗവേഷണ മികവിൽ വേണ്ട വിധത്തിൽ അഫിലിയേറ്റഡ് കോളേജിലെ അധ്യാപകരുടെ ഗവേഷണ മികവിനെ ആവശ്യമായ വിധത്തിൽ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല .പ്രത്യേകിച്ചും സർക്കാർ കോളേജ് അധ്യാപകരുടെ വിഷയത്തിൽ .ഗൈഡ് ഷിപ്പിനുള്ള അപേക്ഷ നൽകി ദീർഘനാൾ പ്രോസസ്സിംഗ് സമയവും കഴിഞ്ഞാണ് അപേക്ഷകൾക്ക് അംഗീകാരം ലഭിക്കുന്നത്. ഇത്തരത്തിൽ അപേക്ഷകൾക്ക് അംഗീകാരം ലഭിക്കുമ്പോഴേക്കും അധ്യാപകർ പലരും ട്രാൻസ്ഫർ ആകുകയും ചെയ്യും . ട്രാൻസ്ഫർ ലഭിച്ചാൽ, നിലവിൽ ഗൈഡ് ചെയ്യുന്ന Students ന്റെ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ മാത്രമാണ് സാധ്യതകളുള്ളത്. സർക്കാർ കോളേജ് അധ്യാപകർ ട്രാൻസ്ഫർ ആയതിനുശേഷവും അദ്ധ്യാപകർ താൽപര്യപ്പെടുന്ന പക്ഷം അവർ പ്രവർത്തിച്ചിരുന്ന കണ്ണൂർ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് സൂപ്പർവൈസറായി

തുടർന്നു അനുമതി നൽകണം. ഇത്തരത്തിൽ റിസർച്ച് ഗൈഡ് ആയി തുടരാൻ അനുമതി നൽകുന്നത് ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലടക്കം സർവകലാശാലയുടെ അഫിലിയേഷൻ ഉൾപെടുത്താൻ സാധിക്കുകയും ചെയ്യും . സ്വാഭാവികമായും സർവ്വകലാശാലയുടെ റിസർച്ച് Output ഇൽ പുരോഗതി ഉണ്ടാക്കുന്നതിനും സഹായകരമാകും . അതിനാൽ തന്നെ കേരളത്തിലെ സർക്കാർ കോളേജ് അധ്യാപകർ മറ്റ് സർവകലാശാലകൾക്ക് കീഴിലെ സർക്കാർ കോളേജുകളിലേക്കോ , പോളി ടെക്നിക് കോളേജുകളിലേക്കോ എഞ്ചിനീയറിംഗ് കോളേജിലേക്കോ ട്രാൻസ്ഫർ ആയതിനുശേഷവും , അവർ താത്പര്യപ്പെടുന്ന പക്ഷം കണ്ണൂർ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രത്തിൽ ഗൈഡ് ആയി തുടരാനുള്ള തരത്തിൽ ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി വരുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.43 ഇത് അക്കാദമിക്ക് കൗൺസിലിൽ ചർച്ച ചെയ്തു തീരുമാനം എടുത്തിട്ടുള്ളതാണ്. ഇത് രണ്ടാമതായി റെസൊല്യൂഷൻ ആയി വരേണ്ട ആവശ്യം ഇല്ല എന്ന് വൈസ് ചാൻസിലർ അറിയിച്ചു .

1.44 തീരുമാനം: സെനറ്റ് യോഗം പ്രമേയം പരിഗണിച്ചില്ല.

Resolution No.2.

Smt. Bushara N moved the resolution

Centrally funded higher education Institute കളിൽ periodic review നടത്തി അധ്യാപകരെ പിരിച്ചു വിടാനുള്ള തീരുമാനം കേന്ദ്ര ഗവണ്മെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടായിരിക്കുന്നു.ഇത് സംബന്ധിച്ച സർക്കുലർ ഇറങ്ങിയത് ഈ മേഖലയിൽ വലിയ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. ഭാവിയിൽ അത് നമ്മുടെ സ്ഥാപനങ്ങളിലേക്കും വരാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ തീരുമാനം പിൻവലിക്കണം എന്ന് ബന്ധപ്പെട്ടവരോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.45 ഡോ:ദിനേശൻ ടി പ്രമേയത്തെ പിൻതാങ്ങി.

1.46 ഈ വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് വൈസ് ചാൻസിലർ അറിയിച്ചു

1.47 തീരുമാനം: സെനറ്റ് യോഗം പ്രമേയം പരിഗണിച്ചില്ല.

Resolution No.3.

NANDAGOPAL K V moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റി മാനന്തവാടി ക്യാമ്പസിൽ ജർമ്മൻ ടെക്നോളജി യുടെ സഹായത്തോടെ തുടങ്ങിയ നടപ്പാതയുടെ പണി നിലവിൽ നിർത്തിവെക്കുന്ന സ്ഥിതിയാണ്. ഈ പ്രവർത്തനങ്ങൾ തുടരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

1.48 P.S.Sanjeev ടി പ്രമേയത്തെ പിൻതാങ്ങി.

1.49 തീരുമാനം: സെനറ്റ് യോഗം പ്രമേയം പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറക്ക് വിഷയം പരിഗണിക്കാം എന്ന വ്യവസ്ഥയോടെ അംഗീകരിച്ചു.

Resolution No.4.

BINDU K .DR moved the resolution

പി എച്ച് ഡി വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുന്നതിന് പി ജി കോളേജിൽ തന്നെ ജോലി ചെയ്യിരിക്കണം എന്ന വ്യവസ്ഥ വച്ചുകൊണ്ടാണ് കണ്ണൂർ യൂണിവേഴ്സിറ്റി ഗൈഡുകളെ ക്ഷണിച്ചുകൊണ്ടുള്ള പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരിക്കുന്നത്ഇത് പ്രകാരം നിലവിൽ യു . ജി ഡിപ്പാർട്മെന്റുകളിൽ ജോലി ചെയ്യുകൊണ്ടിരിക്കുന്ന അധ്യാപകർക്ക് ഗൈഡ്ഷിപ്പ് നഷ്ടപ്പെടുവാനും അതുപോലെ മറ്റു റിസർച്ച് സെന്ററുകളിൽ ഗൈഡ്ഷിപ്പ് എടുക്കാനുള്ള അധ്യാപകരുടെ അവസരത്തെ നിഷേധിക്കുന്നതുമാണ്ഇത്തരം നിബന്ധനകൾ പിൻവലിക്കണമെന്നും . അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് നിലവിൽ ലഭിച്ചിരിക്കുന്ന മുഴുവൻ ഗൈഡ്ഷിപ്പ് അപേക്ഷകളിലും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.50 Dr.ASIF IQBAL KAKKASSERY ടി പ്രമേയത്തെ പിൻതാങ്ങി

ഈ വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് സ്വാതന്ത്രമായി തീരുമാനം എടുക്കാൻ പറ്റില്ല.. ഇതുമായി ബന്ധപ്പെട്ട് UGC യിൽ നിന്ന് ക്ലാരിഫിക്കേഷൻ വന്നിട്ടുണ്ട്. Kerala State Higher Education ലേക്ക് പരിഗണിക്കുന്നതിന് കത്ത് അയച്ചിട്ടുണ്ട് എന്നും വൈസ് ചാൻസിലർ അറിയിച്ചു

1.51 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചില്ല.

Resolution No.6.

FARHANA T P moved the resolution

കോളേജുകളിൽ നിന്നും ബിരുദാനന്തര ബിരുദം പഠിക്കുന്ന വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം ഇരട്ട മൂല്യനിർണ്ണയ സംവിധാനത്തിലൂടെ നടത്തുമ്പോൾ പുനർ മൂല്യനിര്ണയത്തിനുള്ള അവസരം വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെടുന്നു . പ്രസ്തുത പരിഷ്കരണം വിദ്യാർത്ഥികളുടെ ആശങ്ക വർദ്ധിപ്പിക്കുന്ന തരത്തിലേക്ക് എത്തിയിരിക്കുന്നു. എന്നാൽ സർവകലാശാല ക്യാമ്പസ്സിൽ ഒറ്റത്തവണ മൂല്യനിർണ്ണയവും പുനർ മൂല്യ നിർണ്ണയത്തിനുള്ള അവസരവും

സർവകലാശാല നൽകിവരുന്നു കോളേജുകളിലെ വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രശ്നം പരിഹരിക്കുവാൻ സർവകലാശാല തയ്യാറാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.52 ഈ വിഷയത്തിൽ തീരുമാനം ഇതിനകം എടുത്തിട്ടുള്ളതാണ്. പ്രമേയം ആയി വരേണ്ട ആവശ്യം ഇല്ല എന്ന് വൈസ് ചാൻസിലർ അറിയിച്ചു.

1.53 തീരുമാനം: സെനറ്റ് യോഗം പ്രമേയം പരിഗണിച്ചില്ല.

Resolution No.6.

**MUHAMMED ASHEFAS C H** moved the resolution

എഫ് വൈ യു ജി പി റെഗുലേഷൻ പ്രകാരം കോഴ്സ് തലത്തിലാണ് ഹാജർ റിപ്പോർട്ട് നൽകേണ്ടത്. എന്നാൽ നിലവിൽ സർവകലാശാല പ്രോഗ്രാം തലത്തിൽ ഹാജർ റിപ്പോർട്ട് ശേഖരിക്കുന്നു. പ്രസ്തുത വിഷയത്തിൽ വ്യക്തമായ ഒരു സമീപനം ഉണ്ടാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.54 Dr. Shino P Jose ടി പ്രമേയത്തെ പിൻതാങ്ങി

1.55 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

Resolution No.7.

**Dr. SIBY PHILIP** moved the resolution

ന്യൂജെൻ പി ജി പ്രോഗ്രാമുകൾ അനുവദിച്ചപ്പോൾ സർക്കാർ ഉത്തരവിൽ ഉണ്ടായിരുന്ന പേരുകൾ അതെപടി നിലനിർത്തുന്ന രീതിയാണ് കണ്ണൂർ സർവകലാശാല ഇതുവരെ അനുവർത്തിക്കുന്നത്അതെ സമയം ഇതേ . പേരുകളിൽ മറ്റു സർവകലാശാലകൾക്ക് കീഴിൽ ഉള്ള കോളേജുകളിൽ ലഭിച്ച പ്രോഗ്രാമുകൾക്ക് ആ സർവ്വകലാശാലകൾ പേരുകൾ ഏകീകരിച്ച് സുകൾക്ക് മാത്രം മാറ്റമുള്ളഴ്നിലവിൽ ഇലക്ടീവ് കോ .നൽകുകയുണ്ടായി ന്യൂജെൻ പി ജി പ്രോഗ്രാമുകളുടെ പേരുകൾ മുൻകാലത്ത് അനുവദിച്ച പി ജി പ്രോഗ്രാമുകളുടെ പേരിന് ഏകീകരിച്ചു നൽകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.56 BUSHRA N ടി പ്രമേയത്തെ പിൻതാങ്ങി.

1.57 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

Resolution No.8.

SRI.KARTHIKEYAN P moved the resolution

Based on the judgments of various Hon'ble Courts and Hon'ble CAT allowing benefits of the old Defined Benefit Pension Scheme to Government servants appointed on or after 01.01.2004 against the posts/vacancies advertised for recruitment prior to the notification of NPS, the Government of India has decided that its officers, who have been appointed against a post/vacancy which was advertised/notified for recruitment prior to the date of notification of NPS and who are covered under NPS on joining Service, may be granted one-time option to be covered under the provisions of old pension scheme.

This resolution demands the application of the above mentioned provision to all employees of Kannur University whose employment notification was before the implementation of the NPS in the state and are currently covered under NPS.

1.58 Dr.Soorej M Basheer ടി പ്രമേയത്തെ പിൻതാങ്ങി.

1.59 തീരുമാനം: വിഷയം സർക്കാരിന്റെ പരിഗണനയിലേക്ക് നൽകാമെന്ന ഭേദഗതിയോടെ പ്രമേയം സെനറ്റ് യോഗം അംഗീകരിച്ചു.

Resolution No.9.

DINESHAN K P moved the resolution

പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ നിയമിതരാകുന്ന അനധ്യാപകരുടെ നിയമനാഗീകാരം, പ്രൊമോഷൻ എന്നിവ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂ ട്ട് വ്യവസ്ഥകൾക്ക് വിധേയമായി നടത്തണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഗാർഡനർ,മെക്കാനിക്,ലൈബ്രേറിയൻ മുതലായ പല തസ്തികകളിലെ നിയമനവും പ്രൊമോഷനും സംബന്ധമായി കണ്ണൂർ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടിൽ വ്യക്തതയില്ലാത്തതിനാൽ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതി വരുത്തി കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പരിഷ്കരണം കാലതാമസം ഇല്ലാതെ നടപ്പിലാക്കണം എന്നും ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ലഭിക്കുന്നതിന് കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലെയും സ്റ്റാറ്റ്യൂട്ട്കളിൽ സമാനമായ പരിഷ്കരണം നടത്തണമെന്നും പ്രമേയത്തിലൂടെ ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു

1.60 BIJU UMMER പ്രമേയത്തെ പിൻതാങ്ങി

1.61 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

Resolution No.10.

**HARSHA P** moved the resolution

കണ്ണൂർ സർവകലാശാലയിലെ പേയ്മെന്റ് ഗേറ്റ് വേയിലെ എല്ലാ വിധ സേവനങ്ങൾക്കും യു പി ഐ ID ഉൾപ്പെടുത്തികൊണ്ട് ഫീസ് അടയ്ക്കാനുള്ള സൗകര്യം നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.62 MUHAMMED ASHEFAS CH പ്രമേയത്തെ പിൻതാങ്ങി.

1.63 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

Resolution No.11.

ASHITH ASHOKAN T moved the resolution

സുപ്രീം കോടതി വിധി പ്രകാരം പുനർമൂല്യ നിർണയ ഫലം 45 ദിവസത്തിനകം പ്രസിദ്ധീകരിക്കണമെന്നിരിക്കെ സമയബന്ധിതമായി റിസൾട്ട് പ്രസിദ്ധീകരിക്കാനുള്ള പ്രക്രിയകൾ പൂർത്തീകരിക്കാത്ത അധികാരികൾക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും പുനർമൂല്യ നിർണായ ഫലം 45 ദിവസത്തിനകം തന്നെ പ്രസിദ്ധീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.64 SOORYA ALEX ടി പ്രമേയത്തെ പിൻതാങ്ങി.

1.65 കേരളത്തിൽ ഏറ്റവും പെട്ടന്ന് റിസൾട്ട് പബ്ലിഷ് ചെയ്യുന്ന യൂണിവേഴ്സിറ്റിയിൽ ഇങ്ങനെ ഒരു പ്രമേയത്തിന്റെ ആവശ്യമുണ്ടോ എന്നും നമ്മുടെ എക്സാമിനേഷൻ സെക്ഷൻ വളരെ ശുഷ്കാന്തിയോടെ കാര്യങ്ങൾ നടത്തുന്ന സാഹചര്യത്തിൽ ഇങ്ങനെയൊരു derogatory റെസൊല്യൂഷൻറെ ആവശ്യം ഇല്ല എന്നും വൈസ് ചാൻസിലർ അറിയിച്ചു.

1.66 പുനർമൂല്യ നിർണയ ഫലം റിസൽട്ട് വരുന്നത് നിലവിൽ വളരെ സാവധാനത്തോടെ തന്നെ യാണ്. ഈ വിഷയത്തിൽ കോടതി വിധി ഉള്ളതാണ് - അഷിത് അശോകൻ അറിയിച്ചു.

1.67 നമ്മുടെ വൈസ് ചാൻസലർ പറഞ്ഞത് പോലെ പരീക്ഷാ ഫലം കൃത്യമായി പ്രസിദ്ധീകരിക്കുന്ന രീതിയിൽ ആണ് മുന്നോട്ട് പോകുന്നത് ഒരു അരിയറും റിസൾട് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഇല്ല .വന്നിട്ടുള്ള പ്രമേയം പുനർമൂല്യ നിർണയ ഫലം 45 ദിവസത്തിനകം പ്രസിദ്ധികരിച്ചിരിക്കണം എന്ന നിലയിൽ ആണ് അതിൽ VI സെമെസ്റ്ററിന്റെ സാധാരണയിൽ 45 ദിവസത്തിനകം പ്രസിദ്ധീകരിക്കാൻ നമ്മുക്ക് സാധിക്കാറുണ്ട് .മറ്റു

സെമസ്റ്ററുകളിൽ ഉള്ള അപ്ലിക്കേഷനുകൾ നമ്മുടെ നിയന്ത്രണത്തിൽ കൂടുതൽ വരുന്നുണ്ട്. ഒരു 3000 വരുമ്പോൾ അതിൽ വരുന്ന പേപ്പർ റിട്രീവ് ചെയ്തു വരുന്ന പ്രായോഗിക ബുദ്ധിമുട്ടാണ് നിശ്ചിത ദിവസത്തിന്നപ്പുറത്തേക്ക് പോകാൻ കാരണമാകുന്നത് യൂണിവേഴ്സിറ്റി റെഗുലേഷൻ പ്രകാരം revaluation റിസൾട്ട് പ്രഖ്യാപിക്കേണ്ടി വരുന്ന ദിവസങ്ങളുടെ എണ്ണം 105 ആണ്. സുപ്രീം കോടതി വിധി അവിടെയുണ്ട് അത് പാലിക്കാനുള്ള വലിയ ശ്രമങ്ങൾ നമ്മൾ ചെയ്തു വരുന്നുണ്ട്. നമ്മൾ FYUGP യുടെ റീവാലുവേഷനുമായി ബന്ധപ്പെട്ട് കൊണ്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു അതിന്റെ പേപ്പറുകൾ സ്കാൻ ചെയ്തു എടുത്തു കഴിഞ്ഞു . അത് 45 ദിവസത്തിനകം പബ്ലിഷ് ചെയ്യാൻ സാധിക്കു എന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത് അത് കൊണ്ട് 45 ദിവത്തിനകം പബ്ലിഷ് ചെയ്യണം എന്ന ഭാഗം നമുക്ക് അംഗീകരിക്കാമെങ്കിലും ബന്ധപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം എന്നുള്ള ഭാഗം ഒഴിവാക്കുക ആണെങ്കിൽ നമുക്ക് അത് പോസിറ്റീവായി എടുക്കാം- ഡോ:ചന്ദ്രമോഹനൻ കെ ടി അറിയിച്ചു.

1.68 പ്രമേയം മോഡിഫൈ ചെയ്യാം എന്ന് ആഷിത് അശോകൻ അറിയിച്ചു.

1.69 തീരുമാനം: സെനറ്റ് യോഗം പ്രമേയം ഭേദഗതിയോടെ അംഗീകരിച്ചു.

## Resolution No.12.

**Dr. JITHESH K** moved the resolution

കണ്ണൂർ സർവകലാശാല ഗവേഷകർക്ക് നൽകുന്ന പ്രതിമാസ സ്റ്റൈപെൻഡ് തുക പതിനായിരം രൂപയാണ് .യുജിസിയുടെ പ്രതിമാസ ഫെല്ലോഷിപ്പ് 37000 രൂപ ആണ് . സർവകലാശാല പി എച്ച് ഡി വിദ്യാർത്ഥികൾക്ക് നൽകുന്ന ഈ തുക വളരെ കുറവാണ് അതുകൊണ്ട് കാലോചിതമായി ഗവേഷകരുടെ .സ്റ്റെയ്പെൻഡ് തുക വർദ്ധിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. അതോടൊപ്പം നവമ്പർ മാസത്തിലെ സിണ്ടിക്കേറ്റിന്റെ തീരുമാനത്തെ പഠന വകുപ്പുകളിൽ PhD ചെയ്യുന്നവർക്ക് മാത്രം 10,000/- രൂപയിൽ നിന്ന് 20,000/- രൂപയിലേയ്ക്ക് ഫെലോഷിപ്പ് ഉയർത്തിയ നടപടിയെ അഭിനന്ദിക്കുന്നു. സൗകര്യം പക്ഷെ അഫിലിയേറ്റഡ് കോളേജിലെ Phd ചെയ്യുന്ന റിസേർച്ച് സ്കോളേഴ്സിന് കൂടെ ലഭ്യമാക്കണം എന്ന് ഈ പ്രമേയത്തിലുടെ ആവശ്യപ്പെടുന്നു.

1.70 Dr.SIBY PHILIP ടി പ്രമേയത്തെ പിൻതാങ്ങി

1.71 പ്ലാൻ ഫണ്ടിന്റെ അഭാവത്തിൽ നമുക്ക് ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതി ഉണ്ട്. അത് കൊണ്ട് പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറക്ക് നമുക്ക് വിഷയം പരിഗണിക്കാം -വൈസ് ചാൻസിലർ അറിയിച്ചു

1.72 തീരുമാനം: സെനറ്റ് യോഗം പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറക്ക് വിഷയം പരിഗണിക്കാം എന്ന വ്യവസ്ഥയോടെ പ്രമേയം അംഗീകരിച്ചു.

## Resolution No.13.

**SAJU P J** moved the resolution

സർക്കാർ സർവീസിലെ നിയമനങ്ങൾക്ക് സമാനമായി സർവകലാശാല നിയമനങ്ങളും 2016 മുതൽ കേരള പബ്ലിക് സർവീസ് കമ്മീഷനാണ് നടത്തി വരുന്നത് സർവകലാശാല നിയമനങ്ങൾ .കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്തി കൊണ്ട് 2015 ൽ നിയമനം വിജ്ഞാപനം ചെയ്യുകയുണ്ടായി. വിവിധ കാറ്റഗറികളിലായുള്ള ഒഴിവുകളിൽ അതിനു തുടർച്ചയായി നാളിതുവരെ . കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമനം അനുവദിച്ചു വരുന്നുണ്ട്

സർവകലാശാലയിലെ അനധ്യാപക തസ്തികകൾ സെക്രട്ടറിയേറ്റിലെ തസ്തികകളുടേതിനും ശമ്പളത്തിനും സമാനമാണ് നിലവിൽ സർവകലാശാല ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ സർക്കാർ അനുവദിക്കുന്ന പദ്ധതിയേതര ഗ്രാന്റിൽ നിന്നാണ് നൽകി വരുന്നത്.

നിയമന അധികാരിയായി കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്തിയ സാഹചര്യത്തിൽ സർവകലാശാല അനധ്യാപക ജീവനക്കാരുടെ ശമ്പളംപെൻഷൻ എന്നീ ബാധ്യതകൾ സർക്കാർ , ജീവനക്കാരുടേതിന് സമാനമായി ഏറ്റെടുക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.73 **SRI .KARTHIKEYAN P** ടി പ്രമേയത്തെ പിൻതാങ്ങി.

1.74 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

## Resolution No.14.

**MUHAMMED HASEEB T K** moved the resolution

കണ്ണൂർ സർവകലാശാലയ്ക്കു കീഴിലെ ഏക ത്രിവത്സര LLB പഠന കേന്ദ്രമാണ് സർവകലാശാല 2021 ഇൽ ആരംഭിച്ച മഞ്ചേശ്വരം ക്യാമ്പസ്. സ്വാശ്രയ ക്യാമ്പസായി ആരംഭിച്ച മഞ്ചേശ്വരം ക്യാമ്പസിലെ വിദ്യാർത്ഥികളിൽ നിന്നും ഭീമമായ ഫീസാണ് സർവകലാശാല ഈടാക്കുന്നത്. മറ്റൊരു നിയമ ക്യാമ്പസായ പാലയാട് ക്യാമ്പസിൽ നിന്നും ശരാശരി ഒരു സെമസ്റ്ററിനു 8000 രൂപ ഈടാക്കുമ്പോൾ മഞ്ചേശ്വരം ക്യാമ്പസിൽ നിന്നും 25000 രൂപയാണ് ഒരു സെമസ്റ്ററിനു ഈടാക്കുന്നത്. സ്വകാര്യ ലോ കോളേജ് വാങ്ങിക്കുന്നതിനു സമാനമായ നിലവിലെ ഫീസ് കുറയ്ക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.75 ആഷിത്ത് അശോകൻ ടി പ്രമേയത്തെ പിൻതാങ്ങി.

1.76 മഞ്ചേശ്വരത്ത് ആരംഭിച്ചിരിക്കുന്നത് സ്വാശ്രയ കോളേജ് ആണെന്നും വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസ് കൊണ്ടാണ് , ബിൽഡിങ് കൺസ്ട്രക്ഷൻ , ഹോസ്റ്റൽ തുടങ്ങി എല്ലാ കാര്യങ്ങളും നടത്തേണ്ടുന്നത് എന്ന്

വൈസ് ചാൻസിലർ അറിയിച്ചു. ഫീസ് കുറക്കുന്നത് അതിന്റെ നിലനില്പിനെ ബാധിക്കുന്ന വിഷയമായതിനാൽ അത് പ്രായോഗികമല്ല എന്നും വൈസ് ചാൻസിലർ അറിയിച്ചു .

1.77 ഫീസിന്റെ ഘടന പഠിയ്ക്കാൻ ഒരു കമ്മിറ്റിയെ എങ്കിലും ചുമതലപ്പെടുന്ന തിനെ കുറിച്ച്- മുഹമ്മദ് ഹാസിബ് ടി കെ ചോദിച്ചു.

1.78 അത് പരിഗണിക്കാം എന്ന് വൈസ് ചാൻസിലർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമേയം മോഡിഫൈ ചെയ്ത് തയ്യാറാക്കാമെന്ന് മുഹമ്മദ് ഹാസിബ് ടി കെ അറിയിച്ചു.

1.79 പ്രമേയത്തെ കുറിച്ച് ഡോ.പ്രേമചന്ദ്രൻ കിഴോത്ത്, ഡോ.ചന്ദ്രമോഹനൻ കെ ടി എന്നിവർ സംസാരിച്ചു.

1.80 തീരുമാനം: സെനറ്റ് യോഗം ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താം എന്ന വ്യവസ്ഥകളോടെ പ്രമേയം അംഗീകരിച്ചു

Resolution No.15.

SOORYA ALEX moved the resolution

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ ബി എ എൽ എൽ ബി റെഗുലേഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ പ്രത്യേക 2016 ഉത്തരവ് പ്രകാരംകോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളാണെങ്കിലും അവർക്ക് ഇന്റേണൽ മാർക്ക് ഇംപ്രൂവ് ചെയ്യുന്നതിനായി അവസരം നൽകുന്നുണ്ട് . അതിനാൽ റെഗുലേഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് കൂടി കോഴ്സ് കഴിയുന്ന 2021 മുറയ്ക്ക് ഇന്റെർണല് മാർക്ക് ഇംപ്രൂവ് ചെയ്യുവാനുള്ള അവസരം നൽകണമെന്ന് .പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.81 മുഹമ്മദ് ഹാസിബ് ടി കെ ടി പ്രമേയത്തെ പിൻതാങ്ങി.

1.82 വിഷയം അക്കാദമിക്ക് കൗൺസിലിൽ ചർച്ച ചെയ്യാം എന്ന് വൈസ് ചാൻസിലർ അറിയിച്ചു.

1.83 പ്രമേയത്തിൻ മേൽ ശ്രീമതി. സുകന്യ എൻ, ഡോ. ചന്ദ്രമോഹനൻ കെ ടി, ജെ മാത്യു, പ്രേമചന്ദ്രൻ കിഴോത്ത്, ഡോ.ഷിനോ പി ജോസ് എന്നിവർ സംസാരിച്ചു.

1.84 തീരുമാനം: സെനറ്റ് യോഗം "പ്രമേയം അക്കാദമിക്ക് കൗൺസിലിന്റെ പരിഗണനക്കായി ആവശ്യപ്പെടുന്നു" എന്ന വ്യവസ്ഥയോടെ അംഗീകരിച്ചു.

Resolution No.16.

ARYA K moved the resolution

പരീക്ഷ വാല്യൂവേഷൻ ഡബിൾ വാല്യൂവേഷൻ ആക്കിയതിനുശേഷം നിരന്തരമായ പരാതികളാണ് യൂണിവേഴ്സിറ്റി യൂണിയൻ മുഖാന്തരവും എക്സാമിനേഷൻ വിഭാഗത്തിലുമൊക്കെ ലഭിക്കുന്നത്ഡബിൾ വാല്യൂവേഷൻ . ആയതുകൊണ്ടുതന്നെ പരിശോധനയിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ അതുമായി ബന്ധപ്പെട്ട തുടർ നടപടികളുമായി പോവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുന്നില്ല. പി ജി ഒന്നാം വർഷ ആദ്യ സെമസ്റ്റർ റിസൾട്ട് വന്നപ്പോൾ മാത്രം ഒരുപാട് പരാതികളാണ് ലഭിച്ചത് നന്നായി എഴുതിയ വിദ്യാർത്ഥികൾക്കു പോലും അർഹിക്കുന്ന മാർക്ക് ലഭിക്കുന്നില്ല.

പേപ്പർ കോപ്പി ആവശ്യപ്പെട്ടാലും അതുകൊണ്ട് യാതൊരുവിധ പ്രയോജനവുംഉണ്ടാകുന്നില്ല. അതുകൊണ്ട് തുടർച്ചയായ വീഴ്ചകൾ സംഭവിക്കുന്നതു കൊണ്ട് ഈ വാല്യൂവേഷൻ സമ്പ്രദായം മാറ്റി സാധാരണഗതിയിലേക്ക് തന്നെ കൊണ്ടുവരണം.

1.85 പ്രമേയത്തിൻമേൽ തീരുമാനം ഇതിനകം എടുത്തതാണ് – വൈസ് ചാൻസിലർ അറിയിച്ചു.

## Resolution No.17.

**Dr .DINESH T**

സപ്ലിമെന്ററി പരീക്ഷകളുടെ മൂല്യനിർണയം റെഗുലർ പരീക്ഷ മൂല്യനിര്ണയത്തോടോപ്പം നടത്താതെ നേരത്തെ നടത്തി ഈ വിദ്യാർത്ഥികൾക്ക് കൂടി ഉപരിപഠനവസരം ലഭിക്കുന്നതിന് സഹായകരമായ സാഹചര്യമുണ്ടാക്കണമെന്നും ഇതിന്റെ നടത്തിപ്പിന്റെ കാര്യങ്ങൾ പരിശോധിക്കാനായി ഒരു സമിതിയെ നിയോഗിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.86 ഡോ.നിഷ വി കെ ടി പ്രമേയത്തെ പിൻതാങ്ങി

1.87 ഒരു പ്രമേയത്തിന്റെ ഒരു സ്പിരിറ്റ് എനിക്ക് തോന്നുന്നത് സപ്ളിമെന്ററി പരീക്ഷകൾ ഇപ്പോൾ നടക്കുന്നത് റെഗുലർ പരീക്ഷകളുടെ കൂടെയാണ്. അത് നടന്ന് വളരെ വേഗത്തിൽ തന്നെ അതിന്റെ വാല്യൂഷൻ ക്യാമ്പ് സംഘടിപ്പിക്കുകയും, റിസൾട്ട് കൊണ്ടുവരികയും ചെയുന്നുണ്ട്. സപ്ലിമെന്ററി പരീക്ഷ നേരത്തെ നടത്തണം എന്നാണ് ഡിമാന്റ് എങ്കിൽ നമുക്ക് അംഗീകരിക്കാൻ സാധിക്കുമായിരുന്നു. ഇതിൽ മൂല്യ നിർണ്ണയം നേരത്തെ നടത്തണം എന്നാണ് പറയുന്നത്. മൂല്യ നിർണ്ണയം നിലവിൽ നടത്തുന്നത് തന്നെ വളരെ വേഗത്തിൽ ആണ്. അതിലും വേഗത്തിൽ നടത്താൻ സാധിക്കാത്തത് കൊണ്ട് ഈ പ്രമേയം അംഗീകരിക്കാൻ ബുദ്ധിമുട്ട് ഉണ്ട്- ഡോ. ചന്ദ്രമോഹനൻ കെ ടി അറിയിച്ചു.

1.88 6 th sem കഴിഞ്ഞു പാസ്സ് ഔട്ട് ആയ കുട്ടികൾ 4th sem സപ്ലിമെന്റി റിസൾട്ട് വരാത്തത് കൊണ്ട് ഉപരി പഠനം നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കുന്നതിന് വേണ്ടി 6 th sem ന്റെ കൂടെ തന്നെ 4 th sem സപ്ലിമെന്റി

റിസൾട്ട് വന്നു കഴിഞ്ഞാൽ ഉപകാരപ്പെടും എന്ന് ഡോ.വി കെ നിഷ വിശദീകരിച്ചു.

1.89 അത് സ്വീകരിക്കാവുന്ന നിർദ്ദേശമാണെന്ന് ഡോ. ചന്ദ്രമോഹനൻ കെ ടി അറിയിച്ചു.

1.90 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

## Resolution No.18.

**AKHIL K SREEDHAR** moved the resolution

പിന്നോക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളോടും വിവിധ സാമൂഹ്യ സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളോടും അവയ്ക്ക് ഔദ്യോഗികമായി നേതൃത്വം നൽകുന്ന അധ്യാപകരോടും സ്ഥാപനങ്ങളോടും തികച്ചും അനുഭാവപൂർണമായ നിലപാട് സ്വീകരിച്ച്കൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരള സർക്കാർ പൊതുവിൽ ഇടപെടുന്നുണ്ട്.

എന്നാൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട് അനുസരിച്ച് കെ പി സി ആർ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പിന്നോക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കുള്ള ഇ ഗ്രാന്റ്സ് ആനുകൂല്യങ്ങൾ സർക്കാരിന് നിന്ന് കുറച്ച് നാളുകളായി യഥാസമയം ലഭിക്കാത്ത സാഹചര്യമുണ്ട്.

ഇത് മൂലം അത്തരം വിദ്യാർത്ഥികൾക്ക് ആദ്യം പരീക്ഷ ഫീസ് സർവകലാശാലയിൽ അടക്കേണ്ടി വരികയും പിന്നീട് പ്രസ്തുത തുക SC, ST, OEC വിഭാഗം വിദ്യാർത്ഥികൾക്ക് അവരുടെ അകൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത് കൊടുക്കുകയും OBC-അർഹരായ മറ്റ് വിദ്യാർഥികൾ എന്നിവരുടെത് സ്ഥാപനങ്ങളുടെ അകൗണ്ടിലേക്ക് പിന്നീട് ക്രെഡിറ്റ് ചെയ്യുകയും ആണ് ഇപ്പോഴത്തെ രീതി. ഇത് വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും സർവകലാശാലയ്ക്ക് തന്നെയും പ്രയാസങ്ങൾ ഉണ്ടാക്കുന്നു .

കേന്ദ്രസംസ്ഥാന സർക്കാർ ഏജൻസികൾ നൽകേണ്ടുന്ന എൻ സി , സി കേഡറ്റുകൾക്കുള്ള ഫണ്ടും എൻ എസ് എസ് യൂണിറ്റുകൾക്കുള്ള ഫണ്ടും സ്റ്റേറ്റ് സ്പോർട്ട് കൗൺസിൽ വഴി സ്പോർട്ട് ഹോസ്റ്റലിൽ താമസിച്ച് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള മെസ്സ് അലവൻസ് ഫണ്ടും വൈകുന്ന സാഹചര്യവും ഇപ്പോൾ സംജാതമായിട്ടുണ്ട്മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപന സൗഹൃദപരമായി കൃത്യ -അധ്യാപക-ആനുകൂല്യങ്ങളും വിദ്യാർത്ഥി കരിക്കണമെന്ന് സമയത്ത് തന്നെ ലഭ്യമാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീ ഈ പ്രമേയത്തിലൂടെ കേന്ദ്ര സംസ്ഥാന സർക്കർ സംവിധാനങ്ങളോടും അനുബന്ധ .ഏജൻസികളോടും ആവശ്യപ്പെടുന്നു

1.91 ഡോ. ജിതേഷ് കെ ടി പ്രമേയത്തെ പിൻതാങ്ങി.

1.92 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

Resolution No.19.

**SRI RAGASH C** moved the resolution.

I. പെരിങ്ങോം ഗവണ്മെന്റ് കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ആയ ശ്രീ . പ്രവീൺ കുമാർ ഡെവലപ് ചെയ്ത COLLEGEMATE എന്ന സോഫ്റ്റ് വെയർ മുഖേന നിലവിൽ മിക്ക ഗവണ്മെന്റ് കോളേജുകളിലെയും അഡ്മിഷൻ , പരീക്ഷ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട് . ഒരു വിദ്യാർത്ഥി കോളേജിൽ അഡ്മിഷൻ എടുക്കുന്നതുമുതൽ TC എടുക്കുന്നതെ വരെ പ്രസ്തുത വിദ്യാർത്ഥിയുടെ മുഴുവൻ കാര്യങ്ങളും ( അഡ്മിഷൻ , ATTENDANCE , പരീക്ഷ , കോളേജ് തല TC മുതലായവ )കൈകാര്യം ചെയ്യാവുന്ന രീതിയിൽ , കോളേജുകളുടെ ഓഫീസ് പ്രവർത്തങ്ങൾക്ക് ഏറ്റവും ഉപകാര പ്രദമായ രീതിയിലാണ് COLLEGEMATE എന്ന സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തിട്ടുള്ളത് .കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത മുഴുവൻ കോളേജുകളിലും COLLEGEMATE എന്ന സോഫ്റ്റ് വെയർ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നത് ആലോചിക്കാവുന്നതാണ് .

II. FYUGP പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി , വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട വിവരങ്ങൾ തയ്യാറാക്കുന്ന K-REAP എന്ന സോഫ്റ്റ് വെയറിൽ വിവരങ്ങൾ എന്റർ ചെയ്യുന്നതിനും, ആയവ കൈകാര്യം ചെയ്യുന്നതിനും വേണ്ടി, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത മുഴുവൻ കോളേജുകളിലെയും , ബന്ധപ്പെട്ട സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന നോൺ ടീച്ചിങ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകാനുള്ള പദ്ധതി യൂണിവേഴ്സിറ്റി ആരംഭിക്കേണ്ടതാണ് . കൂടാതെ എല്ലാ അധ്യയന വര്ഷത്തിന്റെയും ആരംഭത്തിൽ അഡ്മിഷൻ , പരീക്ഷ ജോലികൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ നോൺ ടീച്ചിങ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകാനുള്ള പദ്ധതിയും യൂണിവേഴ്സിറ്റി ആരംഭിക്കേണ്ടതാണ്. (നിലവിൽ എല്ലാ അധ്യയന വര്ഷത്തിന്റെയും ആരംഭത്തിൽ EGRANTZ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ നോൺ ടീച്ചിങ് വിഭാഗം ജീവനക്കാർക്ക് പട്ടികജാതി വികസന വകുപ്പ് പരിശീലനം നൽകി വരുന്നുണ്ട് , ആയതിന്റെ മാതൃകയിൽ )

1.93 ഡോ ആസിഫ് ഇക്ബാൽ കാക്കശ്ശേരി ടി പ്രമേയത്തെ പിൻതാങ്ങി

1.94 സർക്കാർ സംവിധാനത്തിൽ നിൽക്കുമ്പോൾ ഒരു യൂണിഫോമായിട്ടുള്ള ഒരു തീരുമാനമെ എടുക്കാൻ പറ്റുകയുള്ളു. UGC യുടേത് ഇ-സമർത്ത് പോർട്ടൽ ആണ്. എല്ലാവരും അതിലേക്ക് മാറേണ്ടി വരും. വൈസ് ചാൻസിലർ അറിയിച്ചു.

1.95 സർവ്വകലാശാല FYUGP തുടങ്ങുന്നതിനു മുന്നേ ഒരു ശിൽപ്പശാല നടത്തിയിരുന്നു. FYUGP യു മായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറഞ്ഞത്. കോളേജ് നോൺടീച്ചിങ് സ്റ്റാഫിന് ഇതുവരെ പരിശീലനം കിട്ടിയിട്ടില്ല- രാഗേഷ് സി അറിയിച്ചു.

1.96 പ്രമേയത്തിന്റെ രണ്ടാം ഭാഗം നമുക്ക് അംഗീകരിക്കാം. ഒരു സ്ഥലത്തു മാത്രമായി സോഫ്റ്റ് വെയർ സ്വീകരിക്കാൻ പറ്റുകയില്ല. COLLEGE MATE എന്ന്

പറയുന്ന സോഫ്റ്റ് വെയർ നമ്മുടെ IT ഡയറക്റ്ററേറ്റ് പരിശോധിക്കാൻ ആവശ്യപ്പെടാവുന്ന താണെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

1.97 തീരുമാനം: സെനറ്റ് യോഗം പ്രമേയം (പാർട്ട് II ) അംഗീകരിച്ചു.

## Resolution No.20.

Dr. NISHA V K moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പുതിയ Phd പ്രവേശനത്തിന് അതാത് വർഷം നെറ്റ് പാസ്സായവർക്ക് മാത്രമേ അനുമതി നൽകുന്നുള്ളൂ. അത് കൂടാതെ സർവ്വകലാശാല തലത്തിൽ Phd പ്രവേശനത്തിന് എൻട്രൻസ് പരീക്ഷയും നടത്തുന്നില്ല എന്ന തീരുമാനാമായതായി അറിയുന്നു.കാലിക്കറ്റ്, കേരള സർവ്വകലാശാലകൾ phd പ്രവേശനത്തിന് എൻട്രൻസ് നടത്തുന്നുമുണ്ട്.അതുകൊണ്ട് തന്നെ ഈ കാര്യങ്ങൾ പരിഗണിച്ച് നെറ്റ് പാസ്സായ എല്ലാ എല്ലാ അപേക്ഷകർക്കും പ്രവേശനം നൽകണമെന്നും Net പസ്സാകാത്ത വർക്ക് എൻട്രൻസ് നടത്തണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.98 എൻട്രൻസ് എല്ലാവർക്കും നടത്താൻ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. നെറ്റ് പാസ്സാകാത്ത എല്ലാവരും എൻട്രൻസ് എഴുതണം. ഈ പ്രാവശ്യത്തെ 2024 നെറ്റ് റിസൾട്ട്, അതുപോലെ ജനുവരിയിലെ നെറ്റിന്റെ റിസൾട്ടും വരുന്ന്ണ്ട് അതും പരിഗണിക്കാൻ പറ്റുന്ന ഒരു സാഹചര്യമാണ് . നെറ്റ് പാസ്സായ എല്ലാവരും ഇപ്പോഴത്തെ UGC യുടെ പ്രസന്റ് NET പാസ്സായ എല്ലാവരും PhD യിൽ അർഹരായ എല്ലാവരും അഡ്മിഷന് വേണ്ടി പരിഗണിക്കുന്നതാണ് UGC യുടെ മാനദണ്ഡം അനുസരിച്ചു പഴയ നെറ്റുകാരെ PhD അഡ്മിഷന് പരിഗണിക്കാൻ പാടില്ല എന്ന് പറഞ്ഞു ക്ലിയർ direction UGC തന്നിട്ടുണ്ട്. അവർക്ക് ഈ പ്രാവശ്യത്തെ NET എഴുതി യോഗ്യത നേടാം. അല്ലെങ്കിൽ ഡയറക്ട് എക്സാം എഴുതാം. എക്സാം ഫെബ്രുവരിയിൽ നടത്താൻ നിർദേശം കൊടുത്തിട്ടുണ്ട്. ഫെബ്രുവരി 28 എല്ലാ Ph. D അഡ്മിഷനും ക്ലോസ് ചെയ്യാം.

1.99 നോട്ടിഫിക്കേഷൻ വന്നതിയിട്ട നമ്മൾ അറിയില്ല. നമ്മുടെ ഒരു ആവശ്യം ഇത്തരത്തിൽ Net പാസ്സായവരെ ഒഴിവാക്കണം എന്ന് പറഞ്ഞു കൊണ്ട് UGC ക്ക് ഒരു ലെറ്റർ പോകാൻ വേണ്ടി പറ്റുമോന്നുള്ളതാണ്- ഡോ.വി കെ നിഷ അറിയിച്ചു.

1.100 പഴയ Net കാരുടെ ക്വാളിഫിക്കേഷൻ എടുക്കാൻ പാടില്ലാന്ന് UGC വളരെ വ്യകത്മായി പറഞ്ഞിട്ടുണ്ട്. UGC യുടെ നിർദ്ദേശവും വന്നുട്ടുണ്ട്. അവർക്ക് ഇപ്പോൾ ചെയ്യാൻ പറ്റുന്നത് എക്സാം എഴുതി പാസ്സാകുക എന്നതാണ് - വൈസ് ചാൻസിലർ അറിയിച്ചു.

1.101 പ്രമേയത്തിൻ മേൽ അഖിൽ കെ ശ്രീധർ, ഡോ.ആസിഫ് ഇക്ബാൽ കാക്കശ്ശേരി എന്നിവർ സംസാരിച്ചു.

1.102 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.21.

**Dr .SUDHA AZHEEKODAN** moved the resolution

കണ്ണൂർ സർവകലാശാല കേന്ദ്രീകരിച്ച് ഒരു അക്കാഡമിക് ലൈബ്രറി നെറ്റ്വർക്ക് രൂപീകരിക്കുക.

കണ്ണൂർ സർവകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലെയും കോളേജുകളിലെയും ലൈബ്രറികളെ വെബ് നെറ്റ് വർക്കിലൂടെ ബന്ധിപ്പിച്ചുകൊണ്ട് അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക് രൂപീകരിക്കുന്നത് സർവ്വകലാശാലയിലെ ഗവേഷകർ, അധ്യാപകർ, വിദ്യാർഥികൾ എന്നിവരടങ്ങിയ അക്കാഡമിക് സമൂഹത്തിനു വളരെ പ്രയോജനകരമായിരിക്കും.

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കാൻ സാധിക്കുന്ന ലൈബ്രറി നെറ്റ് വർക്കിലുടെ, അംഗ ലൈബ്രറികളുടെ പങ്കാളിത്തത്തിൽ വിശാലമായ വൈജ്ഞാനിക ശേഖരത്തിലേക്കുള്ള പ്രവേശനം ഉപയോക്താക്കൾക്ക് ലഭിക്കുന്നു.

നെറ്റ് വർക്കിലെ ഓരോ അംഗ ലൈബ്രറികളുടെ മെഷീൻ റീഡബിൾ ഫോമിലുള്ള കാറ്റലോഗ് സംയോജിപ്പിച്ച് ഒരു കേന്ദ്രീകൃത കാറ്റലോഗ് തയ്യാറാക്കുന്നു. അത് ആ ലൈബ്രറികളുടെ സംയോജിത ശേഖരത്തിലുള്ള സൂചികയായി വർത്തിക്കുന്നു. ഇത് വഴി ഇന്റർ ലൈബ്രറി ലോൺ, ഡോക്യുമെന്റ് ഡെലിവറി സർവീസ് ഉൾപ്പെടെയുള്ള ആധുനിക സേവനങ്ങൾ നൽകുവാൻ സാധിക്കുന്നു.

വൈജ്ഞാനിക ജനകീയവത്കരണത്തിനും അക്കാദമിക് മികവിനും സഹായകരമാകുന്ന കണ്ണൂർ സർവകലാശാല കേന്ദ്രീകരിച്ച് ഒരു അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് രൂപീകരിക്കണമെന്ന് സർവകലാശാല അധികൃതരോട് ആവശ്യപ്പെടുന്നു.

1.103 ഡോ. സീത കക്കോത്ത് ടി പ്രമേയത്തെ പിൻതാങ്ങി.

1.104 one nation one subscription പദ്ധതി നിലവിലുള്ള സാഹചര്യത്തിൽ ഈ പ്രമേയം ആവശ്യകത ഇല്ല എന്ന് വൈസ് ചാൻസിലർ അറിയിച്ചു.

1.105 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.22.

**Dr . SHINO P JOSE** moved the resolution

യു ജി സി ആവശ്യപ്പെട്ടത് പ്രകാരം സർവകലാശാലയുടെ നിർദേശം അനുസരിച്ച് കണ്ണൂർ സർവകലാശാലയിലെ ബി ബി എ കോഴ്സുകൾ എല്ലാം എ ഐ സി ടി ഇ അംഗീകാരം നേടിയിരിക്കുന്നു. എന്നാൽ നാലു വർഷ ബിരുദം ആരംഭിച്ചപ്പോൾ രണ്ട് സെമസ്റ്റർ സിലബസ് മാത്രമേ മാനേജ്മെന്റ് സ്റ്റഡീസ് പഠന ബോർഡ് രൂപീകരിച്ച് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളു എന്നാൽ എ ഐ സി ടി ഇ

മികച്ച നിലവാരമുള്ള മോഡൽ സിലബസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്പഠന ബോർഡ് . സമയബന്ധിതമായി സിലബസ് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ എ ഐ സി ടി ഇ മോഡൽ സിലബസ് സർവകലാശാലയിൽ നടപ്പിൽ വരുത്തുവാൻ പ്രസ്തുത പഠന ബോർഡിനോട് നിർദേശം നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.106 അക്കാദമിക്ക് കൗൺസിലിൽ തീരുമാനം ആയതിനാൽ പ്രമേയം പിൻവലിക്കുന്നു- ഡോ.ഷിനോ പി ജോസ് അറിയിച്ചു.

1.107 തീരുമാനം: പ്രമേയം പിൻവലിച്ചു.

## Resolution No.23.

**<u>P S SANJEEV</u>** moved the resolution

വിദ്യാർത്ഥി സേവനങ്ങൾ (സർട്ടിഫിക്കറ്റ്, പരീക്ഷാ നടത്തിപ്പ്) ഉൾപ്പെടെയുള്ള കാര്യങ്ങൾ വൈകുന്നതും വിദ്യാർത്ഥികളെ വലിയ രീതിയിൽ ബാധിക്കുന്നു. അതുപോലെ നിശ്ചിത ദിവസ ഇടവേളകളിൽ പരീക്ഷ നടത്തണം എന്ന ചട്ടം നിലനിൽക്കെ മതിയായ ഇടവേളകൾ, പ്രവൃത്തിദിവസങ്ങൾ ഇല്ലാതെ പരീക്ഷ നടത്തുന്നതും പരിശോധിക്കപ്പെടണം .

1.108 ഈ പ്രമേയത്തിൽ ആദ്യം പറഞ്ഞ കാര്യത്തെ വിദ്യാർത്ഥി സേവനങ്ങൾ സർട്ടിഫിക്കറ്റ് അടക്കമുള്ള സേവനങ്ങൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാകണം എന്ന കാര്യത്തിൽ സംശയമില്ല. അതിനുള്ള ശ്രമങ്ങൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ട് .അതുകൂടാതെ പരീക്ഷ ഇടവേളകളില്ലാതെ നിശ്ചിത ഇടവേളകളില്ലാതെ നടത്തുന്നു എന്നുള്ളത് അംഗീകരിക്കാൻ സാധിക്കില്ല കാരണം നമ്മൾ വളരെ കൃത്യമായ ഒരു അക്കാദമിക് എക്സാമിനേഷൻ കലണ്ടറിലെ ബേസ് ചെയ്തുകൊണ്ടാണ് അക്കാദമിക പരീക്ഷ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നത്. അതിൽ വളരെ അപൂർവം അവസരങ്ങളിൽ മാത്രമേ പരീക്ഷകൾ നമ്മൾ മാറ്റിവെക്കാറുള്ളു. അത് പ്രകൃതി ദുരന്തങ്ങളുടെ ബന്ധപ്പെട്ട വിഷയങ്ങൾ വരുമ്പോൾ മാത്രമാണ് അങ്ങനെയുള്ള രീതിയിൽ ക്ളാസുകൾ നഷ്ടപ്പെടുമ്പോൾ ആ ക്ളാസുകൾ compensate ചെയ്യണം എന്നുള്ളത് അത് കളക്ടറുടെ ഓർഡറിൽ ഉണ്ടാകാറുണ്ട് അത് കൂടാതെ അക്കാദമിക് കലണ്ടറിന്റെ ഭാഗമായിട്ട് തന്നെ നമ്മുടെ അക്കാദമിക് ദിവസങ്ങൾ നഷ്ടപ്പെടുന്ന ദിവസങ്ങൾ മറ്റ് ബദൽ മാർഗങ്ങളുപയോഗിച്ച് കൊണ്ട് പരിഹരിക്കപ്പെടണം എന്നുള്ളത് അക്കാദമിക് കലണ്ടറിന്റെ ഭാഗമായിട്ട് വരുന്നതാണ്. കാരണം നമ്മൾ നഷ്ടപ്പെടുന്ന അധ്യയന ദിവസങ്ങൾക്കനുസരിച്ച് നമ്മുടെ സെമസ്റ്റർ നീട്ടിക്കൊണ്ടു പോയിക്കഴിഞ്ഞാൽ നമുക്ക് വളരെ കൃത്യമായ രീതിയിൽ കോഴ്സ്

പൂർത്തികരിക്കാൻ സാധിക്കുകയില്ല എന്നുള്ളൊരു വിഷയം വരും. അതുകൊണ്ട് തന്നെ അത് കൃത്യമായ അക്കാദമിക് പരീക്ഷാ കലണ്ടർ പ്രകാരമാണ് പോകുന്നത്. നഷ്ടപ്പെടുന്ന അധ്യയന ദിവസങ്ങൾ ക്ക് ബദലായി ശനിയാഴ്ചകളിലടക്കം ക്ളാസുകൾ നടത്തണം എന്നുള്ളത് കളക്ടറുടെ ഉത്തരവാണ്. അതുകൂടാതെ online സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടും അത് തീർക്കാൻ സാധിക്കും. സെമസ്റ്റർ സമയ ബന്ധിതമായി പോകണമെങ്കിൽ ഈ നിലയ്ക്ക് മാത്രമേ സാധിക്കുകയുള്ളു അതിനനുസരിച്ചാണ് നമ്മൾ പോകുന്നത്. അതുകൊണ്ട് തന്നെ കുട്ടികളുടെ സർട്ടിഫിക്കറ്റ് അടക്കമുള്ള കാര്യങ്ങൾ സമയബന്ധിതമായി ലഭ്യമാകണം എന്നുള്ളത് അംഗീകരിക്കണം മറ്റേത് അങ്ങനെ അല്ലാത്തത്കൊണ്ട് ആ ഭാഗം നീക്കം ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയാണ്- ഡോ.ചന്ദ്രമോഹൻ കെ ടി വിശദീകരിച്ചു.

1.109 ആര്യ കെ ടി പ്രമേയത്തെ പിൻതാങ്ങി.

1.110 തീരുമാനം: സെനറ്റ് യോഗം പ്രമേയം മോഡിഫിക്കേഷനോടെ അംഗീകരിച്ചു.

## Resolution No.24.

**<u>Dr. ASIF IQBAL KAKKASSERY</u>** moved the resolution

കാസറഗോഡ് ഗവൺമെൻറ് കോളേജിലെ രണ്ട് വിദ്യാർത്ഥികൾക്ക് സ്നേഹ (മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനി), വിഷിത (ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനി)] കബഡി പരിശീലനത്തിന്റെ ഭാഗമായി പരിക്കേൽക്കുകയും ചികിത്സക്കായി വലിയ തുക മുടക്കേണ്ടി വരികയും ചെയ്തു .മറ്റൊരു വിദ്യാർത്ഥിക്ക് ഫുട്ബോൾ പ്രാക്റ്റീസുമായി ബന്ധപ്പെട്ടു പരിക്കേൽക്കുകയും ചികിത്സ തേടേണ്ടി വരികയും ചെയ്തിട്ടുണ്ട്. ഇ കെ നായനാർ മെമ്മോറിയൽ ഗവണ്മെന്റ് കോളേജ് എളേരിത്തട്ടിലും കഴിഞ്ഞ വർഷം കബഡി പരിശീലനത്തിൽ അപകടം പറ്റിയ കുട്ടിക്ക് സാമ്പത്തിക സഹായം നൽകേണ്ടി വന്നിരുന്നു സമാനമായ സംഭവങ്ങൾ മറ്റ് അഫിലിയേറ്റഡ് കോളേജുകളിലും സംഭവിക്കുന്നുണ്ട്. കലോത്സവ വേദികളിലും ചികിത്സക്കായി കുട്ടികളുമായുള്ള ഓട്ടവും നിരന്തര കാഴ്ചയാണ്. പലപ്പോഴും ഇത്തരത്തിൽ അത്യാഹിത സംഭവങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ അടിയന്തിരമായി പണപ്പിരിവ് നടത്തി വിദ്യാർത്ഥികളെ സഹായിക്കാൻ ശ്രമങ്ങൾ നടന്നു വരുന്നതായാണ് കാണുന്നത്. നല്ല ഉദ്ദേശത്തോടു കൂടിയുള്ള ഇടപെടലുകൾ ആണെങ്കിലും, സഹായ നിധി രൂപപ്പെടുത്തുന്നതുൾപ്പെടെ ഉള്ള കാര്യങ്ങൾ ചികിത്സ തേടുന്നതിന് മറ്റുള്ളവരുടെ സഹായം കാത്തു നിൽക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു.

വിദ്യാര്ഥികളുടെ ആത്മാഭിമാനം സംരക്ഷിക്കുന്നത് മുൻ നിർത്തിക്കൊണ്ട് തന്നെ ഇതിനു ആവശ്യമായ പരിഹാരം കാണേണ്ടതുണ്ട് പ്രായോഗിക കാരണങ്ങളാൽ നേരത്തെ ആരംഭിക്കാൻ ശ്രമിച്ച ഇൻഷുറൻസ് സ്കീം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നെങ്കിലും, അടുത്ത അധ്യയന വർഷം മുതൽ

സർവകലാശാലയിലും അഫിലിയേറ്റഡ് കോളേജുകളിലും അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് നിർബന്ധമായും ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.111 Group insurance നടപ്പിലാക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടായിരുന്നു അത് നടപ്പിലാക്കാൻ നോക്കുന്നുണ്ട്-വൈസ് ചാൻസിലർ അറിയിച്ചു.

1.112 ഡോ. ബിന്ദു .കെ പ്രമേയത്തെ പിൻതാങ്ങി.

1.113 തീരുമാനം: സെനറ്റ് യോഗം പ്രമേയം അംഗീകരിച്ചു.

## Resolution No.25.

BUSHRA N moved the resolution

കോവിഡ് കാലത്തു Ph.D സമർപ്പിക്കേണ്ട ഗവേഷകർക്ക് യൂണിവേഴ്സിറ്റി അധിക സമയം അനുവദിച്ചിരുന്നു . എന്നാൽ കോവിഡ് കാലത്തു Ph.D ചെയ്തുകൊണ്ടിരുന്ന, പിന്നീട് സബ്മിറ്റ് ചെയ്യേണ്ടവർക്ക് ഈ എക്സ്റ്റൻഷൻ ലഭിച്ചിരുന്നില്ല. ഗവേഷക സൗഹൃദപരമായി പരിഗണിച്ചു പ്രസ്തുത ആനുകൂല്യം അവർക്ക് കൂടി ലഭ്യമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപെടുന്നു.

1.114 ഡോ.ദിനേശ്.ടി പ്രമേയത്തെ പിൻതാങ്ങി.

1.115 .UGC യുടെ റൂൾ പ്രകാരം ചെയ്യാൻ പറ്റുന്നതെല്ലാം ചെയ്യും. അത്രയെ ഡിസിഷൻ എടുക്കാൻ പറ്റു. യൂണിവേഴ്സിറ്റിക്ക് സെപറേറ്റ് ആയി ഒന്നും ചെയ്യാൻ പറ്റുകയില്ല എന്തെങ്കിലും Special case ആയിട്ട് വന്നിനോ എന്നറിയില്ലപറഞ്ഞിരി .ക്കുന്ന കാര്യം എല്ലാം ചെയ്തിട്ടുണ്ട്.-വൈസ് ചാൻസിലർ അറിയിച്ചു

1.116 .Female ആയിട്ടുള്ള ഗവേഷകർക്ക് 2 വർഷം extension കിട്ടിയിട്ടുണ്ട്.-ശ്രീ. ബുഷാറ എൻ. അറിയിച്ചു.

1.117 Central UGC യിൽ നിന്ന് വന്നിരിക്കുന്ന മാനദണ്ഡം അനുസരിച്ച് നമുക്ക് എന്താണ് എന്ന് വിചാരിച്ചാൽ ചെയ്യാം. അതിൽ അത്രയെ ഡിസിഷൻ എടുക്കാൻ പറ്റു -വൈസ് ചാൻസിലർ അറിയിച്ചു.

1.118 UGC യിലേക്ക് യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന് കത്ത് പോകാൻ പറ്റുമോ. കോവിഡ് കാലത്ത് Ph.D ചെയ്തുകൊണ്ടിരിക്കുന്നവർക്ക് കോവിഡിൻറെ ആനുകൂല്യം കിട്ടിയിട്ടുണ്ടായിരുന്നില്ല. ആ സമയത്ത് സബ്മിറ്റ് ചെയ്യേണ്ടവർക്ക് മാത്രമേ കോവിഡിൻറെ ആനുകൂല്യം കിട്ടിയിട്ടുള്ളൂ .-ശ്രീ. ബുഷാറ എൻ. അറിയിച്ചു

1.119 UGC റെപ്രെസെന്റ് ചെയ്യണമെന്ന് പ്രമേയം മോഡിഫൈ ചെയ്യൂ-വൈസ് ചാൻസലർ നിർദ്ദേശിച്ചു.

1.120 തീരുമാനം: സെനറ്റ് യോഗം പ്രമേയം UGC റെപ്രെസെന്റ് ചെയ്യണമെന്ന് മോഡിഫിക്കേഷനോടെ അംഗീകരിച്ചു.

Resolution No.26.

Dr.Bindu K moved the resolution

എഫ് വൈ യു ജി പി യിൽ മൈനർ, എം ഡി സി എന്നിവയിലേക്ക് കുട്ടികളെ പ്രവേശിപ്പിക്കുന്നത്, പ്ലസ് ടു മാർക്ക്, സീറ്റ് മെട്രിക്സ്, സംവരണം എന്നീ മാനദണ്ഡങ്ങളും ആവശ്യമെങ്കിൽ കൗൺസിലിംഗും നടത്തിയാവണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.121 ഡോ.ആസിഫ് ഇക്ബാൽ കാക്കശ്ശേരി ടി പ്രമേയത്തെ പിൻതാങ്ങി.

1.122 മറ്റു മാനദണ്ഡങ്ങളൊന്നുമില്ലാതെ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചാണ് എം ഡി സി അനുവദിക്കേണ്ടതെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

1.123 ഡോ.ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ.ചന്ദ്രമോഹൻ കെ ടി വിശദീകരിച്ചു.ശ്രീ.പ്രമോദ് കുമാർ കെ., ശ്രീമതി. സുകന്യ എൻ, ഡോ ഗംഗാധരൻ എൻ, മുഹമ്മദ് അഷിഫാസ് സി എച്ച് എന്നിവർ ചർച്ചയിൽ പങ്കെടുത്തു

1.124 തീരുമാനം: സെനറ്റ് യോഗം പ്രമേയം FYUGP കമ്മിറ്റിയിലേക്ക് റെഫർ ചെയ്തു .

Resolution No.27.

FARHANA T P moved the resolution

നാലു വർഷ ഡിഗ്രി കോഴ്സുകളുടെ ഓഡ് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം അതാത് കോളേജുകളിൽ വെച്ചാണ് നടത്തുന്നത്. എന്നാൽ മൂല്യ നിർണയത്തിനുള്ള ക്യാമ്പ് ഫീ ഇനത്തിൽ സർവകലാശാല ഒരു വിദ്യാർത്ഥിയിൽ നിന്നും 200 രൂപ വെച്ച് ഈടാക്കുന്നുണ്ട്. സർവകലാശാല നൽകാത്ത സേവനത്തിന് നിയമ വിരുദ്ധമായി ഈടാക്കുന്ന കോർഡിനേഷൻ ഫീസ് നിർത്തലാക്കണമെന്ന് പ്രേമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.125 സൂര്യ അലക്സ് പ്രമേയത്തെ പിൻതാങ്ങി.

1.126 FYUGP യുടെ മൂല്യനിർണയം കോളേജുകളിൽ വെച്ചാണ് നടക്കുന്നത് . മൂല്യനിർണ്ണയത്തിന് സി വി ക്യാമ്പ് എന്ന നിലയിൽ ആണ് 200 രൂപ വാങ്ങിയത്. ഇപ്പോൾ കോർഡിനേഷൻ ഫീ എന്നുള്ള നിലയിലാണ് 200 രൂപ വാങ്ങുന്നത് ക്യാമ്പ് കോളേജുകളിൽ സങ്കടിപ്പിക്കുന്നതിനു കോളേജുകൾക്ക് ചിലവാകുന്നതുക അടക്കം കൊടുക്കാനുള്ള ചർച്ച ഇപ്പോൾ നടക്കുന്നുണ്ടെന്നും കോർഡിനേഷൻ ഫീ എന്ന നിലയിൽ പിരിക്കുന്ന 200 രൂപയ്ക്ക് അതിന്റേതായ ചിലവുകൾ ഉണ്ടെന്നും .ഈ സാഹചര്യത്തിൽ ഈപ്രമേയം അംഗീകരിക്കാൻ പറ്റില്ലാ എന്നും സിണ്ടിക്കേറ്റ് അംഗം ശ്രീ.ചന്ദ്രമോഹൻ കെ ടി അഭിപ്രായപ്പെട്ടു

1.127 കോളേജിൽ മൂല്യ നിർണയം നടക്കുമ്പോഴും യൂണിവേഴ്സിറ്റിയിൽ മൂല്യനിർണയം നടക്കുമ്പോഴും ഒരേ ഫീസ് തന്നെയാണ് വാങ്ങിക്കുന്നത്. നിലവിൽ FYUGP സെമസ്റ്റർ മൂല്യനിർണയം അതാത് കോളേജുകകിൽ വെച്ച് നടക്കുന്നതിനാൽ അധ്യാപകർക്ക് റെമ്യൂണറേഷൻ പോലുംകൊടുക്കേണ്ടതില്ലെന്നും സർപ്രൈസ് വിസിറ്റ് എന്ന നിലയിൽ മാത്രമാണ് റെമ്യൂണറേഷൻ കൊടുക്കുന്നത് ഈ സാഹചര്യത്തിൽ 200 രൂപ എന്നുള്ളത്കുറച്ചുകൊണ്ട് ആവശ്യമായ തുക മാത്രം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്നതിലെ എന്ന് ഫർഹാന ടി പി ആവശ്യപ്പെട്ടു.

1.128 സിണ്ടിക്കേറ്റ് അംഗം ശ്രീ. ചന്ദ്രമോഹനൻ കെ ടി പരീക്ഷ നടത്തിപ്പിന്റെ ചിലവുകൾ വിശദമായി വിവരിച്ചു

1.129 കഴിഞ്ഞ വർഷത്തെ കണക്ക് പ്രകാരം ഒൻപത് കോടി രൂപ പരീക്ഷനടത്തിപ്പിന് യൂണിവേഴ്സിറ്റിയ്ക്ക് അധിക ചിലവ് വന്നിട്ടുണ്ട്. അങ്ങനെയൂണിവേഴ്സിറ്റിക്ക് നിലനിന്നും പോരാൻ കുറിച്ച ബുദ്ധിമുട്ടാണെന്നുംനിലവിൽ എം ജി സർവകലാശാലയും കണ്ണൂർ സർവകലാശാലയുംമാത്രമാണ് ഫീസ് കൂട്ടാത്ത രണ്ട് യൂണിവേഴ്സിറ്റികളെന്നും ബഹുമാനപെട്ടചെയർ അഭിപ്രായപ്പെട്ടുനിലവിൽ പരീക്ഷാനടത്തിപ്പിനാണ് ഏറ്റവും കൂടുതൽ ചിലവ് വന്നത്. ഭാവിയിൽ ഓൺലൈൻ ആക്കി കഴിയുമ്പോൾ ഈ ചിലവുകളൊക്കെപരിഹരിക്കാൻ പറ്റുന്നതാണെന്നും രണ്ട മൂന്ന് മാസം ഇതിന്റെനടത്തിപ്പിനൊക്കെ ആവശ്യമാണെന്നും അതിനുശേഷം പരിഗണിക്കാമെന്നും ചെയർ അറിയിച്ചു

1.130 മുഹമ്മദ് അഷിഫാസ് സി എച്ച്, മുഹമ്മദ് ഹസീബ് ടി കെ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.131 സിണ്ടിക്കേറ്റ് കമ്മിറ്റിയുടെ വിശദമായ പഠനത്തിനായി വിഷയം റെഫർ ചെയ്തു

അടിയന്തര പ്രമേയം

സെനറ്റ് അംഗം ഡോ:നിഷ വി കെ അടിയന്തര പ്രമേയം അവതരിപ്പിച്ചു

## UGC കരട് മാർഗരേഖ പിൻവലിക്കുക

2025 ജനുവരി 6 ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ കരട് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ വലിയ തോതിൽ ആശങ്കകൾ ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രമേയം സെനറ്റു യോഗത്തിൽ അവതരിപ്പിക്കുന്നത്.

1977-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഉന്നത വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റപ്പെട്ടെങ്കിലും സർവകലാശാലകളുടെ

സ്ഥാപനം, മേൽനോട്ടം എന്നിവയിൽ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിന്റെ അനുസൃതമായി അധികാരം സംസ്ഥാനങ്ങൾക്ക് തന്നെയാണ്.

നേരത്തെ ഡോ. ബി.ആർ. അംബേദ്കർ രേഖപ്പെടുത്തിയതുപോലെ, കേന്ദ്രത്തിന്റെ ഉത്തരവാദിത്തവും ഗുണനിലവാരവും ഏകോപനവും ഉറപ്പാക്കുക മാത്രമാണ്. എന്നാൽ, 2025 ലെ മാർഗരേഖകളിൽ സംസ്ഥാനങ്ങളെ മാറ്റിനിർത്തി വൈസ് ചാൻസലർ നിയമനമടക്കമുള്ള കാര്യങ്ങളിൽ പരമാധികാരം കേന്ദ്രത്തിന് കൈമാറിയിട്ടുള്ളതും ജനാധിപത്യത്തിനെതിരായ നീക്കമാണ്.

സർവകലാശാലകളുടെ ചെലവിന്റെ 80% സംസ്ഥാനങ്ങൾ വഹിക്കുന്ന സാഹചര്യത്തിൽ, വിദ്യാഭ്യാസ രംഗത്തെ ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കാൻ ഈ മാർഗരേഖകൾ പുനഃപരിശോധിക്കണമെന്നും സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന വിധത്തിൽ പുതിയ മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കണമെന്നും ഈ സെനറ്റ് യോഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

1.132 ഇങ്ങനെയൊരു പ്രമേയം അംഗീകരിക്കേണ്ടതിൻറെ ആവശ്യം ഇല്ലെന്നും യു.ജി.സി കരട് മാർഗരേഖ മാത്രമാണ്തയ്യാറാക്കിയതെന്നും ഇതിനെതിരെ സെനറ്റ് അംഗങ്ങൾക്ക് വേണമെങ്കിൽ യു ജി സി യെയോ മറ്റു അതോറിറ്റികളെയോ സമീപിക്കാവുന്നതാണ് എന്ന് പ്രൊഫ. കെ. ഗംഗാധരൻ അഭിപ്രായപെടുകയും അദ്ദേഹം പ്രമേയത്തോട് വിയോജിപ്പും രേഖപ്പെടുത്തി

1.133 ഈ അടിയന്തിര പ്രമേയത്തെ പൂർണമായും പ്രതിരോധിക്കുന്നു. ഈ പ്രമേയം ഒരു രീതിയിലും അംഗീകരിക്കാൻ പാടില്ല -പ്രൊഫ. സോമൻ പി വിയോജിപ്പ് രേഖപ്പെടുത്തി

1.134 ഇത് സംസ്ഥാനത്തിന്റെ വിഷയമാണ് വിദ്യാഭ്യാസം 56 കേന്ദ്രസർവ്വകലാശാലകളും, 481 സംസ്ഥാന സർവ്വകലാശാലകളും നിലവിൽ ഉണ്ട് സംസ്ഥാനങ്ങൾ ഇതിനെതിരെ പ്രമേയം പാസാക്കിയിട്ടുണ്ട്. സർവകലാശാല വൈസ് ചാൻസലറെ മാത്രമല്ല അധ്യാപകരെയും അനധ്യാപകരെയും നിയമിക്കാനുള്ള അവകാശം കരട് നിർദ്ദേശത്തിൽപെടുമ്പോൾ നമ്മുടെ സർവ്വകലാശാലകൾ ഇനിയെന്ത് എന്നുള്ളത് വളരെ മുഖ്യമായ ഒരു സാമൂഹിക പ്രശ്നമാണെന്നും കൂടാതെ മതനിരപേക്ഷ സമ്പന്നമായ വിദ്യാഭ്യാസ സംസ്കാരത്തിനുള്ള ഒരു ഭീഷണിയാണിതെന്നും ഈ പ്രമേയം അംഗീകരിക്കണമെന്നും ശ്രീ. കാരായി രാജൻ സി അഭിപ്രായം രേഖപ്പെടുത്തി.

1.135 ഇത് കരട് ഡ്രാഫ്റ്റ് റെഗുലേഷൻ ആണ്. ഇത് എല്ലാ അംഗങ്ങൾക്കും അഭിപ്രായം പറയാൻ അയച്ചു കൊടുത്തിട്ടുണ്ട്.. ബഹു:ചാൻസിലർ എല്ലാ വൈസ് ചാൻസിലർ മാർക്കും അഭിപ്രയതിനായി അയച്ചിട്ടുണ്ട്. ഇതിൽ ആരോപണം ഉന്നയിക്കപ്പെട്ട പ്രധാന വിഷയമായ വൈസ് ചാൻസിലറുടെ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയിലേക്ക് അംഗങ്ങളെ

തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡത്തിനു മുൻപ് ഇറങ്ങിയ (UGC 2006, 2010. 2018 ) റെഗുലേഷനുകളിൽ നിന്നും ഒരു മാറ്റവും സംഭവിച്ചിട്ടില്ല.

1.136 ഈ കരട് അധികാരത്തിന്റെ കേന്ദ്രീകരണമാണെന്നും അതിനാൽ ഈ കരട് തന്നെ പിൻവലിക്കേണ്ടതാണെന്നും ചർച്ചയിൽ പങ്കെടുത്തതുകൊണ്ടു കൊണ്ട് സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ചെയർമാൻ പ്രൊഫ ജെ പ്രസാദ് അഭിപ്രായപ്പെട്ടു.

1.137 അഡ്വ കരുണാകരൻ നമ്പ്യാർ, സാജു പി ജെ, ഡോ ഷിനോ പി ജോസ്, ഡോ പ്രേമചന്ദ്രൻ കീഴോത്ത്, വൈഷ്ണവ് മഹേന്ദ്രൻ, പി എസ് സഞ്ജീവ് ,ശ്രീമതി സുകന്യ എൻ, ഡോ പ്രജിത, ഡോ പ്രമോദ്കുമാർ കെ വി, രാജൻ കെ പി എന്നിവർ ചർച്ചയിൽ പങ്കെടുത്തു

1.138 ഭൂരിപക്ഷ അഭിപ്രായത്തോടെ പ്രമേയം (ADJOURNMENT MOTION) സെനറ്റ് യോഗം അംഗീകരിച്ചു

1.139 ബാക്കി അജണ്ട അടുത്ത സെനറ്റ് യോഗത്തിൽ പരിഗണിക്കാം എന്ന് വൈസ് ചാൻസിലർ അറിയിച്ചു.

1.140 സെനറ്റ് യോഗം 1:10 PM അവസാനിച്ചു .

വൈസ് ചാൻസിലർ